# പ്രരോദനം.

എൻ. കുമാരനാശാൻ.

V. V. Press, Quilon.

# പ്രരോദനം.

എ. ആർ. രാജരാജവർമ്മ

കോയിത്തമ്പുരാൻ തിരുമനസ്സിലെ ദേഹവിയോഗസ്മാരകമായ

ഒരു ഖണ്ഡകാവ്യം.

എൻ. കുമാരനാശാൻ.

—:*:—

൨-ാം പതിപ്പ്-കാപ്പി—൧൦൦൦.

എസ്സ്. ആർ. ബുക്ക്ഡിപ്പോ
തിരുവനന്തപുരം.

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം
കൊല്ലം.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

൧൦൯൪.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സമർപ്പണം.

---

സ്മരാമി രാജരാജസ്യ
തൈർഗ്ഗുണൈർമ്മഹതഃ കവേഃ
ചേതസാദൃശദ്ദുഃഖേന
സ്വർഗ്ഗപ്രതിനവാതിഥേഃ

ഇദം സുധായേതവചോദ്യ
        യസ്യമേ
സ്രുതാശ്രു തിക്താക്ഷര
        മാത്മസംശ്രയാദ്
ഇതിസ്വയം തൽപദ
        ഏവചാർപ്പിതാം
കൃതാർത്ഥയിഷ്യാമി കൃതിം
        നവാമിമാം.

സൌഹാർദ്ദാദിതരേതരവ്യതി-
        കരസ്സമ്പദ്യതേ ദേഹിനാം
യൽകേനാപിചസന്നികർഷയതിയം
        സാതസ്യസംബന്ധിതാ;
മിത്രംവാക്കൃപണം ജനോയമഥവാ
        ശിഷ്യോഭവേദ്ഗൌരവാ-
ദ്ദത്തേത്വദ്വിരഹപ്രവർത്തിനമിമം
        തേ ദേവ, ബാഷ്പാഞ്ജലിം.

*N. K. A.*

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മുഖവുര.

ഏഴുകൊല്ലം മുമ്പു്-'നളിനി' എഴുതിത്തീൎന്നകാലത്തു-മാത്രമാണു് പ്രൊഫസർ ഏ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻതിരുമനസ്സുമായി ആദ്യമായി മുഖപരിചയമാവാൻ എനിക്കു യോഗമുണ്ടായതു്. ഏതാണ്ടു ൧൦-കൊല്ലങ്ങൾക്കുമുമ്പു് ഞാൻ വിദേശങ്ങളിൽ വിദ്യാഭ്യാസംചെയ്തു താമസിച്ചിരുന്ന കാലത്തുതന്നെ ഇദ്ദേഹത്തിന്റെ കേരളപാണിനീയത്തേയും മേഘദൂതതൎജ്ജിമയേയും മററും പററി കണ്ടുംകേട്ടും അറിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ അന്നവയിൽ ഒക്കെ നേരുപറഞ്ഞാൽ ഒരനാസ്ഥയായിരുന്നു എനിക്കു തോന്നിയിരുന്നതു്. കാരണം പ്രധാനമായും അദ്ദേഹത്തിന്റെ യോഗ്യതയിൽ അപ്പോൾ എനിക്കുണ്ടായിരുന്ന വിപ്രതിപത്തിതന്നെ ആയിരിക്കണം. സവ്കലാശാലാമുഖേന സംസ്കൃതബിരുദങ്ങൾ സമ്പാദിക്കുന്നവരുടെ പാണ്ഡിത്യത്തിന്റെ അപൂൎണ്ണതയേയും ഉപരിപ്ലവതയേയും അടിസ്ഥാനമാക്കിയുള്ള ഒരു പുച്ഛരസം "ഗുരുകുലക്ലിഷ്ട"ന്മാരായ സംസ്കൃതവിദ്വാന്മാരുടെ ഇടയിൽ ഇന്നും സാധാരണമാണെന്നുള്ളതു് രഹസ്യമല്ല. സംസൎഗ്ഗംകൊണ്ടു് ആ സാംക്രമികരോഗം ശിഷ്യപരമ്പരയിലും പടൎന്നുപിടിക്കുന്നു. എന്നാൽ ഈ വിധി കേവലം 'ഔത്സർഗിക'മാണെന്നും ഇതിന്നു് 'അപവാദ'ങ്ങൾ ധാരാളമുണ്ടാകുമെന്നുമുള്ള വസ്തുതകൂടി അവർ വിസ്മരിച്ചുകളയുന്നതാണു് കഷ്ടം. എന്റെ മേൽ സൂചിപ്പിച്ച അനാസ്ഥയും ഈ ദുർധാരണയുടെ ഛായാ സംക്രമമല്ലയോ എന്നുകൂടി സംശയിപ്പാൻ കാരണമുണ്ടു്.

Digitized By Kerala Sahitya Akademi

ചുരുക്കത്തിൽ "അംഗലസാമ്രാജ്യം" ഒരാവൎത്തി യഥേച്ഛയാവായിച്ചു നോക്കാൻ ഇടയായപ്പോഴാണു് ഒരു കവിയുടെ നിലയിൽ പ്രൊഫസർ കോയിത്തമ്പുരാൻ തിരുമേനിയുടെ യോഗ്യത എനിക്കു ബോദ്ധ്യമായതു്. പ്രതിപാദ്യമായ ആ നവീനരാജ്യചരിത്രാസ്ഥിശകലങ്ങളെവിടെ! സരളവും രസമസൃണവുമായ ആ കാവ്യതല്ലജമെവിടെ! അപൂൎണ്ണവും ഉപരിപ്ലവവുമായ പാണ്ഡിത്യമെവിടെ! അൎത്ഥശബ്ദങ്ങളുടെ സ്വച്ഛവും അതലസ്പൃശ്യവുമായ ആ മഹാപ്രവാഹമെവിടെ! എന്തിനേറെപ്പറയുന്നു. കാളിദാസശൈലിയിൽ ഒരു സംസ്കൃതമഹാകാവ്യം കാണുന്നതിനു് ആ കവിസാൎവ്വഭൗമന്റെ കാലശേഷം ഇത്രയും ശതാബ്ദങ്ങൾ ലോകം കാത്തിരിക്കേണ്ടിവന്നു എന്നുള്ള വസ്തുത നിൎമ്മത്സരന്മാരായ സഹൃദയന്മാർ മുക്തകണ്ഠം സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. വിശേഷിച്ചു് രഘുവംശാദികളിലെ പുരാണകഥകൾ പ്രകൃത്യാകാവ്യചമല്ക്കാരമുള്ളവ. സാമ്രാജ്യത്തിലെ ഇതിവൃത്തം നേരെമറിച്ചുള്ളതു്. അതുമല്ല അന്നു് സംസ്കൃതത്തിന്റെ ജീവദ്ദശ. ഇപ്പോൾ അതു് ഒരു മൃതഭാഷ; പിന്നെ ആ മഹാകവി ഔത്തരാഹൻ നമ്മുടെ കവി ദാക്ഷിണാത്യൻ. ദേശഭേദകൃതമായ ആകാരഭേദം സംസ്കൃതഭാഷയ്ക്കുമുണ്ടു്. ദക്ഷിണോത്തരദേശീയരുടെ കൃതികൾ മിക്കവാറും സാധാരണശ്രവണമാത്രത്തിൽ തിരിച്ചറിയാവുന്നവയാണു്. അതുകൊണ്ടു് ഈ പ്രാതികൂല്യങ്ങളുടെ വിജയത്തിലുള്ള മെച്ചം ആ 'കവികുലഗുരു'തന്നെ അവരജനായ രാജരാജകവിക്കു സമ്മതിച്ചുകൊടുത്തേതീരു. പ്രാചീനമായ അക്ലിഷ്ടശ്ലഥരീതിയിൽ "അംഗലസാമ്രാജ്യം" പോലെയുള്ള ഒരു കൃതിയെഴുതാൻ പരിപക്വമായ പാണ്ഡിത്യവും കാലദേശങ്ങളെ അതിശയിച്ച വാസനാവിശേഷവുംകൊണ്ടേ സാദ്ധ്യമാവൂ എന്നുള്ളതു് നിരാക്ഷേപമാണു്.

Digitized By Kerala Sahitya Akademi

"നളിനി"ക്കു് തിരുമേനിയെക്കൊണ്ടുതന്നെ ഒരു അവതാരികയെഴുതിക്കാൻ ഞാനാഗ്രഹിച്ചതു് അവിടത്തെ നേൎക്കു് ഇങ്ങനെ നിൎവ്യാജമായ ബഹുമാനം തോന്നിയതിനുശേഷമാണു്. കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ സാഹിത്യസംബന്ധമായ അഭിപ്രായങ്ങളും അഭിനന്ദനങ്ങളും അതിദാക്ഷിണ്യം നിമിത്തം അത്യാവൎത്തകങ്ങളായി കലാശിച്ചതും അവിടത്തെ 'പ്രിയഭാഗിനേയ'നെ അന്വേഷിപ്പാൻ എനിക്കു പ്രേരകാന്തരമായിതീൎന്നു എന്ന വസ്തുതകൂടി തുറന്നുപറയുന്നതിനും വിരോധമില്ല. ഒടുവിൽ ഞാൻ പ്രഫസർ തിരുമേനിയുടെ സംസ്കൃതത്തിലും മലയാളത്തിലുമുള്ള പല കൃതികളും ശ്രദ്ധയോടെ വായിക്കുകയും അവിടത്തെ പാണ്ഡിത്യം പ്രതിഭാവിശേഷം കവിത്വം ഇവയിൽ എനിക്കു നാൾക്കുനാൾ ബഹുമാനം വൎദ്ധിച്ചുവരികയും ചെയ്തു. ചില സന്ദൎഭങ്ങളിൽ തിരുമേനിയെ ഞാൻ വസതിയിൽ ചെന്നുകാണുകയും സംഭാഷണമദ്ധ്യേ ശാസ്ത്രീയമായ പല അഭിപ്രായശകലങ്ങളും ആ പണ്ഡിതവൎയ്യന്റെ മുഖത്തുനിന്നു പുറപ്പെടുന്നതു ശ്രദ്ധിക്കയും ചെയ്തിട്ടുണ്ടു്. അതെല്ലാം അദ്ദേഹത്തിന്റെ സൎവ്വതോമുഖമായ വൈദുഷ്യത്തെപ്പററി എനിക്കു അധികമധികം കൌതുകാത്ഭുതങ്ങൾ ജനിപ്പിച്ചു. അദ്ദേഹത്തിന്റെ സഹജമായ ദാക്ഷിണ്യാദിഗുണങ്ങൾ അതിന്നിടയിൽ എന്റെ ഹൃദയത്തെ അധികമധികം വശീകരിക്കയും ചെയ്തിരുന്നു.

വ്യാകരണം, ഛന്ദസ്സ്, അലങ്കാരം (സാഹിത്യശാസ്ത്രം) ഈ വിഷയങ്ങളിൽ കൂലങ്കഷമായ പരിചിന്തനംചെയ്തു് പ്രൌഢങ്ങളും പൎയ്യാപ്തങ്ങളുമായ ഗ്രന്ഥങ്ങൾ നിൎമ്മിച്ചു് നമ്മുടെ ഭാഷയുടെ സ്ഥിതിയെ ഇത്ര ശോഭനവും സുപ്രതിഷ്ഠിതവുമാക്കിത്തീൎത്ത മറെറാരു മഹാൻ കേരളഭൂമി

Digitized By Kerala Sahitya Akademi

യിൽ ഇതുവരെ ജനിച്ചിട്ടില്ലന്നുള്ളതു നിർവിവാദമാണ്. കവിതാവിഷയത്തിൽ തിരുമേനിയുടെ കട്ടവിലത്തെ നാടകതർജ്ജിമകൾ, വിശേഷിച്ചു "മാളവികാഗ്നിമിത്രം" ചാരുദത്തൻ, ഇവ അത്യുത്തമരീതിയിൽ ഉള്ള മാതൃകകൾ തന്നെയാണ്. എന്നുതന്നെയല്ല, 'ചാരുദത്ത'നാടകം ഭാസശൂദ്രകകവികളുടെ കൃതികളെ കൂടിച്ചേർത്തിട്ടുള്ള ഒരു സ്വതന്ത്ര തർജ്ജിമയാണെങ്കിലും അതിൽ തിരുമേനി അവസരോചിതമായ ത്യാഗായോഗങ്ങൾ ചെയ്തുവരുത്തിട്ടുള്ള പരിഷ്കാരങ്ങളെപ്പററി ചിന്തിച്ചാൽ മിക്കവാറും അതു ഒരുത്തമസ്വതന്ത്രകൃതിയുടെ യശസ്സിനു തന്നെ അവിടുത്തെ അഹ്നാക്കിയിട്ടുണ്ടെന്ന് സമ്മതിക്കേണ്ടിവരും. ചുരുക്കിപ്പറഞ്ഞാൽ താമസിയാതെ അടുത്തുൺവാങ്ങി സക്കാർ ജോലിയിൽനിന്നു പിരിഞ്ഞു ജീവിതശേഷം മുഴുവൻ മാതൃഭാഷയുടെ ഉൽകർഷാതിശയത്തിനായി ഗ്രന്ഥനിർമ്മാണമാർഗ്ഗേണ ഇനിയും ശ്രമിച്ചുകൊണ്ടിരിപ്പാൻ ദീക്ഷിച്ചിരുന്ന ആ മഹാനുഭാവൻെറ പൊട്ടുന്നനെ ഉണ്ടായ ഈ ദേഹവിയോഗം കൈരളിയുടെ ഭാഗ്യത്തിന്ന് അശനിപാതമാണെന്നു തന്നെ പറയണം. തിരുമേനിയുടെ കീഴിൽ ഭാഷയ്ക്കു ഒരു പുതിയ ജീവനും പുഷ്ടിയും ഉണ്ടായി. അവിടത്തെ അധികാരവും അഭിപ്രായവും അല്പകാലത്തിനുള്ളിൽ ഭാഷാസാമ്രാജ്യം മുഴുവൻ പ്രബലമായിത്തീന്നു. ഈ സ്ഥിതിയിൽ കുറെക്കാലംകൂടി കഴിഞ്ഞു പരിപൂർണ്ണൈശ്വര്യം അനുഭവിപ്പാൻ കൈരളിക്കു ഭാഗ്യമുണ്ടായില്ലല്ലൊ!

കഴിഞ്ഞ മിഥുനം ആദ്യം ഞാൻ ഉത്തരതിരുവിതാംകൂറിൽ സഞ്ചരിക്കുന്ന അവസരത്തിലാണ് ഹൃദയാരുന്തുദമായ ആ ചരമവൃത്താന്തം അറിവാൻ ഇടയായതു്. എത്ര അപ്രതീക്ഷിതവും അസഹ്യവുമായ ഒരുപ്രഹരണമായിരുന്നു അതു്.

Digitized By Kerala Sahitya Akademi

ഹൃദയം മരവിച്ചുപോയി എന്നുതന്നെ പറയാം. പല പ്ര ധാനപത്രമാസികകളും മാസികക്കാരും എല്ലാം മാതൃ ഖന്നസരിച്ചു ചരമപദ്യങ്ങൾ ആവശ്യപ്പെട്ടുതുടങ്ങി. അതു അധികം മമ്മഭേദകമായിട്ടാണു് തോന്നിയതു്. ഒരക്ഷരം എ ഴുതാൻ എനിക്കു കഴിഞ്ഞില്ല. കുറേക്കഴിഞ്ഞു പലരും മുഖദാ വിലും എഴുത്തുമൂലവും തിരുമേനിയെപ്പററി ചരമപദ്യമെഴുതാ ഞ്ഞതിനെക്കുറിച്ചു ചോദിച്ചുതുടങ്ങി. ഹൃദയത്തിൻെറ താ ല്ക്കാലികമായ അമത്തലിനു് സ്വാഭാവികമായി ക്രമേണ ശൈ ഥില്യമാരംഭിക്കയും ചെയ്തു. തിരുമേനിയെക്കുറിച്ചുള്ള സ്മര ണകളും ചിന്തകളും ബഹുമുഖമായി വല്ധിച്ചു. അവ തിങ്ങി ഞെരുങ്ങി മനസ്സു കേവലം അസ്വാസ്ഥമായിത്തീന്നു. ഒടുവി ൽ ഒരു ചരമകാവ്യമെഴുതി ഈ ഹൃദയഭാരം ലഘൂകരിക്കാൻ ഞാൻ തീച്ചയാക്കി.

ഏതാണ്ടു് ഒരുമാസം കഴിഞ്ഞു കക്കടകം പ-ാംനു- ൻെറ യ്യാററുങ്കരവച്ചാണു് പ്രരോദനത്തിലെ ആദ്യത്തെ രണ്ടുമൂന്നു പദ്യങ്ങൾ എഴുതിയതു്. പല അസൌകര്യങ്ങളാൽ ഉടനെ തുടന്നെഴുതാൻ കഴിഞ്ഞില്ല. ഈയാണ്ടു കന്നി അവസാ നത്തിലാണെന്നു തോന്നുന്നു ആദ്യത്തെ എട്ടോ പത്തോ പദ്യങ്ങൾ ഞാൻ എൻെറ മാന്യസ്നേഹിതൻ ഏ. ഗോപാല മേനോൻ എം. എ. അവക്കളെ വായിച്ചുകേൾപ്പിച്ചതു്. ഗുരുവിൻെറയും സഹാദ്ധ്യാപകൻെറയും ഇഷ്ടമിത്രത്തി ൻെറയും നിലയിൽ തനിക്കു് എത്രയും സ്നേഹബദ്ധനാന ങ്ങളുള്ള തിരുമേനിയുടെ സ്മാരകമായി ആരംഭിച്ചു ഈ കൃതി പൂത്തിയാക്കുന്ന വിഷയത്തിൽ എന്നെ അദ്ദേഹം അത്യന്തം ഉത്സാഹിപ്പിക്കുകയും ധനുമാസം ന-ാംനു- ഈ കാവ്യം എഴുതിതീരുന്നതുവരെ ആ നിർബന്ധം തുടന്നുകൊണ്ടിരി ക്കയും ചെയ്തു. അദ്ദേഹം ഇങ്ങനെ താല്പിപ്പിച്ചിരുന്നില്ലെ

ങ്കിൽ ഈ പരിമിതകാലത്തിനുള്ളിൽ ഇതു് എഴുതിത്തീർപ്പാൻ കഴിയുമായിരുന്നോ എന്നു് എനിക്കു സംശയമാണു്.

നിർവ്യാജമായ സ്നേഹബഹുമാനാതിശയമുള്ള ഒരു പരിചിതൻെറ സ്ഥാനം മാത്രമാണു് എനിക്കു് തിരുമേനിയെ സംബന്ധിച്ചുണ്ടായിരുന്നതു്. ആ സ്ഥാനത്തിൽ നിന്നുകൊണ്ടാണു് അവിടുത്തെ യോഗ്യതകളേയും ഗുണഗണങ്ങളേയും ഞാൻ നോക്കുന്നതും അതുകൊണ്ടു് ജീവചരിത്രീയമായ വിവരണങ്ങളിൽ പലതിനും ഈ കാവ്യത്തിൽ പ്രസക്തിതന്നെ ഇല്ല. കാവ്യം രസപ്രധാനമാണു്. സംഭവപ്രധാനമല്ല. അതുകൊണ്ടു് അവക വിവരണങ്ങളെപ്പററി ഞാൻ നിഷ്കർഷിച്ചന്വേഷിച്ചിട്ടുമില്ല. എങ്കിലും ചരമഗതിയോടു അധികം സംബന്ധമുള്ള ഗൃഹ്യസംഭവങ്ങളിൽ ചിലതിനെ യഥാസ്ഥാനം സൂചിപ്പിച്ചിട്ടുണ്ടു്. ആ സൂചനകൾക്കു കൂടാതെ കഴിയുന്നവയുമല്ലല്ലോ.

വിലാപപ്രമേയത്തിൽ സംസ്കൃതത്തിലും മലയാളത്തിലും കവികൾ "വിയോഗിനി" വൃത്തമാണു് പ്രായേണ തിരഞ്ഞെടുക്കാറു്. സംസ്കൃതവൃത്തങ്ങളിൽ ചെറിയവൃത്തങ്ങളാണു് ഞാൻ എൻെറ മററു കൃതികളിൽ പലതിനും ഉപയോഗിച്ചിട്ടുള്ളതും. എന്നാൽ പ്രരോദനത്തിനു "ശാർദ്ദൂലവിക്രീഡിതം" അനുഗുണമായിരിക്കുമെന്നു തോന്നാൻ ചില കാരണങ്ങളുണ്ടു്. വർണ്ണനാപ്രചുരമായ കാവ്യങ്ങളിൽ അതാതുല്ലേഖങ്ങളോടുകൂടി അനുപദം അതാതു പദ്യങ്ങളിൽ തന്നെ അവസാനിക്കുന്നതു് ശ്രോതാക്കൾക്കു് അധികം സുഖകരമായി തോന്നുന്നതാണു്. അതുകൊണ്ടു് വിവക്ഷിതാനുസാരമായി ഈ ദീർഘവൃത്തം സ്വീകരിക്കേണ്ടിവന്നതാകുന്നു. ഒരു "അനുതാപം" എന്നപേരിൽ എൻെറ പ്രിയമാതാവിൻെറ ദേഹ

Digitized By Kerala Sahitya Akademi

വിയോഗം സംബന്ധിച്ച് ഏതാനും കൊല്ലങ്ങൾക്കു മുൻപ് ഞാൻ ഈ വൃത്തത്തിൽ തന്നെ കുറെ പദ്യങ്ങൾ എഴുതിയിരുന്നു. അതിനെ ഇന്നത്തെ ഭാഷാഭിമാനികളിൽ അഗ്രഗണ്യനും പണ്ഡിതകവിവര്യനുമായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ (എം. എ. ബി. എൽ.) "പദ്യമഞ്ജരി" ഏഴാംഭാഗത്തിൽ തിരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ രചനയിലുണ്ടായ അനുഭവവും ഈ വൃത്തത്തിൽ എനിക്കു പക്ഷപാതവിശേഷം ജനിപ്പിക്കാതിരുന്നിട്ടില്ല. 'പ്ര

രോദന'ത്തിന്റെ ഉത്ഭവത്തെസംബന്ധിച്ച് എനിക്കു പറവാനുള്ളതു് ചുരുക്കത്തിൽ ഇങ്ങനെ കഴിഞ്ഞു.

ഇതിന്റെ ഒന്നാംപതിപ്പ് ഏതാനും പ്രതികൾ മാത്രമായിരുന്നു. ഇതു രണ്ടാംപതിപ്പാണ്. പ്രമേയങ്ങളിലും വർണ്ണനകളിലുമുള്ള ചില സൂചനകൾക്ക് വിവരണം അത്യാവശ്യമാണെന്നു കാണുകയാൽ ആ അവശ്യത്തിനുമാത്രമുപകരിക്കാവുന്ന ഒരു ടിപ്പണംകൂടി ഈ പതിപ്പിൽ ചേർത്തിട്ടുണ്ട്. വാച്യാർത്ഥങ്ങളെ അല്ലാതെ വ്യംഗ്യവിശേഷങ്ങളേയും മററും ടിപ്പണം സ്പർശിച്ചിട്ടില്ലെന്നു തന്നെ പറയാം.

പ്രഫസർ തിരുമേനിയിൽ ഗാഢസ്നേഹ ബഹുമാനങ്ങളുള്ള ദേഹവും മഹാരാജാസ് കാളേജിൽ അവിടത്തെ ഒഴിവിൽ ഇപ്പോൾ സംസ്കൃതപണ്ഡിതസ്ഥാനം അലങ്കരിച്ചുപോരുന്ന പണ്ഡിതവര്യനും എന്റെ മാന്യസുഹൃത്തുമായ നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള അവർകൾ (എം. എ. എം. ആർ. ഏ. എസ്.) ഇതിൽ എഴുതിച്ചേർത്തിട്ടുള്ള സരസമായ അവതാരികയ്ക്കായി ഞാൻ അദ്ദേഹത്തിനു് ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. ഈ കൃതിപകർത്തി എഴുതു

Digitized By Kerala Sahitya Akademi

ന്നതിലും പ്രൗഢ്‌വായിക്കുന്നതിലും മററും എന്നെ സഹായിച്ചിട്ടുള്ള യുവവിദ്വാന്മാർ പലരാകയാൽ അവരുടെ എല്ലാം പേരുകൾകൊണ്ടു് മുഖവുരയെ ദീർഘിപ്പിക്കാൻ മടിക്കുന്നതിനെ അവർ സദയം ക്ഷമിക്കേണ്ടിയിരിക്കുന്നു. പതിവുപോലെയുള്ള അനുഗ്രഹത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഈ കൃതിയേയും ഞാൻ സഹൃദയസമക്ഷം ഇതാ വിനയപൂർവ്വം അയച്ചുകൊള്ളുന്നു.

തിരുവനന്തപുരം
[illegible]

എൻ കുമാരൻ ആശാൻ.

# അവതാരിക.

—:*:—

സാഹിത്യലോകത്തിൽ ചിരപ്രതിഷ്ഠിതനായ മിസ്റ്റർ കുമാരൻആശാൻ, ഈ ഗ്രന്ഥത്തിനു ഞാൻതന്നെ ഒരു അവതാരിക എഴുതണമെന്നു ആവശ്യപ്പെട്ടതു് ഞങ്ങളോടു് പരിചയമുള്ള സഹൃദയൎക്കു അനുപപന്നമായി തോന്നുകയില്ലായിരിക്കാം; ഞങ്ങൾ ദീൎഘകാലമായി സ്നേഹിതന്മാരാണു്; ചില ഗൌരവമേറിയ വിഷയങ്ങളിൽ ഞങ്ങൾക്കു ഐകമത്യം ഉണ്ടു്; വിശേഷിച്ചും, പ്രകൃതഗ്രന്ഥത്തിനു ബീജമായ സംഭവത്തിൽ ഞങ്ങൾ, ഏകദേശം, തുല്യദുഃഖന്മാരും ആണു്.

നമ്മുടെ ഭാഷയിൽ ഇങ്ങനെയുള്ള വിലാപകാവ്യങ്ങൾ വളരെ കുറവാണു്; മിസ്റ്റർ സുബ്രഹ്മണ്യൻപോററി ഒന്നു് എഴുതീട്ടുണ്ടു്; വേറൊന്നു് ടെനിസൺ എന്ന ആംഗലമഹാകവിയുടെ 'ഇൻമെമ്മോറിയം' എന്നതിന്റെ തൎജ്ജമയായും കാണുന്നു. ഈ രണ്ടു മാത്രമെ ഞാൻ തൽക്കാലം ഓൎക്കുന്നുള്ളു. കാണ്ഡാമൃഗചൎമ്മമസൃണവും 'ഹതവിധി' പ്രധാനവുമായ മററു കൃതികളെ ഇവിടെ ഗണിക്കുന്നില്ല. ഇംഗ്ലീഷുഭാഷയിൽ ആകട്ടെ, പല നല്ല വിലാപകൃതികളും ഉണ്ടായിട്ടുണ്ടു്. മിൽട്ടൺകവിയുടെ ലിസിഡാസു്, 'ഷെല്ലി'യുടെ അഡോണൈ, എന്ന കാവ്യങ്ങളെയാണു്, ഇവയിൽ മാതൃകകളായി പാശ്ചാത്യസഹൃദയന്മാർ വിചാരിച്ചുപോരുന്നതു്. പ്രകൃതകാവ്യവും, ഏറക്കുറെ ഈ മാതൃകയെതന്നെ അനുകരിക്കുന്നു.

'രാജരാജ'വിയോഗത്താൽ മാതാവായ 'കൈരളി' "കണ്ണുപൂട്ടി വിളറിക്കാൽനീട്ടി നിശ്ചേഷ്ടയാ"കുന്നു. ശ്മശാനഭൂമി നരന്മാരെക്കൊണ്ടും, ശ്മശാനാഭ്രം ദേവന്മാരെക്കൊണ്ടും

Digitized By Kerala Sahitya Akademi

നിറഞ്ഞുകഴിഞ്ഞു. 'വൈനതേയഹതമാം തേരേറി വാഞ്ചി ലക്ഷ്മിയും, 'പല്ലക്കമംഗളവിളക്ക' മുതലായ ചിഹ്നങ്ങളോട്ട 'മാടമഹിലക്ഷ്മിയും, 'ഹരികേതു'വാനു മലബാർശ്രീയും ചിതാസമീപം എത്തി 'നിത്യാപത്യ'മായ 'കൈരളി' യെ അനുശോചിക്കുന്നു.

'ഭിന്നപതാകാശ്രയിണി'കളായ ഇവർ ഒരിടത്തു എ-ത്തിയതിൽ 'കുററുകാരെയൊതുമിപ്പിപ്പ കുടുംബാധികൾ'എ-ഷ്യന്നു സമാധാനപ്പെട്ടുകയും ചെയ്യാം. അഭിനവ "ബൊഹ-ട 'കാളിദാസപണിപുത്രന്മാർ' ജനിച്ച 'പപ്പ' ഭൂപാനായ-ത്തിലെ 'പരദൈവ'ങ്ങളും ശ്മശാനഭൂവിൽ പ്രവേശിക്കുന്നു. കിംബഹുനാ, ദിഗ്ദേവതമാർകൂടി കരയുന്നു. 'മയൂരദൂത'ക-വിയായ മാതുലന്റെ ശേഷിച്ച ഭസ്മങ്ങൾ ഭാഗിനേയന്റെ മൃതശരീരത്തിനു സ്വാഗതം പറഞ്ഞുതുടങ്ങി. മനുഷ്യന്റെ-ക്ഷണികതയെക്കണ്ടു ശ്മശാനത്തിലെ പപ്പടകപ്പുല്ലുപോലും ചിരിച്ചുപോകുന്നു. കഷ്ടം! വേദാന്തസാരോപദേശത്തിനുള്ള 'അധ്യാത്മവിദ്യാലയം' തന്നെയാണു് ഇപ്രദേശം; സന്ദേഹ-മില്ല. 'ബുഭുക്ഷാകുല'നായ 'ആശ്രയാശൻ' ക്ഷത്രിയശ്രോ-ത്രിയന്റെ ശരീര 'ഹവ്യം' ഭുജിച്ചു തൃപ്തിപ്പെടട്ടെ. കൈര-ളിയുടെ 'മനോഗൃഹ'വെടിഞ്ഞു് 'ആശാഗണങ്ങ'ളാകുന്ന മ-ഴപ്പാററകളും ഇതാ ചിതാഗ്നിയിൽ പ്രവേശംചെയ്തുതുടങ്ങി-യിരിക്കുന്നു. കഷ്ടം! ഒരം 'ജ്യോതിഷ്പതി'യുടെ 'യശോഭ്രമാ-വി'ലും ചില കൌശികപുഞ്ജങ്ങൾ 'പുഷം' നടിക്കുവാൻ സംഗതിയായല്ലൊ. 'ഗുണപുരോഭാഗി'കളായ ഇവരുടെ സ്ഥിതി.

"വത്സേ! നീ തുലയുന്നു; വീണയി!
വിളക്കും നീ കെട്ടുകുന്നുതേ" (മെ)

Digitized By Kerala Sahitya Akademi

എന്ന മട്ടുതന്നെ. പൂങ്കോഴിയേയും 'പുംസ്കോകില'ത്തേയും അറിയുന്നവർ അറിഞ്ഞാൽ മതി, തരക്കേടില്ല; ജ്യോതീരൂപികളായ ഭാസകാളിദാസാദി മഹാകവികളും പ്രകൃതമഹാനെ സ്വാഗതപുരസ്സരം നൂതനസ്ഥാനത്തിലേക്കു സ്വീകരിക്കുന്നുമുണ്ടല്ലൊ.

ദുഃഖിതയായ 'കൈരളി'യെ വാഗ്ദേവി സമാശ്വസിപ്പിക്കുന്നു; ഇവയെല്ലാം സ്വപ്നമായിട്ടാണെല്ലോ പരിണമിച്ചത്. ഇതിൻെറ ഫലമെന്തായിരിക്കാം—

'തെരുതെരെയഴുൽതിങ്ങും മാനസത്തിന്നൊരിക്കൽ
കരയുകിലതുതന്നേതെല്ലൊരാശ്വാസഹേതു'

അതിനാൽ ഞാൻ വിലപിക്കട്ടെ. എനിക്കു ആ കാളരാത്രിയെ നന്നായിട്ടു ശകാരിക്കുകയുംവേണം. എന്തു് യുദ്ധമോ, ക്ഷാമമോ, എന്തെങ്കിലുംആവട്ടെ. എനിക്കൊന്നും കേൾക്കണ്ടാ. ഹാ! ശാരദാഭവനമേ!; ഹാ! മല്ലീനികുഞ്ജങ്ങളേ!! ഹാ!

കവിമാത്രമാണോ വിലപിക്കുന്നതു? ഒരിക്കലുമല്ല. മുമ്പാരെല്ലാം വിലപിച്ചതായി പറഞ്ഞുകഴിഞ്ഞു. ഇനിയും സഹാദ്ധ്യാപകന്മാർ, അന്തേവാസികൾ ഇവരുടെ ദുഃഖംകൂടി നിരൂപിച്ചുനോക്കുക. അവരുടെ കണ്ണീർകണം "ലോലാഭം പുതുമുത്തുപോൽ പൊഴിയുകയും അവർ അതിനെ "അരിയ കൈലേസാൽ തുടയ്ക്കുകയും" ചെയ്യുന്നുണ്ടു്. കവി ഈ അവസരത്തിൽ അധ്യാപകപീഠം തുടങ്ങി "അശ്വാധിപൻ"വരെ കേണുനടക്കുന്നു. സ്നേഹാദരവിവശനായി ആ മഹാനുഭാവൻെറ ഉടു, നട മുതലായവയേയും അനുസ്മരിക്കുന്നു.

ഒന്നു നോക്കുമ്പോൾ പല ശാസ്ത്രങ്ങളും ക്ലേശിച്ചുപഠിച്ചതുകൊണ്ടു ഫലമില്ല. പണ്ഡിതനും പാമരനും മൃതിതുല്യ-

Digitized By Kerala Sahitya Akademi

മായിത്തന്നെയിരിക്കുന്നല്ലോ. പിന്നെന്താ?—ചില വ്യത്യാസങ്ങളുണ്ട്, ഉല്പത്തി സ്ഥിതി വിനാശം ഇവയുടെ അന്തസ്സാരം അനുസരിച്ചു കവി ഉടൻതന്നെ ആ വഴിയിൽ പ്രവേശിക്കുന്നു. ആ വക തത്വചിന്തയിൽ മുഴുകി മനംകുളിത്ത്, തന്റെ മുൻഗാമിയ്ക്കു ഉചിതസമൎപ്പണമായി കരുതാവുന്ന ചരമശ്ലോകത്തിൽ "ഏകാന്താഭയശാന്തിഭൂവിനു നമസ്കാരം" പറഞ്ഞു അവസാനിപ്പിക്കുന്നു.

"പ്രരോദന"സാരം ഏറക്കുറെ മേൽകാണിച്ചപ്രകാരമാണ്. തത്വജ്ഞാനവിഷയമായി കുറെ അധികമുണ്ട്. അവയിൽ അധികം ഭാഗവും സാമാന്യവായനക്കാൎക്കും വിദ്യാൎത്ഥികൾക്കും ഗഹനമായിരുന്നേക്കാം. വിഷയകാഠിന്യം രീതിഗൌരവം ഇവ രണ്ടുമാണ് കാരണങ്ങൾ. എന്നാൽ ആശാന്റെ കൃതികൾക്കു സഹജമായുള്ള ആശയവിശുദ്ധി ഈ കൃതിയിലും സവിശേഷം പ്രകാശിച്ചുകാണുന്നുണ്ട്. ഇടയ്ക്കിടയ്ക്കു ചില ലോകോക്തികളും ഉചിതമാകുന്നിടത്തോളം ചില പൊടിക്കൈകളും വിലാപമാൎഗ്ഗത്തിൽ നിഷ്പ്രയാസം നിൎത്തിയിട്ടുണ്ട്.

"മഹാഭാവങ്ങൾക്കുളവാംവിപത്തുകൾപരം
പ്രകൎഷാഭഹേതുക്കൾതാൻ"

എന്നിങ്ങനെയുള്ള കവിയുടെ സമൎത്ഥനത്തിനു ഒരം ഗ്രന്ഥം തന്നെ ഒരു ഉത്തമദൃഷ്ടാന്തം.

"അന്തശ്ചന്ദ്രശരൽഘനാഭതേടവിപ്പൊങ്ങിപ്രദീപാംശുവാൽ
പ്രാന്തസ്ഫൂൎത്തികലൎന്നമാളികയിലഗ്ര്യസ്ഥാതലത്തിൽക്ഷണം
സ്വാന്തംദീപ്തിനശിച്ചഹോരജതപാത്രംപോൽതണുത്തേററവും
ശാന്തംഹന്തശയിച്ചിരുന്നുശിവമേ!യങ്ങാനുവിൻമണ്ഡലം" (൨൨)

Digitized By Kerala Sahitya Akademi

ഇവിടെ കവിത പ്രക്ഷോഭകരമായിത്തന്നെതീന്നിട്ടുണ്ട്. സംശയമില്ല. ഈ വിലാപവിഷയത്തിൽ ഞാൻ അസംശതമായിപ്പോലും കുഴഞ്ഞിപ്പോകാനിടയുണ്ട്. പിന്നെ, വല്ലതും ചില തടസ്സങ്ങളുണ്ടെങ്കിൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അവ വിഫലമായും തീരുന്നു. ആ 'മാളികയും' ശാന്തമായ 'ഭാനുമണ്ഡലവും', പരിസരങ്ങളും, ഞാനും കവിയും എല്ലാം കുറെനേരത്തേയ്ക്കു്,ഒന്നായിത്തന്നെകഴിയുന്നു. അതിനിടയിൽ എനിക്ക്,

"ഹാ! കാലാഭിഭവംവെടിഞ്ഞതനുപദംപൊങ്ങുന്നദാക്ഷിണ്യമെ
ലോകാരാധിതരീതിയാന്നലളിതശ്രീതേടുമൌദാര്യമേ,"

എന്നിങ്ങനെയുള്ള സമാനാശയം മുൻകൂട്ടിത്തന്നെ സ്വതന്ത്രമായി തോന്നുകയുംചെയ്തു. മേൽകാണിച്ച വിധം പലേടത്തും കവി എന്നെ സങ്കടപ്പെടുത്തീട്ടുണ്ട്. പക്ഷേ കവിയും വിധിയും ഒന്നുപോലെ നമ്മുടെ ഗുണകാംക്ഷികളാണല്ലോ.

വർണ്ണനാവിഷയമായും മററു ചമല്ക്കാരവിഷയമായും പല ഭാഗങ്ങൾ ഈ ചെറിയ ഗ്രന്ഥത്തിൽ ഉൾപ്പെട്ടുന്നുണ്ട്. ഉദാഹരണമായി ശവദാഹവർണ്ണനം തന്നെ നോക്കുക (ശ്ലോ-കഖ-കന്ദ) രണ്ടാമത്തെ ശ്ലോകത്തിൽ പ്രത്യക്ഷത്തിനു അസംഭവം സദൃശമാക്കേണ്ടതായിവന്നിട്ടുണ്ട്. എങ്കിലും ചമല്ക്കാരവിശേഷം ഗണനീയമായിരിക്കുന്നു. അടുന്നവനുമോടികൂടിയിരിക്കണമെന്നുണ്ടല്ലൊ.

"വിലാപം" എന്നതുമരണത്തെക്കുറിച്ച് സാമാന്യവിശേഷരൂപേണ ചിന്തിക്കുന്ന ഒരു ഖണ്ഡകാവ്യമാകുന്നു. ഇംഗ്ലീഷ് ഭാഷയിൽ ഇങ്ങനെയുള്ള രണ്ടു ഉത്തമകൃതികളെക്കുറിച്ചു ഞാൻ ആദ്യം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇതുകൂടാതെ ആ ഭാഷയിൽ തന്നെ, അന്യാദൃശമായ വേറൊരു ചരമകാവ്യംകൂടി ഉണ്ട്.

Digitized By Kerala Sahitya Akademi

അതു് മൃതരായ ചില ഗ്രാമീണന്മാരെക്കുറിച്ചു് ലോകസാധാരണമായ അറിവിനെമാത്രം അടിസ്ഥാനമാക്കി 'തോമസ്സ്ഗ്രേ' രചിച്ചിട്ടുള്ളതാണു്. അതിന്റെ ചില ഭാഗം മലയാളപാഠ്യപുസ്തകങ്ങളിൽ തർജ്ജിമചെയ്തുകണ്ടിട്ടുണ്ടു്. 'വിലാപകാവ്യങ്ങൾ' ശോകഗർഭമായും ചിന്താബഹുലമായും, കേവലം ഒരു അക്രന്ദനം ആകാതെ ചെറുതായും ഇരിക്കണം എന്നലക്ഷണം മേൽപറഞ്ഞ കൃതിക്കു കാണുന്നുണ്ടു്. പക്ഷെ, അതു് ഒരു സംഭവവിശേഷത്തെ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ളതല്ലെന്നുമാത്രം. ടെന്നിസൺ എന്ന കവിയുടേ ഇൻമെമ്മോറിയം ക്രമാതീതമായ വലിപ്പത്താലും വേർഡ്സ്വർത്തിന്റെ 'ല്യൂസി' നേരെമറിച്ചു തീരെ ചെറുതാകയാലും സലക്ഷണമായ വിലാപകാവ്യമായി കരുതപ്പെടുന്നില്ല. ഇപ്രകാരമുള്ള കൃതികളിൽ, ഇംഗ്ലീഷുകാരെക്കാൾ, പ്രായേണ ഫ്രഞ്ചുകാർക്കാണു് കൂടുതൽ താല്പര്യം കാണുന്നതു്. അവർ പല നല്ലരീതികളും കണ്ടുപിടിച്ചിട്ടുണ്ടു്. നമ്മുടെ കവികൾക്കു് ഇവ അനുകരണീയങ്ങളായ മാതൃകകളാണെന്നു നിസ്സംശയം പറയാം. 'ഗ്രേ'യുടെ രീതിയിലുള്ളവയും ആശാനെപ്പോലുള്ള കവികൾ പിൻതുടരുന്നതായാൽ അവ നമുക്കും നമ്മുടെ ഭാഷയ്ക്കും വലിയ ഭൂഷണങ്ങളായിത്തീരുകതന്നെ ചെയ്യും.

അനുകരണബുദ്ധി മലയാളത്തിൽ ബഹുകലശലാണല്ലോ; മഹാന്മാരുടെ അകാലമരണവും അസാധാരണമല്ല; എങ്കിലും, ഈശ്വരാ! വിലാപകാവ്യങ്ങൾ അധികം ഉണ്ടായില്ലെങ്കിൽ വേണ്ട. ലോകോത്തരന്മാർ ദീർഘായുസ്സുകളായിത്തന്നെ ഇരിക്കട്ടെ!

തിരുവനന്തപുരം.
൯൪. മീനം. ൨൦.

നന്ത്യാർ വീട്ടിൽ.
കെ. പരമേശ്വരൻപിള്ള.

Digitized By Kerala Sahitya Akademi

# പ്രരോദനം.

## (ഒരു ഖണ്ഡകാവ്യം.)

---

മൂടും കാർമുകിലാലകാലതിമിരം
വ്യാപിച്ചു മായുന്നിതാ
കാടും കായലുമിക്കടൽത്തിരകളും
സഹ്യാദ്രികൂടങ്ങളും;
ചൂടേറുമുള്ളമെരിഞ്ഞെഴുന്ന പുക ചൂഴ്-
ന്നിമ്മട്ടു വൻവൃഷ്ടിയാൽ
പാടേ കേരളഭൂമി കേണു ഭുവനം
കണ്ണീരിൽ മുക്കുന്നിതേ. ൧

നീരാളുംഘനവേണി വായ്പുരസിജ-
ക്കുന്നോടടിഞ്ഞശ്രുവിൻ
ധാരാപാതമിടഞ്ഞു നാഭിസരസീ
ക്കൂലം കവിഞ്ഞോലവേ
കേരോദഞ്ചിതപാണിയിലധരകരി-
ങ്കല്ലും ദ്രവിച്ചീടുമാ-
റോരോന്നിച്ചുരമാർന്നവാനിലരവം
കൂട്ടിപ്പുലമ്പുന്നിതേ. ൨

Digitized By Kerala Sahitya Akademi

സ്പൃഷ്ടം പാവനഗാത്രിയിജ്ജനനിയാൾ
ക്കിന്നോക്കിലേതോമഹാ-
ദിഷ്ടക്കേട്ട പിണഞ്ഞിരിക്കണ,
മതേ—കില്ലേതുമില്ലായതിൽ;
ക്ലിഷ്ടശ്രീയിവൾ മുമ്പിലായ് വെറുനില-
ത്തയ്യോ കിടക്കുന്നിതാ!
'കഷ്ടം! "കൈരളി" കണ്ണു പൂട്ടി വിളറി
ക്കാൽനീട്ടി നിശ്ചേഷ്ടയായ്. ൩

ഹാ! വേഗം സ്ഫുടമാക്കിടുന്നു കഥ നീ
താങ്ങുന്നതും പുത്രിയെ-
ബ്ഭ്രുവേ! കയ്യുമുയർത്തി വിണ്ണിലുടനേ
ലക്ഷ്യം കുറിക്കുന്നതും,
പൂവേലും പലപൊയ്കയും പുഴകളും
തോട്ടങ്ങളും പൂണ്ടെഴും
മാവേലിക്കരയെത്തിരിഞ്ഞു നെടുവീ-
ർപ്പിട്ടിട്ടു നോക്കുന്നതും. ൪

വ്യോമത്തിൻ മലിനത്വമേററിയവിടെ
പ്പൊങ്ങുന്നതെന്തോമഹാ-
ഭീമത്വംകലരുന്ന കാലഫണിതൻ
ജിഹ്വാഞ്ചലംപോലവേ,
ശ്രീമൽഭാസുര "ശാരദാലയ" മഹാ-
ദീപം കലാശിച്ചെഴും
ധൂമത്തിൻ നികുരുംബമല്ലി?—വസുധേ
കേണീട്ടു കേണീട്ടു നീ.! ൫

Digitized By Kerala Sahitya Akademi

൩.

അഹഹ! പ്രിയപുത്രയാത്രയിതു ക-
ണ്ടിക്കൈരളിത്തയ്യലാൾ
ദേഹധ്വംസമെഴാത്ത തൻഹൃദയസം-
വേഗം സഹിച്ചില്ലഹോ;
സ്നേഹത്തിൻഗരിമാവുകൊണ്ടധികമാ
മശ്ശോകഭാരത്തിനാൽ
മോഹത്തിൻെറയഗാധമാംതലമണ-
ഞ്ഞിട്ടുണ്ടു തച്ചേതന. ൰

"വത്സാ! മൽപ്രിയരാജരാജ! ചിരവോ-
ടെന്തിന്നു വിണ്ണേറുവാ-
നുത്സാഹിച്ചതു? ചൊൽക നീ കനിവൊടെ-
ന്നോക്കാഞ്ഞതീഞങ്ങളെ?
സത്സാഹിത്യവിധിജ്ഞയാം പ്രിയസുതേ!
മാഴ്കായ്ക,—അല്ലെങ്കിലി-
ക്കത്സാഹ്രാമരഭാവയാമിവളെയും
മൂർച്ഛേ! തുണച്ചീടുക." ൧

ഈവണ്ണം പലതോതിയാധിശിഖിയാ-
ലുൾക്കാമ്പു കത്തിജ്ജ്വല-
ദ്വ്യാവൽഗസ്വരയായ് സ്വയം ധരകര-
ഞ്ഞീടുന്നു നിസ്സംശയം;
ദേവപ്രജ്ഞയണക്ഷണത്തിലുലകിൻ
വൈകല്യമോരും, മഹാ
ഭാവങ്ങൾക്കുളവാം വിപത്തുകൾ പരം
പ്രക്ഷോഭഹേതുക്കൾതാൻ. ൨

Digitized By Kerala Sahitya Akademi

സത്യം, സ്യന്ദനചക്രനിർഘോഷം
മർദ്ദിച്ചു തീപാറുമാ-
റത്യന്തം ജവമോട്മർത്ത്യരിവിടെ
കൂട്ടുന്നു ഗാഢാർത്തമായ്;
പ്രത്യക്ഷം സ്തനിതക്ഷണപ്രഭകളാ-
ലിന്നായതീവേച്ഛയാൽ
നിത്യം മണ്ണൊടുവിണ്ണിനുള്ള ഭഗിനീ
സൌഹാർദ്ദവും സ്പഷ്ടമായ്. ൯

പാരം പങ്കിലമായിവീർത്തു ജഢമാം
ഭൂവിന്മുഖം ഖിന്നയായ്
ചാരത്താഞ്ഞു മുകർന്നിടുന്നു നിഭൃതം
ദ്യോവിദ്ദിഗന്തങ്ങളിൽ,
ദൂരത്തിപ്പൊഴുമേററവും മുകളിലാ
യങ്ങങ്ങു കേൾക്കുന്നൊരി-
സ്സാരംഗധ്വനിയാലുടൻ കരകയും
ചെയ്യുന്നിതദ്യോയിചൾ.! ൧൦

നക്തം നിർഭരമാം തമസ്സിൽ വിലസും
ഖദ്യോതജാലങ്ങൾപോൽ
വ്യക്തസ്ഫൂർത്തികലർന്നുയർന്നു പുകയിൽ-
പാറും സ്ഫുലിംഗങ്ങളാൽ
ഉക്തവ്യഗ്രതയോടുമൂർദ്ധ്വമുഖരാ
മല്ലേവർ തിങ്ങിദ്രുതം
രിക്തത്വംവെടിയുന്നു താഴെന്നരർ
കേണീടും ശ്മശാനാഭ്രവും ൧൧

Digitized By Kerala Sahitya Akademi

അന്നേററിച്ചൂരിവിങ്കൽ നാഗഫണധ-
മ്മില്ലങ്ങൾ ചിന്നീടുവോൾ,
ചെന്നെല്ലിൻ കതിരൊത്ത കേരമലരിൻ-
മാല്യങ്ങൾ പൂണ്ടുള്ളവർ
ഇന്നെണ്ണാം നവതാളപത്രഹരിത-
ച്ഛത്രങ്ങളേന്തിദ്രുതം
വന്നെത്തുന്നിതു ദേവിമാർ സഹജമാം
സാമ്യംപെടുമ്മൂന്നുപേർ. ൨൧

വന്നാരാൽ നിജവൈനതേയഹയമാം
തേർവിട്ടിറങ്ങിദ്രുതം
ചെന്നാഹന്ത! ചിതാന്തികത്തിലുടനേ
ധൈൎയ്യംകലാശിക്കയാൽ
നിന്നാപാണ്ഡുരപുണ്ഡരീകമുകുളശ്രീ
ഹസ്തശംഖത്തിനാ-
ലൊന്നാമത്തവളാനതാസ്യകമലം
ഛാദിച്ചു രോദിക്കയായ്. ൨൨

ശിഷ്യന്മാർപലപൂവ്വല്ലഭരെ നീ
സേവിച്ചു വിടൾപ്രിയേ!
'പുഷ്യച്ഛ്രീഗുണഭൂമി മൂലനൃവരൻ
വാഴുന്നുമുണ്ടെങ്കിലും
നഷ്ടപ്പെട്ടൊരു ബന്ധുരത്നമിതുപോൽ
സൂരീന്ദ്രരില്ലൂഴിയിൽ
കഷ്ടം! ഹാ! പ്രിയവഞ്ചിലക്ഷ്മി! മിഴിനീർ-
വാൎക്കാൻ മടിക്കൊണ്ടനീ. ൨൩

Digitized By Kerala Sahitya Akademi

പല്ലക്കേറി, മനോജ്ഞമംഗളവിള
ക്കേന്തി ശ്മശാനത്തിൽവ-
ന്നല്ലൽപാടൊടിറങ്ങി നോക്കിനടുവേ
നിന്നന്ന്യകേഴുന്നഹോ!
ഫുല്ലശ്രീഹരികേതു പാറിയരഥം
വിട്ടെത്തി ദൂരത്തുപോയ്
തെല്ലന്തർഗ്ഗതമാന്നു നിന്നു വിലപി-
ച്ചിട്ടുന്നു മൂന്നാമവൾ. ൫൪

അത്ത്യാരൂഢവിപത്തിതെങ്ങനെയിവർ-
ക്കൾന്താപമാറും? സ്വതേ
വ്യത്യാസം കലരാത്തൊരിബ്ഭഗിനിമാർ
പണ്ടേപിരിഞ്ഞാകിലും
നിത്യാപത്യമിവൾക്കു "കൈരളി"യൊരാൾ;
കഷ്ടം! തദീയാത്മജൻ
പ്രത്യാശാസ്പദതന്തുബന്ധനമിതി
ന്നിന്നററു തെറെറന്നതും.! ൫൫

നിന്നാമട്ടവരൊട്ടുടൻ കടലിനെ
ക്കാർകൊണ്ടലിൻശ്രേണിപോ-
ലിന്നാക്കായലിനെസ്സുടം പുഴകൾപോൽ
കണ്ടാർത്തയാം ഭൂമിയെ
ച്ചെന്നാലോലദൃഗംബുവാർത്തു തഴുകി
ത്തേങ്ങിക്കരഞ്ഞാർ, കല-
ന്നൊന്നായാരിവർ;—ക്കുററുകാരെ
യൊരുമിപ്പിപ്പൂ കുടുംബാധികൾ. ൫൬

Digitized By Kerala Sahitya Akademi

ഉത്താളദ്രുമരാജിചൂഴുമിരുളി-
        ക്കാററിൽചലിക്കുന്നതി-
ന്നൊത്തോരോഘനപാളി നീങ്ങി
        യിടത്തൂർന്നീടും നഭോവീഥിയിൽ
ഹൃത്താരിൽ ഭയമേകുമാറുരുകരും
        ഭൂതങ്ങൾ തിങ്ങുന്നതാൻ
ചത്തോരിബ്ബുധവാസരത്തിനുടലൊ
        ത്താപാണ്ഡുവാം രാവിതിൽ. ൧൮

നേരാണിങ്ങിതു "പപ്പ്" വംശപരദൈ-
        വങ്ങൾക്കു മുമ്പേപരം
ഘോരാഡംബരമോടകമ്പടിനട-
        ന്നെത്തുന്ന പട്ടാളമാം,
ധാരാളദ്യുതിയാൻ്റു കാൺമു വഴിയേ
        ഖദ്യോതവൃന്ദങ്ങളിൽ
ധാരാവൃഷ്ടിയിതിൽ കെടാത്തൊരെഴുനെ-
        ള്ളത്തിൻ വിളക്കെണ്ണുമേ. ൧൯

കൂവീടുന്നു കുറുക്കനും നിലവിളി
        ച്ചീടുന്നു ഭേകങ്ങളും
ചീവീടും കരയുന്നു കൂമനുമിതാ
        കേഴുന്നിതുഴങ്ങളിൽ;
ആവിർശ്ശോകമൊടിന്നിവററികളിലാ-
        വേശിച്ചു തദ്രേചർതാൻ
വാവിട്ടാർത്തു പുലമ്പുകല്ലി? നിശതാൻ
        രോദിക്കുമാറുഗ്രമായ്. ൨൦



Digitized By Kerala Sahitya Akademi

മൂന്നാളിമ്മഹനീയമാം നൃപകുല
ത്തിങ്കൽ കലാജാതരായ്
പോന്നാർ "ബാഹട" "കാളിദാസ" "പണി
പുത്ര"ന്മാർ മഹാന്മാരിവർ,
ഇന്നാശാഖ വിടർന്ന പൂക്കളിവ
മൂന്നുംപോയ് മഹാശൂന്യമാ
യൊന്നായമ്മലർവാടിയും പൃഥിവിയും
നിഷ്ക്രാന്തസൽഗന്ധയായ്!. ൧൦

എന്നല്ലീയൊടുവിൽ സ്ഫുടിച്ച മലരിൻ
ലോകോത്തരാമോദമി-
ങ്ങന്നന്നേറുവതോർത്തതമ്മുടിയിലേന്തും
തൽകുലശ്രീയുമെ
ഇന്നപ്പൂവു കരിഞ്ഞകണ്ടഹഹ! തൻ
പുണ്യം പരിക്ഷീണമാ-
യെന്നഞ്ചുന്നിതമർത്ത്യരിൽ പതനഭീ
യില്ലാതെയില്ലാരുമെ. ൧൧

'ജീവേശ' 'പ്രിയതാത' ഇങ്ങനെയഹോ!
സൌധസ്ഥരാം രാജ്ഞിമാ
രാവേഗത്തൊടിതാതുടർന്നു മുറയി-
ട്ടീടുന്നു; തൽക്രന്ദനം
ജീവൽപ്രേത "മഹാബലിക്ഷമ" വിധം-
ബിക്കുന്നു; ദൂരത്തുനി-
ന്നാവത്തിപ്പൊരതിൻെറ മാറൊലികളാൽ
കേഴുന്നു ദിഗ്ദേവിമാർ!. ൧൨

Digitized By Kerala Sahitya Akademi

സ്നേഹാർദ്രാശയ! വൈദുഷീജിതജഗ-
        ത്തായീടുമങ്ങെയ്യെഴും
മാഹാത്മ്യങ്ങളിൽ വിസ്മയിച്ചു കരയുന്നു
        ഹന്ത! മാതൃക്കകൾ
ദേഹാലംബനമാം ഭവൽപ്രണയിലോകം
        പിന്നെയെന്താം!—തടി
ത്താഹാ ചുട്ടു മഹാദ്രുമം; ലത നിലം
        പററി, പ്രരോഹാകുല. ൧൬

സ്പഷ്ടം ഭ്രമിമറയ്ക്കിലിന്ദുതെളിയും
        വീണ്ടും മുഹൂർത്തത്തില-
പ്പുഷ്ടശ്രീരവിമൂടിയാലുമുയരും
        പക്ഷം കഴിഞ്ഞാൽമതി,
ദുഷ്ടക്കാലമഹാഗ്രഹത്തിനിരയാ
        യീ"രാജരാജേ"ന്ദു!ഹാ!
കഷ്ടം "രോഹിണി"യക്കലേശനെയിനി
        ക്കാണില്ല്യ കേണാലുമേ. ൧൭

ജീവച്ഛേദനമാകുമാധിപിടി
        പെട്ടാലും മനസ്വിവ്രജം
വൈവശ്യം കലരാതെ കൃത്യമതിയാൽ
        വാഴാംകുറഞ്ഞൊരുനാൾ,
പൂവററാലുമുടൻ കരിഞ്ഞിടുവതി
        ല്ലോരില്ല്യതിക്ഷ്ണക്ഷതം,
ഭാവത്തിൻപരകോടിയിൽ സ്വയമഭാ-
        വത്തിൻസ്വഭാവംവരാം. ൧൮

Digitized By Kerala Sahitya Akademi

ആരാലെന്തുനിവൃത്തി?—ജീവിതരസം
കാങ്ക്ഷിച്ചു മേന്മേലഹോ!
തീരാത്തോരതിതൃഷ്ണയാൽ രസന
നീട്ടാൻ കഷ്ടം! മിത്ഥ്രേഫികൾ
തോരാതുള്ളൊരു കണ്ണുനീരിലവരെ
ച്ചുട്ടിട്ടതല്ലാതയ-
സ്സാരാഢ്യൻ പടുപശ്യതോഹരന-
വാഴ്ത്തക്രൌര്യനെന്നും വിധി! ൨൧

അന്തശ്ചന്ദ്രശരൽഘനാഭതേടവിപ്പൊങ്ങി
പ്രദീപാംശുവാൽ
പ്രാന്തസ്ഫൂർത്തികലന്നമാളികയിലാ-
ശ്ശയ്യാതലത്തിൽ ക്ഷണം
സ്വാന്തം ദീപ്തിനശിച്ചുഹോ രജതപാത്രം
പോൽ തണുത്തേററവും
ശാന്തം ഹന്ത! ശയിച്ചിരുന്നു ശിവനേ!
യബ്ദാനുവിൻമണ്ഡലം. ൨൨

കായംവിറ്റത്തൊടടുത്തു കേണരുളുവോർ
നേരേ ചിരിച്ചും, തിരി-
ഞ്ഞായുർജ്യോതിഷതത്ത്വവിത്തുകളെ
നോക്കിക്കൊണ്ടുതാണം കാട്ടിയും
ഭീയും ദീനതയും മഹാവിരതിയും
നോട്ടങ്ങളാൽ ചേർത്തുമാ-
ശ്രീയുക്താവയവങ്ങൾ തോറുമൊരുപോൽ
ക്കൂത്താടിയാർത്തു മൃതി! ൨൩

Digitized By Kerala Sahitya Akademi

ലോകത്തെജ്ജഡമാക്കി നിദ്ര
നിശീഥത്തിൻെറ സന്താനമാം
മൂകത്വത്തെ മുതൻ്ന തൻമുലകുടിപ്പിക്കും
മഥത്വത്തൊട്ടും
ഹാ! കണ്ണങ്ങളിലുഗ്രശംഖമുരജ-
ധ്വാനങ്ങളേൾക്കാതെയും
ഭൂകമ്പികിലനങ്ങിടാതെയുമിതാ!
പൊങ്ങുന്നു നിശ്ശബ്ദത. ൩൦

അമ്പോ! പിന്നതിശൂന്യമാമൊരമര
ത്തോട്ടത്തിലുൽക്രാന്തനാം
വമ്പേരാൎന്നസുധാമുഖാഥിപതി
നിൎമ്മോചിച്ച ചട്ടയ്ക്കിതാ!
മുൻപേപോയ "മയൂരദൂത" കവി
തൻശേഷിച്ചഭസ്മങ്ങളി
നമ്പേലും കുശലങ്ങൾചൊൽവു നിപുണ
ശ്രോത്രങ്ങൾ കേൾക്കുമ്പടി! ൩൧

"വന്നാലും വിധിയാൽസ്വയം ത്വരിതമാ-
യെത്തും പ്രിയാകാരമേ,
യിന്നാളല്ല! പിരിഞ്ഞു ഹന്ത!
ചരമാശ്ലേഷം കഴിഞ്ഞിങ്ങുനാം;
ഒന്നാണിങ്ങെഴുമുഗ്രനാമനലഭ്രുതത്തിൻ
കരം തട്ടിയാൽ
വന്നാളും പരിണാമഭിന്നത പറ-
ഞ്ഞാലും ഭയംതോന്നുമേ! ൩൨

Digitized By Kerala Sahitya Akademi

മുക്കാലും പുകയായി ഞങ്ങൾ ചെളിയാ-
യൊട്ടൊട്ടു പുൽക്കൂട്ടമാ-
യുൽക്കാചഞ്ചലമായ ജീവിതമതി-
ങ്ങോരോന്നു മാറുംവഴി
ഇക്കാണും നറുതുമ്പയും മൃദുലമാമി-
ക്ഷുദ്രപ്പുല്ലുമാ-
നില്പാതുള്ളൊരവസ്ഥ കണ്ടു ചെറു-
പൂങ്കൊത്താൽ ചിരിക്കുന്നതാം. ൩൩

വഞ്ചീശശ്രീപരമേശലക്ഷ്മിയുടെ പൂ-
മെയ്ചേർന്നു രോമോൽഗമം
തഞ്ചീടും തിരുമേനിതന്നവയവ-
ക്ഷോദങ്ങളാം ഞങ്ങളെ
മിഞ്ചീപാവകനീവിധം മനുജർതൻ
ഭാഗ്യങ്ങളെന്നോർക്കിലു-
ള്ളഞ്ചീടും ചിതയെന്തു? ഞങ്ങൾ
വിരവിൽ കണ്ടിങ്ങു രണ്ടുംസമം. ൩൪

കഷ്ടം സ്ഥാനവലിപ്പമോ പ്രഭുതയോ
സജ്ജാതിയോ വംശമോ
ദൃഷ്ടശ്രീതനുധാടിയോ ചെറുതു-
മിങ്ങോരില്ല ഘോരാനലൻ;
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ
പ്പുക്കസ്തമിക്കുന്നിതി-
ങ്ങിഷ്ടന്മാർ പിരിയുന്നു; ഹാ—ഇവിടമാ-
ണദ്ധ്യാത്മവിദ്യാലയം! ൩൫

Digitized By Kerala Sahitya Akademi

ചോരച്ചെങ്കനൽചേൎന്ന കൊള്ളിനിരപോൽ
    പൂക്കും മുരുക്കും പരം
ചാരത്തീയെരിതീയൊടൊത്ത കുസുമം
    വായ്ക്കുന്ന മുൾക്കള്ളിയും
ചാരംപൂണ്ട ചവുണ്ട പൂവൊടിചിടം
    ചൂഴ്ന്നോരെരുക്കും സ്വയം
സാരജ്ഞൎക്കു നരേതിഹാസചരമ
    സ്കന്ധം പ്രസംഗിക്കയാം. ൨൬

പോകട്ടേയതു ഭൂതപിണ്ഡമനലൻ
    ഭഞ്ജിക്കിലും ഭാവിയാം
ലോകത്തിൽ ക്ഷതിയില്ല പുണ്യചരിതന്മാ-
    ൎക്കെന്നു കേൾക്കുന്നിതേ;
ശോകംവേണ്ടയി നമ്മളാമ്മഹിതർതൻ
    ശിഷ്ടാംശമല്ലോ, വരാ–
മാകല്പം പുകളിന്നമുക്ക മിന്നിനാം
    തങ്ങും സ്ഥലങ്ങൾക്കുമേ.” ൨൭

ഓരോന്നിങ്ങനെയോതുമല്പൊടികളെ
    ത്തഴ്ഞ്ഞിച്ചു മേൽ കട്ടവ-
ച്ചാരോപിച്ചു വപുസ്സതങ്ങുമിഴിനീ-
    രോലുന്ന തജ്ഞാതികൾ;
സാരോദഗ്രനവ“പ്രസാദസര”മൊ-
    ന്നൎപ്പിച്ചു തന്നാൽസ്തുതൻ
സ്സ്വാരോച്ഛ്വാസമൊടാശ്രുയോശനമഹൊ!
    പൊങ്ങീ ബുഭുക്ഷാകുലൻ. ൨൮

Digitized By Kerala Sahitya Akademi

ഹാ! ഗർത്തോപരി തീർത്തപട്ടടയില-
        സ്സംസ്കാരപൂതാ, മഹാ-
ഭാഗൻതൻ ഗുണധോരണീ മധുരമി
        ത്പ്രീതം സ്വദിച്ചീടുവാൻ
ഭൂഗർഭസ്ഥിതമായ ഭൂതനിവഹം
        പൊക്കുന്നു നാക്കൊക്കെയ-
ന്നാഗശ്രേണികണക്കെ നീളുമനല
        ജ്വാലാവലേഹങ്ങളാൽ. ൫൨

രോചിസ്സേറി വപുസ്സു പൊൽതകിടുപോൽ
        പാളിപ്രധൂമാംശുകം
മോചിച്ചിമ്മഹനീയ ദാഹവിധിയിൽ
        സംതൃപ്തനായ് സത്വരം
വീചിക്ഷോഭമിയന്ന തീക്കടലുപോൽ
        വ്യക്തസ്ഫുലിംഗാകുലൻ
ശോചിഷ്കേശനിതാസ്ഫുടം ജട വിതു-
        ർത്താടുന്നു രുദ്രാകൃതി!. ൫൩

ഹാ! കാലാഭിഭവം വെടിഞ്ഞനുപദം
        പൊങ്ങുന്ന ദാക്ഷിണ്യമേ!
ലോകാരാധിത രീതിയാർന്ന ലളിത
        ശ്രീ തേടുമൌദാര്യമേ!
പാകാർദ്രാവിരതാശ്രിത പ്രണയിമേ
        നിർഗ്ഗേഹരായ് നിങ്ങളി-
ന്നേകാലംബനമായൊരാലയമിതാ
        കത്തുന്നു കേണീടുവിൻ! ൫൪



Digitized By Kerala Sahitya Akademi

ദിവ്യസ്തോത്രഗണം രചിച്ചു ദിവിഷദ്
ശ്രോത്രോത്സവം ചേർത്തനൽ
ഭവ്യശ്രീകലരും നവീനമുനിയാ
മിക്ഷത്രിയശ്രോത്രിയൻ
സുവ്യക്തം തനതംഗമിന്നു ബലിയായ്
നൽകുന്നിതിമ്മട്ടെഴും
ഹവ്യം ഭൂമിയിലില്ലഹോ! ഹുതവഹ
സ്വാമിൻ പ്രസാദിക്കനീ. ൩൯

വൃത്രദ്വേഷി വിരഞ്ഞു വജ്രകരനാ-
യെത്തീ വിയത്തിൽസ്വയം,
മിത്രസ്നേഹമൊടിങ്ങിതാ വരുണനും
വന്നൂ മരുത്തുക്കളും,
അത്ര്യാഗ്നി ശിഖാളിപോൽ മുകളിൽവ-
ന്നെത്തുന്നു രുദ്രാളിയും,
ചിത്രം! മേഘഗണം ക്ഷണം മഴയിതാ
നിർത്തുന്നു ദേവാജ്ഞയാൽ. ൪൦

കൃത്യജ്ഞൻ ഹതകൈരളിക്കു നവമാം
ജീവൻ കൊടുത്തെങ്ങുമ-
ന്നിത്യഖ്യാതിയിയന്നൊരിസ്സുകൃതിതൻ
ദിവ്യാംഗസംഗത്തിനാൽ
അത്യർത്ഥം പരിശുദ്ധമാം ചിതയിലെ
ഗ്ഗന്ധേന്ധനങ്ങൾക്കുമേൽ
പ്രത്യഗ്രാരുണമായ് മുളച്ചുതളിരോ
പൊന്തുന്നു ചെന്തീയതോ? ൪൧

Digitized By Kerala Sahitya Akademi

ഹാ! ഗത്തോപരി തീർത്തപട്ടടയില-
സ്സംസ്ക്കാരപൂതാം, മഹാ-
ഭാഗൻതൻ ഗുണധോരണി മധുരമി
ന്നേതം സ്വദിച്ചീടുവാൻ
ഭൂഗർഭസ്ഥിതമായ ഭൂതനിവഹം
പൊക്കുന്നു നാക്കൊക്കെയ-
ന്നാഗശ്രേണികണക്കെ നീളുമനല
ജ്വാലാവലേഹങ്ങളാൽ. ൧൧

രോചിസ്സേറി വപുസ്സു പൊൽതകിടുപോൽ
പാളിപ്പുധൂമാംശുകം
മോചിച്ചിമ്മഹനീയ ദാഹവിധിയിൽ
സംതൃപ്തനായ് സത്വരം
വീചിക്ഷോഭമിയന്ന തീക്കടലുപോൽ
വ്യക്തസ്ഫുലിംഗാകുലൻ
ശോചിഷ്കേശനിതാസ്പുടം ജട വിതു-
ത്താടുന്നു തദ്രോകൃതി!. ൧൨

ഹാ! കാലാഭിഭവം വെടിഞ്ഞനുപദം
പൊങ്ങുന്ന ദാക്ഷിണ്യമേ!
ലോകാരാധിത രീതിയാന്ന ലളിത
ശ്രീതേടുമൌദാര്യമേ!
പാകാർദ്രാവിരതാശ്രിത പ്രണയിമേ
നിർഗേഹരായ് നിങ്ങളി-
ന്നേകാലംബനമായൊരാലയമിതാ
കത്തുന്നു കേണീടുവിൻ! ൧൩



Digitized By Kerala Sahitya Akademi

ഊഹാഭ്യാസനിശാത ചാരുധിഷണേ!
        യുന്മേഷ സമ്മൃഷ്ടസം
മോഹാസ്യപ്രതിഭേ! മുഹുല്യ്ത്തകലാ
        പ്രസ്താരയാം ധാരണേ!
അഹാ വെന്തെരിയുന്നു! നിങ്ങളഭയം
        കൈക്കൊണ്ടു ചേക്കാനൊരാ
സ്നേഹാഗ്രം, സരളദ്രുമം; നിലവിളി-
        ച്ചാരാൽ പറന്നീടുവിൻ!
                                                            ൰൮

മങ്ങാത്തൊരു മനോജ്ഞഗുണങ്ങളഖിലം
        കാലൂന്നി മെത്തുംമണം
പൊങ്ങാറായതിനാൽ സ്വയം പുകയിലും
        സൌരഭ്യമേറുംപടി
ഇങ്ങാശിച്ചു വസിച്ചെരിഞ്ഞു പിരിയും
        ദേഹാണുപുഞ്ജങ്ങളേ!
യെങ്ങാഹാ! യിനിനിങ്ങൾ പോവതുയരും
        കാററിൽ കരഞ്ഞീവിധം!
                                                            ൰൯

പൊങ്ങിപ്പൊങ്ങിയ കാലധൂമനിരപോൽ
        പച്ചന്തമെങ്ങും നിറ-
ഞ്ഞിങ്ങിക്കാണുവതെന്തുവാൻ?—സുദൃഢമി
        ന്നോരോരു ഭാവങ്ങളാൽ
തിങ്ങിക്കേരളി തന്മനോജ്ഞഹൃദയപെട്ടി
        ഞ്ഞൊരാശാഗണം താനഹോ
മുങ്ങിത്തീയിലുമിത്തൊടാത്മജ്ഞഗുണം
        തപ്പും മഴപ്പാററകൾ.
                                                            ൰൧

Digitized By Kerala Sahitya Akademi

നാനാവ്യക്തിവഹിച്ചു കൈരളികരൾ-
        ത്തട്ടാന്നൊരാരാമോൽകരം
താനാണിശ്ശലഭങ്ങളെന്നു ദൃഢമാ
        യുൾച്ചിന്തുമിച്ചിന്തയിൽ
സൂനാകാരമടിഞ്ഞിവററ ചിറക-
        ററാഞ്ഞും കരിഞ്ഞും പെട്ടും
ദീനാവസ്ഥകൾ കണ്ടെനിക്കു ഹൃദയം
        പൊട്ടുന്നു ഞെട്ടുന്നു ഞാൻ. ൭൮

മോഹത്താൽ തുനിയുന്നു നിങ്ങൾ; മൃദുവാ
        മിമ്മേനിയെങ്ങഗ്നി
ദാഹവ്യാപൃതനെങ്ങു വഹ്നി?—അഥവാ
        സത്യം, പതംഗങ്ങളേ!
ദേഹം നശ്വരമാക്കുമിങ്ങതൊരുവൻ
        കാത്താലിരിക്കാ; സ്ഥിര-
സ്നേഹത്തെക്കരുതി സ്വത്വം കഴികിൽ ന്ന-
        റാവൃത്തി ചത്തിടുവിൻ! ൭൯

ഹാ വണ്ടിൻനികരങ്ങളും ഝടിതിയി-
        ട്ടിവ്വൻകവീന്ദ്രന്റെമേൽ
ഭാവവ്യക്തികൾ കാട്ടിയിന്നനുമരി
        ച്ചാശ്വാസമേലാനിതാ
ദേവന്മാർ ചിലരാവസിച്ചിട്ടുകയാൽ
        കാററത്തടിച്ചാഞ്ഞിടും
ഞാവൽകായ് നിരപോലെപോന്നു ചിതമേൽ
        കേഴാതെ വീഴുന്നിതേ. ൮൦

Digitized By Kerala Sahitya Akademi

സത്യം ദേവകൾതാൻ സുഖത്തിലനു-
മോദിക്കുന്നു സത്തുക്കളോ-
ടത്യന്തം സ്വയമപ്രകാരമനുശോ-
ചിക്കുന്നു ദുഃഖത്തിലും;
നിത്യസ്പർദ്ധിമനുഷ്യവർഗ്ഗമിവിടെ-
ക്കഷ്ടം ഗുണദ്വേഷിയായ്
പ്രത്യക്ഷത്തിലധഃപതിച്ചു സുരരേ!
ഹാ നിങ്ങൾ താങ്ങീടുവിൻ. ൭൩

പ്രാമാണ്യം സ്വയമാർന്നപാണ്ഡിതി,
പരിഷ്കാരത്തിൽ നിത്യാദരം,
സാമാന്യാധികമായശക്തി കവിതാ-
സാമ്രാജ്യസംരക്ഷയിൽ;
ശ്രീമാഹാത്മ്യമിവണ്ണമാർന്ന വിബുധ-
ജ്യോതിഷ്മതെ! നിൻയശോ
ഭൂമാവിൽ ചില കൌശികപ്രജമഹോ
പുച്ഛം നടിച്ചു ചിരം! ൭൪

പണ്ടേയുണ്ടു മനുഷ്യനിർഗ്ഗുണപുരോ-
ഭാഗിത്വ,മറ്റൾഗ്ഗുണം
കണ്ടേറുന്ന വിവേകശക്തിയതിനെ
ക്കൊന്നില്ലയിന്നേവരേ;
മിണ്ടേണ്ടാകഥ—ഹന്ത!യിന്നിതുവെറും
മൂർഖത്വമോ മോഹമോ?
വണ്ടേ! നീ ത്തുലയുന്നു; വീണയി വിള-
ക്കും നീകെടുക്കുന്നുതേ! ൭൫

Digitized By Kerala Sahitya Akademi

ശങ്കാപേതമുദിക്കുമെത്ഥരുചിയെ?
          ങ്ങെങ്ങാവെറുംശബ്ദമാ-
മാങ്കോലക്കരുചിൻെറയെണ്ണയിലെഴു-
          ന്നാജ്ജാലകൌതൂഹലം?
ഹുങ്കാരത്തിലൊതുങ്ങുമോപരഗുണോൽ-
          കഷ്ഷങ്ങൾ? ഉണ്ടൂഴിയിൽ
പൂങ്കോഴിപ്രകരത്തിനും സ്ഥലമഹോ!
          പുംസ്കോകിലങ്ങൾക്കുമേ. ൧൦

വേണ്ടാ ചിന്തയിനിക്കലാനിലയ, വിണ്ണേ-
          റും ഭവൽജ്യോത്സ്നയെ-
ത്തീണ്ടാഭൌമതമസ്സുമിന്നസിതമാം
          പക്ഷാന്തരംതാനുമെ;
ഉണ്ടാകാംപരിഭ്രതിഭീതിസുകൃത-
          ശ്ലോകക്ക; വെൺചാമ്പച്ചു-
ള്ളാണ്ടാറുന്ന തടസ്ഥിലേശനിരയും
          കത്താമതോത്താധിയാൽ. ൧൧

ശോകംപൂണ്ടുഴറിച്ചിരം വികൃതി-
          ഭേദോൽകൃഷ്ടമാം സാഹിതി
ലോകത്തിൻെറ ദൂഷിച്ചുപോയ രുചിയെ
          പ്രത്യാനയിപ്പാൻ ഭവാൻ
പാകത്തിൽ കവിരാജരാജ! ഫലമാം-
          വണ്ണം ചികിത്സിച്ചു;—ഭി-
ന്സ്കാകംവേണ്ടയിനിബ്ഭവാൻെറ ഗുളിക-
          ച്ചെപ്പേന്തുമേ ശിഷ്യരും. ൧൨

Digitized By Kerala Sahitya Akademi

സത്യം ദേവകൾതാൻ സുഖത്തിലനു-
മോദിക്കുന്നു സത്തുക്കളോ-
ടത്യന്തം സദയമപ്രകാരമനുശോ-
ചിക്കുന്നു ദുഃഖത്തിലും;
നിത്യസ്പർദ്ധിമനുഷ്യവർഗ്ഗമിവിടെ-
ക്കഷ്ടം ഗുണദ്വേഷിയായ്
പ്രത്യക്ഷത്തിലധഃപതിച്ചു സുരരേ!
ഹാ നിങ്ങൾ താങ്ങീടുവിൻ. ൧൩

പ്രാമാണ്യം സദയമാർന്നപാണ്ഡിതി,
പരിഷ്കാരത്തിൽ നിത്യാദരം,
സാമാന്യാധികമായശക്തി കവിതാ-
സാമ്രാജ്യസംരക്ഷയിൽ;
ശ്രീമാഹാത്മ്യമിവണ്ണമാർന്ന വിബുധ-
ജ്യോതിഷ്മതെ! നിൻയശോ
ഭൂമാവിൽ ചില കൌശികപ്രജമഹോ
പുച്ഛം നടിച്ചു ചിരം! ൧൪

പണ്ടേയുണ്ടു മനുഷ്യനിർഗ്ഗുണപുരോ-
ഭാഗിതാ,മറ്റുഗ്ഗുണം
കണ്ടേറുന്ന വിവേകശക്തിയതിന്നു
ക്കൊന്നില്ലയിന്നേവരേ;
മിണ്ടേണ്ടാകഥ—ഹന്ത!യിന്നിതുവെറും
മൂർഖതായോ മോഹമോ?
വണ്ടേ! നീ തുലയുന്നു; വീണയി വിള-
ക്കും നീകെടുക്കുന്നുതേ! ൧൫

Digitized By Kerala Sahitya Akademi

ശങ്കാപേതമുദിക്കുമത്ഥരുചിയെ?
ങ്ങെങ്ങാവെറുംശബ്ദമാ-
മാങ്കോലക്കരുചിൻെറയെണ്ണയിലെഴു-
ന്നാജ്ഞാല്കൌതുഹലം?
ഹുങ്കാരത്തിലൊതുങ്ങുമോപരഗുണോൽ-
കഷ്ടങ്ങൾ? ഉണ്ടൂഴിയിൽ
പൂങ്കോഴിപ്രകരത്തിനും സ്ഥലമഹോ!
പുംസ്കോകിലങ്ങൾക്കുമേ. ൧൪

വേണ്ടാ ചിന്തയിനിക്കലാനിലയ, വിണ്ണേ-
റും ഭവൽജ്യോൽസ്നയെ-
ത്തീണ്ടാഭൌമതമസ്സുമിന്നസിതമാം
പക്ഷാന്തരംതാനമെ;
ഉണ്ടാകാംപരിഭ്രതിഭീതിസുകൃത-
ശ്ലോകൎക്കു; വെൺചാമ്പച്ചു-
ള്ളാണ്ടാറുന്ന തടസ്ഥിലേശനിരയും
കത്താമതോത്താധിയാൽ. ൧൫

ശോകംപൂണ്ടുഴറിച്ചിരം വികൃതി-
ഭേദാകൃഷ്ടമാം സാഹിതി
ലോകത്തിൻെറ ദൂഷിച്ചുപോയ രുചിയെ
പ്രത്യാനയിപ്പാൻ ഭവാൻ
പാകത്തിൽ കവിരാജരാജ! ഫലമാം-
വണ്ണം ചികിത്സിച്ചു;—ഭീ-
സ്തോകംവേണ്ടയിനിബ്ഭവാൻെറ ഗുളിക-
ച്ചെപ്പേന്തുമേ ശിഷ്യരും. ൧൬

Digitized By Kerala Sahitya Akademi

ക്ഷീണിക്കാത്തമനീഷയും മഷി-
യുണങ്ങീടാത്ത പൊൻപേനയും
വാണിക്കായ് തനിയേയുഴിഞ്ഞു വരമായ്
നേടീ ഭവാൻ സിദ്ധികൾ,
കാണിച്ചൂ വിവിധാത്ഭുതങ്ങൾ വിധിദൃ-
ഷ്ടാന്തങ്ങളായ്, വൈരിമാർ
നാണിച്ചു, സ്വയമംബകൈരളിതെളി-
ഞ്ഞതിക്ഷിച്ചു മോക്ഷത്തെയും. ൩൭

എന്നാലിപ്പണിതീർന്ന ഗോപുരമുണ-
ങ്ങീട്ടില്ലുറപ്പാർന്നതി-
ല്ലെന്നായഗ്ഗളനാളമെത്തിയ ഭവൽ-
പ്രാണങ്ങൾ കേണാകിലാം
എന്നായാധിയിവൾക്കു; ഹാ! വിധി-
വിനോദിക്കുന്നു; നട്ടുച്ചയായ്
നിന്നാഭാസ്കരനസ്തമിച്ചു; മുഴുകീ
കണ്ണീരിലണ്ണോമ്ജിനി. ൩൮

കേണാലും മനമെ, കിളന്നൊരിയുവോ-
രിത്തീയിലക്കൈരളീ-
പ്രാണാലംബനമാം കനിഷ്ഠതനയൻ
കത്തുന്നു തത്താദൃശൻ!
വീണാഹാ! കരയുന്നിതാർദ്രമുഖിയി-
ബ്ഭ്രൂദേവി; വാഗ്ദേവിതൻ
വീണാമുക്തകരാർപ്പിതാസ്യകമലം
കണ്ണീർത്തുളുമ്പാറുമായ്. ൩൯

കാണും മട്ടിലിടയ്ക്കിടയ്ക്കു തെളിവോ-
        രിത്താരചക്രോൽകരം
പൂണും തേരുകളേറി മേഘമൊഴിയും
        വിണ്ണിന്റെ ഖണ്ഡങ്ങളിൽ
താണും പൊങ്ങിയുമങ്ങുമിങ്ങു മകലത്തായും
        തിരക്കായിതേ
ചേണുററീടിന വിദ്യയാൽ സ്ഥിരപദം
        പ്രാപിച്ച വൈമാനികർ. ൩൦

വാനത്തമ്പ് ബഹുദൂരെ വന്മഹിമയാൽ
        പണ്ടേമഹാത്മ്യന്നത-
സ്ഥാനംചേൎന്നവരിങ്ങെഴും വ്യസന-
        മോൎത്തിന്നാൎത്തി തേടുന്നിതേ!
നൂനം ഭൂമിയൊടുണ്ടവൎക്കു വലുതാം
        സ്നേഹം, തമസ്സററെഴും
ജ്ഞാനത്താൽ നിജദേശകാലകൃതമാം
        ദൂരങ്ങളോരില്ലവർ. ൩൧

എന്നല്ലിത്തിരുമേനിതാനുമിവരൊ-
        ത്തന്യൂനമാഹാത്മ്യമാ-
ണ്ടിന്നേക്കും സ്വയമപ്പദത്തിൽ വിലസും
        ജ്യോതിസ്സിലൊന്നാമിനി
എന്നദ്ദിവ്യരറിഞ്ഞു ഭൂമിവെടിയു-
        ന്നോരീമഹാനെദ്ദൃതം
വന്നേററം ബഹുമാനപൂൎവ്വമെതിരേ-
        ററീടുന്നുവെന്നുംവരാം. ൩൨

Digitized By Kerala Sahitya Akademi

ഓജസ്സാന്നമുഖങ്ങൾ ചുഴെയുരുക്കും
        തൂവെള്ളിപോൽ ശുഭ്രമാം
തേജസ്സിൻപരിവേഷമാന്നു തെളിവിൽ
        കാണുന്നിതാ വ്യക്തികൾ,
രാജച്ചന്ദ്രികയൊത്ത രമ്യവസനം
        പൂണ്ടോരഹോ! സ്ഫാടിക-
ഭ്രാജന്മൂത്തികൾ വാണിതന്റെ പരിഷൽ-
        സാമാജികന്മാരിവർ. ൩൨

തപിട്ടാളുംമിഴി ശബ്ദരാശി തിരവാൻ
        വിട്ടും, വിരഞ്ഞാടിനാൽ
കിട്ടാൻ പണ്ടുകടുന്നുടിധ്വനികളിൽ
        കണ്ണും കൊടുത്തും സ്വയം
എട്ടായ്തീത്ത സരങ്ങൾ ഗ്രച്ഛസഹിതം
        കൂട്ടിപ്പഴക്കത്തിലും
പൊട്ടാതാക്കിയ സൂത്രധാരമെഴുമീ-
        ശ്രീമാനതിൽ പാണിനി! ൩൩

'ഭാഷാ'വ്യാകരണം നിജാഭിധയിലായ്
        തീത്തന്നിങ്ങോപജ്ഞമാം
ഭാഷാശാസ്ത്രമതിൻ "ലഘു"കരണവും
        ചെയ്തോരു ദേഹത്തിനായ്
തോഷാശ്രുക്കൾപൊഴിഞ്ഞു രണ്ടുകരവും
        പൊക്കിട്ടുമുള്ളെട്ടിതാ
ശേഷാരാധിതപാദനമ്മുനി കനി-
        ഞ്ഞാശിസ്സു തൂവുന്നിതാ. ൩൪

Digitized By Kerala Sahitya Akademi

തന്നെത്താൻ നിജചിന്തയിൽ ബലികഴി-
ച്ചാജ്ജിച്ച നിക്ഷേപമി-
ങ്ങന്ന്യന്മാർ പകരുന്നകണ്ടു കൃതിയായ്-
ത്തീരുന്നു വിദ്വാൻസ്വയം;
പിന്നെത്തൽ പരിപോഷണശ്രമഫലം
പാത്താലവൻ പൂണ്ടിടും
ധന്യത്വം പറയേണ്ടതില്ലയി ഭവാൻ
മോദിച്ചു സത്യംമുനേ!, ൧൧

കാണാമമ്മഹനീയരിൽ പലരെയും
പിന്നിട്ടു പിന്നെപ്പുരം
ചേണാന്നോരു കവീന്ദ്രപട്ടബിരുദം
പൂണ്ടുജ്ജ്വലന്മൌലിയായ്,
വീണാപുസ്തകഹസ്തരാംപരിജന-
ത്തോടൊത്തു ഗൈവ്വാണിതൻ
പ്രാണാധ്യായകനാം മഹാത്മ്യതിയെഴു-
ന്നെള്ളുന്നു മെല്ലെന്നിതാ. ൧൨

അംഗാരത്തിലെരിഞ്ഞു ശുദ്ധിതടവും
പൊന്നൊത്തു സത്വാഗ്നിയിൽ
ശൃംഗാരക്കറപോയ് തെളിഞ്ഞൊരു മഹാ-
സൌന്ദര്യസാരാകൃതി,
അംഗാശ്ലേഷവിധിക്കു മിത്രമണിയെ
ക്കണ്ടാഞ്ഞു നീട്ടുന്നിതാ
തുംഗാഭിഖ്യയെഴും കരാംകുരമഹോ
ശുക്രൻകണക്കാക്കവി. ൧൩



Digitized By Kerala Sahitya Akademi

നൊന്താളുന്നഴലൊത്തു നിർമ്മലമുഖാ-
ദർശത്തിൽ മൂർഛിച്ചെഴും
ചിന്താരൂഢകൃതജ്ഞതാ ബഹുമതി
സ്നേഹാനുമോദങ്ങളാൽ
സന്താപാശ്രുകണങ്ങളൊത്തുതുടരും
സന്തോഷബാഷ്പം ചൊരി-
ഞ്ഞെന്താമിക്കുശലോക്തിയിൽ
കവിവരൻ ബന്ധിക്കുമന്തർഗ്ഗതം? ൯

"ആമന്ത്രിച്ചുഴലാർന്ന ഭൂമിയെവെടി-
ഞ്ഞെത്തും ഭവാനാദ്യമായ്
ശ്രീമൻ, ബാഷ്പസമാവിലാക്ഷരമുര-
ച്ചീടുന്നു ഞാൻ സ്വാഗതം,
ഹാ! മർത്ത്യൻ സുരഭാവമാർന്നിടുകിലും
ഭൂസ്നേഹി, നിർഹേതുക
പ്രേമംതന്നെജയിപ്പൂ, ലോകമതുതാ-
നാനന്ദദുഃഖാത്മകം. ൧൦

ഏകാന്തം സുഖമിങ്ങു, നിത്യമഴലാം
താഴെത്തമോ ഭൂമിയിൽ,
ശോകാസക്തിതമഃപ്രകാശശബള
ശ്രീയൊത്ത മദ്ധ്യോർവ്വിയിൽ,
ദേഹകാത്മാചലഭോഗഭൂവിൽനിമിഷന്തോറും
രസോന്മേഷിയാം,
ശ്രീകാളും രസകാമധേനു രസയാമോർക്കിൽ
കവിക്കെന്നുമേ. ൧൧

Digitized By Kerala Sahitya Akademi

ഹേമകശ്യാധരക്കൂടങ്കല്പകമല-
        ക്കാവിൻെറ ഭാഗങ്ങളിൽ
പ്രേമത്തിൽ സുരയൌവതങ്ങളനിശം
        പാടുന്ന മട്ടാണികൾ
സാമഞ്ജസ്യമെഴും ഭവൽഭണിതിയിൽ
        സഹ്യാദ്രി സാനുക്കളിൽ
ഭ്രമൻ, ഭൌമ'കുമാര'രോത്തുവതിനി-
        ക്കേകുന്നു രോമോദ്ഗമം. ൧൨

ഭംഗംവിട്ടരസപ്രവാഹമമര-
        പ്രാമാണികക്ക്രോ-
രംഗത്തിൽ തിരതല്ലിയെന്നുമരുളും
        മദ്ദപകങ്ങൾക്കുമേൽ
അംഗ,സന്ത്'കലാവിലാസ'വശയാ-
        യാടുന്ന വാഗ്ദേവി ത-
ന്നംഗക്ഷേപകുതൂഹലങ്ങളുമെനി-
        ക്കാനന്ദമേകുന്നു താൻ. ൧൩

രാജ്യശ്രീ ഗതിയാൽ സ്വയം "രഘു"വിനെ-
        പ്പോ"ലാംഗ്ലസാമ്രാജ്യ"മാം
പ്രാജ്യത്വം കലരുന്ന വാഗ്ലഹരിയാൽ
        വിശ്വം ജയിച്ചു ഭവാൻ,
പൂജ്യഖ്യാതിയെഴും സുധാസദൃശിയ-
        ഗ്ഗൈവാണിതാനും തണു-
ത്താജ്യംപോലെയുറച്ചുപോയ നിലവി-
        ട്ടിപ്പോൾ ദ്രവിച്ചു കവേ! ൧൪

Digitized By Kerala Sahitya Akademi

ഖേദവ്യാകുല,കേരളാവനി കര-
ഞ്ഞീടുന്നതും, തീവ്രനി-
ർവ്വേദവ്യാഹതചിത്ത കൈരളി വിര-
ഞ്ഞിമ്മട്ടു മൂർച്ഛിച്ചതും
ഹാ! ദർശിച്ചു ഭവദ്ഗുണങ്ങളനു-
മാനിക്കാം സഖേ! ഭൂവിൽ നി-
ർവ്വാദം വിശ്രുതഭാവം രസത്തിൽ നില-
നിർത്തീടുന്ന വാഗ്ദേവതികൾ. ൧൨

താരിൻസൌരഭ്യമോടി തെന്നലതുപോൽ
സ്വച്ഛന്ദവാഗ്വീചിയാൽ
പാരിൻ പ്രാജ്യഗുണം പരത്തിയതിനെ-
ന്തോഗാഹമാക്കം മഹാൻ
നേരിൽ പ്രാണനിളയ്ക്കു,പിന്നെ മറയാൽ
താരാട്ടി ബാല്യം മുതൽ
ഭ്രാതൃച്ഛന്ദസർ, പോററിയോരു വസുധ-
യ്ക്കാക്കിൽ കഥിക്കേണമോ? ൧൩

അംഗച്ഛേദനതുല്യമാണു ഭവതി-
ക്കേതാദൃശന്മാർ നിജോ-
ത്സംഗംവിട്ടു പിരിഞ്ഞുപോവതു; വിധി-
ക്കിമ്മട്ടു കീഴ്പ്പെട്ടിനി,
തുംഗപ്രാഭവമാർന്നിടും ത്രിപഥഗാ-
സംഗത്തിനാൽ സ്തുത്യമാം
'വംഗ'ത്തോവിപ്പുദിച്ചുയർന്ന 'രവി'യെ-
സ്സേവിക്ക വിശ്വംഭരേ! ൧൪

Digitized By Kerala Sahitya Akademi

ഈവണ്ണം തുടരുന്നതിന്നിടയിലി-
ശ്ശാകുന്തളോത്ഭൃദ്ധ്യശോ-
ധാവള്യം കലരും കവീന്ദ്രനുടനേ
കുമ്പിട്ടു മുമ്പാകവേ
ഭാവസ്വച്ഛതയാർന്നു ചാരുകവിതാ-
മന്ദസ്മിതംപോൽ മന-
സ്സാവജ്ജിപ്പൊരു ധാമമെത്തി നില-
കൊള്ളുന്നു നിരാഡംബരം. ൫൨

ശ്രീമൻ, ഭൂപരിവത്തനങ്ങളിലിട-
യ്ക്കുണ്ടോ മറഞ്ഞേറനാ-
ളീമട്ടിൽ പടുദന്തലേഖനി നയി-
ച്ചിപ്പോൾ 'ഗണേശോ'ദ്ധൃതം
ആമന്നാടകചക്രമമ്പിൽ നിജവാ-
ക്കൂടേതിരിക്കും ഭവാ-
നാമജ്ജിച്ചിതു കാലസിന്ധുവിലഹോ
സംസാരപാരിപ്ലവം! ൫൩

ഖ്യാതിപ്പെട്ട പുരാണരൂപക കവി-
പ്രൌഢൻ കനിഞ്ഞീവച-
സ്സോതി സ്വസ്തിപറഞ്ഞു മാറുമുന്നെ-
ങ്ങോരോ കലാവല്ലഭർ
ഹാ! തിക്കുന്നു, സമാനകമ്പരവരിൽ
പൌരസ്ത്യപാശ്ചാത്യരാം
ജ്യോതിർവ്വിത്തുകൾ മുഖ്യരാണുപചിത-
ജ്യോതിഷ്പ്രസാദോജ്ജ്വലർ. ൫൪

Digitized By Kerala Sahitya Akademi

നാലഞ്ചാളുകൾ പിന്നെയർച്ച്യപദരാ-
വേദാന്തിമാ,രപ്പുറ-
ത്താലങ്കാരികരാഗമജ്ഞർ പലര-
ന്നൈരുക്തികന്മാർ ചിലർ
നീലശ്രീലശരന്നഭസ്സിലുയരും,
ഗംഗാതരംഗത്തിലെ-
പ്പാലഞ്ചും പുതുബുദ്ബുദപ്രഭയൊടും
പൊങ്ങുന്നിതങ്ങങ്ങവർ. ൫൧

താണാദിക്കിനതെല്ലദൂരെയുടനേ
കാർകൊണ്ടലിൻകോടിയിൽ
കാണാമാഭകടൽക്കരയ്ക്കൊരു കരും-
വാർകൈത പൂക്കുന്നപോൽ;
ഏണാങ്കൻെറയപൂർണ്ണബിംബമവിടെ
പ്പൊങ്ങുന്നതോ? വാണിതൻ,
ചേണാർന്നീടിന ഹംസമാവഴി പറ-
ന്നെത്തുന്ന സന്നാഹമോ? ൫൨

അല്ലിൽദ്യോവിൽ മഹാണ്ഡകോടികൾ ചലി-
ച്ചങ്ങങ്ങുപൊങ്ങും രവം
തല്ലിക്കൂടിയ വാദ്യമൊത്തനുരണിച്ചാ-
വീണ കേണീടവേ
കില്ലില്ലിങ്ങു കനിഞ്ഞു ദേവിയെഴുന്നെ-
ള്ളീടുന്നിതിപ്പുത്തനെ
ച്ചൊല്ലിത്താപമൊടും സുരക്ഷിനിവഹ-
വ്യാഗീത, വാഗീശ്വരി. ൫൩

Digitized By Kerala Sahitya Akademi

അക്കാർവിട്ടു തെളിഞ്ഞ ഹംസപതിമേൽ
        തങ്ങിക്ഷണം ഭൂമിയിൽ
തൃക്കാരുണ്യകടാക്ഷ ദീധിതിനറും
        പാൽപോൽ പരത്തിസ്വയം
ചിൽകാമ്യാമവൾ കേരളോർവ്വിയെയഹോ!
        കാണുന്നു ദുഃഖാബ്ധിയിൽ,
തൽക്കായത്തിലടിഞ്ഞ കൈരളിയെയും
        നോക്കുന്നിതമ്പോടുടൻ. ൮൭

ഉന്നിദ്രാളകേലന്തു കാററിലിളകും
        കാറൊത്തു കാലോളവും
പിന്നിൽപാറിയ കൂന്തൽമേൽ വിലസിയും
        തൂമഞ്ജു "പൂമഞ്ജരി",
ചിന്നിപ്പൂവുടയാട "സാഹ്യ",മിയലും
        പൊൻനാടയാൽ മിന്നിയും
മന്നിൽപെട്ടുകിടക്കുമമ്മകളെ
        നിവ്വർണ്ണിച്ചു വർണ്ണാത്മിക. ൮൮

സ്ഥൂലദ്രാവിഡമട്ടുവിട്ടു നിയമ
        സ്വച്ഛാംഗിയായോമന-
ക്കോലം 'സംസ്കൃത'മോടിയാൽ വികൃതമാ-
        ക്കീടാതെ ചേതോഹരി
ഫാലത്തിങ്കലഴിഞ്ഞ, സൂക്ഷ്മ'തിലകം'
        പൂരിച്ചു സൽ'ഭൂഷണം'
ലോലശ്രീയൊടു പൂണ്ടു മൂർച്ഛ
        യിതിലും ശോഭിച്ചിടുന്നുണ്ടിവൾ. ൮൯

Digitized By Kerala Sahitya Akademi

മിണ്ടാതിന്നിലയിൽ ശയിക്കിലുമഹോ
 മാധുര്യമേലുംമുഖ-
ത്തണ്ടാരിൽ മൃദുസംവിധാനഗതിയാ-
 ലോതുന്നിതേതാണ്ടിവൾ
"വേണ്ടാജ്ജീവിതമിന്നിയെന്നുടലിലും
 വൈരൂപ്യമേകീടുവോ
രുണ്ടാം മേലിലനേക,രസ്തമിതനായെൻ
 സൂര്യനെന്നോർക്കവേ." ൭൧

ആകാശത്തിലുടൻ പ്രഭ്രതരുജപ്പൂ-
 ണ്ടെത്തുന്നിതഞ്ചാറു ന-
ല്ലാകാരപ്രഭ ഹംസപക്ഷരുചിയാം
 മേക്കട്ടി തൻതാഴെയും,
ഹാ! കാരുണ്യമിയന്നു കണ്ടിതപ്പോലം
 കേഴുന്നു വാഗ്ദേവിതാൻ;
ശോകാവസ്ഥ പരസ്പരം പകരുമി-
 ങ്ങാർദ്രാശയർക്കാക്കുമേ. ൭൨

തേനഞ്ചീടിന 'ഗാഥ'യാലൊരുമഹാൻ
 താരാട്ടി മുമ്പമ്പിയ-
ന്നാനന്ദാശ്രുവിൽ മുക്കി മറ്റൊരുമഹാ
 ധന്യൻ 'കിളിക്കൊഞ്ചലാൽ'
ദീനത്വം കലരാതെയന്യസരസൻ
 തുള്ളിച്ചു തൻപാട്ടിനാൽ
ഹൃന്നം കൈരളിയമ്മയും, ശിശ്രൂഷ്യ-
 മായ് നിന്നാളവർക്കന്നഹോ. ൭൩

Digitized By Kerala Sahitya Akademi

അക്കാണ്മം പ്രഭപൂണ്ടെടുത്തു വിലസും
        സാരസ്വതന്മാരിലീ
മുല്ലപ്പൂക്കളങ്ങൾ നിനച്ചു കേഴുവവരാ-
        ണിച്ചൊന്ന മൂന്നാളുകൾ;
ഉൾക്കാമ്പോടിയവർക്കു പിമ്പിലെഴുമ-
        മ്മററുള്ളപേർ ദേവിതൻ
തൃക്കാൽ കൂപ്പുകയാം സമാധിവരുവാൻ
        തോരാത്തകണ്ണീരൊടും. ൪൦

പ്രവ്യഗ്രാശയരായ് പകച്ചുഴൽ വഹി
        ച്ചിമ്മട്ടു നിന്നീടുമ-
ദ്ദിവ്യസ്ത്രീ പുരുഷർക്കശേഷമുടനേ
        രോമാഞ്ചമേകുംപടി
വ്യാപൃത്യതിപ്പൂണ്ട ഭാരതിയെഴും
        സ്ഥാനത്തിൽ നിന്നപ്പൊഴീ-
സുവ്യക്താക്ഷരവാണി മാററൊലിയൊടും
        കേൾക്കുന്നു ദിക്കാകവേ. ൪൧

"വത്സേ! കൈരളി, യാശ്വസിക്ക,വിധി
        സങ്കല്പത്തെ മാനിക്ക, നിൻ-
ഹസ്തേത്തുക്കൾ തകർത്ത മോഹനിദ്രവി
        ട്ടേറീടുകെൻ പൈതലേ!
സത്സേവ്യേ! സഖി! കേരളാവനികഴ
        ങ്ങീടായ്ക ദുഃഖങ്ങളിൽ
ചിത്സേകച്ച്യുത മോഹനായ ഭഗവൽ
        പാദന്റെ മാതാവു നീ. ൪൨

Digitized By Kerala Sahitya Akademi

ലോകം നിത്യചലം, വൃഥാമൃതിഭയം
തോന്നുന്നു മാററങ്ങളിൽ,
പാകത്തിൽ പൊരുളെന്നതന്നെ പലതാ
മദ്ദേശ കാലങ്ങളാൽ;
ഏകവ്യാകുല വിശ്വചക്രപടലം ധർമ്മാക്ഷ
ദണ്ഡത്തിൽ നി-
ന്നാകല്പം ചുഴലുന്നു, തദ്ഗതിതടുപ്പാ
നില്ല കൈയാക്കുമേ!" ൪൩

വീഴുന്നു സുരബാഷ്പവൃഷ്ടിയുടനേ,
യുൽക്രാന്തനാത്മാഭയാൽ
ചൂഴും തേരിലുയന്നിടുന്നു വഴിമേൽ
ഹംസാരവം ത്താടുമേ;
കേഴും വ്യക്തികൾ വാണിമാതൊട്ടമിതാ
മായുന്നിതങ്ങങ്ങുതാൻ,
താഴുന്നു ദശമീഹിമാംശുകടലിൽ
പൊങ്ങും തരംഗത്തിലും. ൪൪

ഹാ! കൺമൂടിയിരുണ്ടു ദിക്കഖിലവും
വ്യാപിച്ചു മെന്മേൽമഹാ
കാകശ്രേണികൾ പോലെ വന്നു
തമസ്കാണ്ഡങ്ങൾ തിങ്ങുന്നിതേ
ലോകവ്യക്തചരിത്രകൃത്തുവിധിയി
നാളായതാളിൽസ്വയം
ശോകവ്യഞ്ജകമായടച്ചു മഷിതേ
ച്ചീടുന്നു, കില്ലില്ലതിൽ. ൪൫

Digitized By Kerala Sahitya Akademi

വാണീസംഗമവും സുരാഗമനവും
　　മററും വൃഥാവാസനാ-
ശ്രേണീനിർമ്മിതമാണു; കാണ്മതു ദിവാ-
　　സ്വപ്നങ്ങളാണൊക്കെ ഞാൻ;
താണീലിന്നു വിയോഗവേദന;മറി-
　　ച്ചെന്നന്തരാത്മാഭ്രശം
കേണീടുന്നിതുണർന്നഹോ! ജനനിയെ-
　　ത്തേടും കിടാവെന്നപോൽ. ൰൩

പോയീ കൈരളിതൻ പ്രശസ്തതനയൻ!
　　പോയീ മഹാപണ്ഡിതൻ!
പോയീ ശിഷ്യസുഹൃൽപ്രിയൻ ഭസിതമാ-
　　യമ്മേന്റി! പേരായ് മഹാൻ;
മായീഭ്രതമഹോ ജഗത്സ്ഥിതി! യിതാ-
　　മാദ്യക്ഷരിൽശോകമി-
സ്ഥായീഭാവമിയന്നു, ബാഷ്പനിരയും
　　നില്ക്കാതനീച്ചൊട്ടമായ്. ൰൪

അഹാ! നിഷ്ഠുരരാത്രി! യമ്മഹിതനെ-
　　ത്തിന്നനുസിദ്ധിച്ചൊര-
ദ്ദേഹായാമമൊടൊന്നുരണ്ടു പുരുഷാ-
　　യുസ്സെന്തുനീളാഞ്ഞുനീ?
സ്നേഹാത്തക്ക സുഖംവളർത്താതുന്നീ-
　　ചെയ്തില്ല; —വേണ്ടാ,സ്വയം
മോഹാന്ധതാമിയന്നു ഞങ്ങൾ; പകലും
　　രാവാണു ഞങ്ങൾക്കിനി. ൰൫

Digitized By Kerala Sahitya Akademi

പററീപേരിതു "കാലയുക്ത്യ"ഭിധമാ-
മാണ്ടേ!; അനൎത്ഥങ്ങളെ
പ്പെററീടാനിടചേൎന്നൊര"മ്മിഥുന"മേ!
യോഗം മഹാകേമമായ്!;
തെററീട്ടില്ലനിനക്കു "പഞ്ചത"യുമ-
ന്നാളേ!യഹോ! നിങ്ങളെ
പ്പററീട്ടഞ്ചണമിങ്ങു ഞങ്ങൾ മൃതിയെ-
പ്പക്ഷേ ജയിച്ചാലുമേ. ൯൯

ഐരോപ്യാഹവവഹ്നിഭൂമിയെ ദഹി-
പ്പിക്കുന്നു, കച്ചോടമാം
പേരാളും ധനരക്തനാഡി നിലവായ്,
ത്തെററീ ഗ്രഹാനുഗ്രഹം;
ഓരോവ്യാധികളായിതാ യമനുമാ-
ന്നെത്തുന്നു; ഞങ്ങൾക്കെഴും
ഘോരാന്തൎജ്വരപീഡകാങ്കുരുകളെ-
ത്തുച്ഛീകരിച്ചൂ വിധേ! ൧൦൦

ഇല്ലേറെപ്പരമാൎത്ഥസൂരികൾ; കവി-
സ്ഥാനാൎഹരില്ലത്രപേർ;
ചൊല്ലേറും ശ്രുതശീലനിഷ്ഠരവരിൽ
പിന്നെച്ചുരുക്കം ചിലർ;
ഉല്ലേഖിച്ചഗുണങ്ങൾതന്നെ തികവോ-
രില്ലാരുമുണ്ടെങ്കില-
ങ്ങല്ലേ? ഹാ! തിരുമേനി,—അറിവിടെയി-
നാട്ടത്തെ വിട്ടാനിഹ? ൧൦൧

Digitized By Kerala Sahitya Akademi

ചാരുത്വം തികയ്ക്കും സുമങ്ങളെയുടൻ
 വീഴ്ത്തുന്നു പൂവല്ലികൾ;
ചോരും മാധുരിയാർന്ന പക്വനിരയെ-
 ത്തള്ളുന്നു വൃക്ഷങ്ങളും;
പാരം കൈവെടിയുന്നു പുത്രരെയഹോ!
 പാകാപ്തിയിൽ;—ദോഷമായ്-
ത്തീരുന്നോ ഗുണമി?ങ്ങിവററ കഠിന-
 ത്ത്യാഗം പഠിപ്പിക്കയൊ? ൧൦൨

കേണീടിൻപ്രിയരേ!യുഴന്നു ഗതികെ-
 ട്ടുള്ളോർ സമസ്തസ്വമായ്
പേണീടും ചുടുകണ്ണുനീരിനതുലോം
 ധന്യത്വമേകീടുവിൻ!
പ്രാണീഭൃതമഹാനിനി പ്രതിനിവൃ-
 ത്തിക്കില്ല, ശോകാപഗാ-
വേണീവായ്പിൽവിവേകവഞ്ചി ശകലം
 പോകില്ല മുന്നോട്ടുമേ! ൧൦൩

സ്യാനന്ദൂരപുരത്തവാന്തരവഴി
 ക്കോണൊന്നിലാഡംബര
ന്യൂനശ്രീതടവി,സ്സദാഫലകലാ-
 നിഷ്ണാതർ തേടുന്നതായ്
ആനന്ദാലയമായ് ലസിച്ച ഗുരുവിൻ
 വെൺമാടമേ! എന്തിനാ-
സ്ഥാനത്തിശ്ശവഗോപുരാകൃതിയിൽ നീ
 നില്ക്കുന്നു? നോക്കാൻപണി! ൧൦൪

Digitized By Kerala Sahitya Akademi

ക്കുറാളും തിരുമേനി കൃത്യപരനായ്
        പിൻപൂമുഖം പൂകവേ
മാറാതമ്മലർ വായുവീശ്ശുവൊരുനൻ
        മല്ലീനികുഞ്ജങ്ങളേ!
ഘോരാശയ്ക്കിടമില്ല, നിങ്ങൾ ചൊരിയും
        വെൺപൂക്കളെത്തദ്ബലി
ച്ചോറായോർത്തു ചുഴന്നു കാക്കകളിനി
        കൊത്തീട്ടുമോർത്തിട്ടുവിൻ! ൧൦൫

ജാലംപോലെ ഭവാൻെറ ലീലകൾ വിഭോ,
        പോയി, പ്രിയാനന്ദന
സ്യാലന്മാക്കു നിജാലയം "ബലിപുരം"
        താനായിനിസ്സ്വഛാ;
അലംബിച്ചവയെക്കുമാരരചിടെ
        ത്തച്ചിത്രവൈദഗ്ദ്ധിതൻ-
കാലധ്വംസനജാഢകൊണ്ടുവെറുതേ
        യുൽക്കണ്ഠ കൂട്ടാം ചിലർ. ൧൦൬

ഓമൽത്താർ മണമാർന്നൊരായരമണ
        പ്പൂവാപിയിൽ പ്രീതിയാൽ
ശ്രീമൻ! രോഹിതരൂപനങ്ങു നടുവിൽ
        പോയ് നീന്തിനീരാടിപോൽ,
ഹാ! മത്തൻ യമധീവരൻ വലയെറി
        ഞ്ഞേൽപ്പിച്ചുപോൽ, - ഈശ്വരാ,!
ഭീമത്വം കലരുന്നു വൈതരണിയീ
        വാത്സല്യ ലാക്കാംകുളം! ൧൦൭

Digitized By Kerala Sahitya Akademi

ഹാ! രോഗം കഫദോഷമല്ലി, സുഖമാം
        നാലഞ്ചുനാൾക്കുള്ളി,ലെ
ന്നോരോന്നാശയൊടോത്തു ഞങ്ങൾ, വിധിയോ,
        ചിന്തിച്ചു വേറേവിധം;
ഘോരോദന്തമിതാ തറച്ചിതു ചെവി-
        ക്കാഹന്ത! നേരായിതുൾ-
ത്താരോക്കാ—ബത! രാഹുതന്നെ രവിയിൽ
        കല്പാന്ത കാലാഹിയായ്!.        ൧൦൭

മഞ്ഞാതിപ്പൊഴുമുള്ളിലമ്മുഖവും;—
        മസ്സല്ലാപവും, മൈത്രിയാൽ
വിങ്ങാറുള്ള വിലോകനങ്ങളുമഹോ!
        നൽകുന്നിതമ്മാതിരി;
എങ്ങാവോ തിരുമേനിയിന്നു? വരുമോവീണ്ടും?
        കവീന്ദ്രോക്തിപോ-
ലിങ്ങാഗന്തുക് വൈകൃതം സ്ഥിതിയഹോ!
        ദേഹിക്കനിത്യം മൃതി.        ൧൦൮

കാലത്തൂണുകഴിഞ്ഞു കൌതുകമൊട്ടും
        ചെമ്മേ മുറുക്കിസ്സായം
ലോലശ്രീതിലകാത്തുവി, ചിതറി-
        പ്പൂങ്കണ്ണുഭൂഷാരുചി,
പാലഞ്ചും സ്മിതമോടൊരംശുകമുട്ട-
        ത്തെത്തുന്നൊരമ്പോന്നതി-
ക്കോലം പോയിതു ചിത്തമേയയവിറ-
        ക്കിക്കൊൾകയക്കാഴ്ചനീ!!        ൧൦൯

Digitized By Kerala Sahitya Akademi

ചട്ടററീടിന ശോഭചേൎന്ന പനിനീർ  
        പ്പൂച്ചെണ്ടു പൊന്നൂലിനാൽ  
കെട്ടപ്പെട്ടതുപോലിണങ്ങിയ തല-  
        പ്പാവാൎന്ന കാമ്യാകൃതി,  
ചട്ടയ്ക്കാഭ കലൎത്തി മേൽവിലസുമ-  
        ച്ചിത്രാംഗ വസ്ത്രാഢ്യനായ്  
തിട്ടം ഹാ! രഥമേറിയും സ്മൃതിപഥത്തിൽ  
        താൻ ചരിക്കാമിനി. ൧൧൧

ശ്രീതാവുന്നൊരു വഞ്ചിവല്ലഭമഹാ-  
        ഹൈഹണീകലാശാലയാം  
മാതാവിൻ സ്തനമുണ്ടറിഞ്ഞിതു ഭവാൻ  
        പാശ്ചാത്യ വിദ്യാരസം,  
നേതാവും സചിവനായി തങ്ങൊടുവില-  
        ന്നാവിരഭ്യു ധന്യയാ  
യോതാമിന്നവൾ കൈരളിക്കു കിടയായ്  
        വാടുന്നു വിദ്വന്മണേ!. ൧൧൨

ലീലാനിഞ്ജിതവിദ്യരായ് പുകഴ്പര-  
        ത്തീടുന്നൊരേതൽ കലാ-  
ശാലാപണ്ഡിത ലോകവും, പ്രിയതയാൽ  
        വിദ്യാൎത്ഥി സന്ദോഹവും,  
ആലാപങ്ങളിലിന്നു താവകഗുണം  
        വൎണ്ണിച്ചു കണ്ണീൎക്കണം  
ലോലാഭം പുതുമുത്തുപോലരിയകൈ-  
        ലേസാൽ തുടയ്ക്കുന്നിതേ! ൧൧൩

Digitized By Kerala Sahitya Akademi

ഗാഢസ്നേഹമൊടങ്ങു കക്ഷ്യയിലണ-
        ഞ്ഞാശിഷ്യതാരാവലി-
ക്കൂഢശ്രീഹിമരശ്മിയായ് സുധചൊരി-
        ഞ്ഞാരാൽ വിളങ്ങുന്നതും,
പീഠം വിട്ടു നിവന്നെണീററു നൊടിയിൽ
        ചാഞ്ഞാഞ്ഞുദാരാഭയിൽ
പാഠം വ്യാഖ്യകറിക്കുമപ്പവക ലാ-
        ക്കാക്കിതചരിക്കുന്നതും. ൧൧൪

ഒററക്കാൽ പിറകൂന്നി യുഷ്മികകളാൽ
        മിന്നും വലങ്കെയതിൽ
ചെററമ്മൃത്തിക നേത്രിവാക്യമെഴുതി-
        ക്കാണിച്ചു നില്ക്കുന്നതും,
അററം തെല്ലു ചുരുട്ടിയായിടതുകൈ
        പിൻചേർത്തു വിശ്രാന്തനായ്
കററക്കാർ ശിഖ പിൻപൊതുക്കി മറുകൈ-
        ത്താർ വീശി ലാളുന്നതും. ൧൧൫

കോപസ്ഫൂർത്തിയറിഞ്ഞിടാതരുണമാ-
        മോമൽ കടക്കണ്ണുതൻ-
ക്ഷേപത്താൽ തിരുമേനി ശിഷ്യരെയിട-
        യ്ക്കോരോന്നു വീക്ഷിപ്പതും
സാപാപഭ്രാന്തികണക്കമാഞ്ഞിതഖിലം!
        ഹാ! രംഗമേ ശൂന്യമായ്!
ദീപം പോയ വെറും വിളക്കു തടയാ-
        തെപ്പോഴുമിപ്പീഠവും! ൧൧൬

(വിശേഷകം)



Digitized By Kerala Sahitya Akademi

ഈ വിദ്യാലയ വേഷ്മയാണധികവും
　　തിട്ട് ഗ്രന്ഥ രത്നങ്ങൾ ത-
ന്നാവിർഭാവനിമിത്തമെന്നതു നിന-
　　ച്ചമ്പോന്നു കമ്പിട്ടിടാൻ
ഹെ! വിദ്വൻ! ഭവദീയഭക്തജനത
　　യ്ക്കാരാദ്ധ്യമാമോർമ്മതൻ
കോവിൽക്കുൾ ഗൃഹങ്ങളായി നെടുനാൾ
　　നില്ക്കട്ടെ തൽകക്ഷ്യകൾ! ൱൰൭

നീലപ്പുൽത്തറകൾക്കു മേൽ പലനിഴൽ
　　ക്കൂടാരമുണ്ടാക്കിയും
കാലത്തിൽ കനിയേകിയും കിളികൾതൻ
　　ഗാനോത്സവം കൂട്ടിയും
ബാലാരാധകമായ് കലാലയമിതിൻ
　　മുമ്പേറെ വമ്പാർന്നെഴും
സ്ഥൂലാമ്രാധിപ! കേഴുകീ വിരഹമോ-
　　ർത്തന്നും മഴക്കാററിൽനീ! ൱൰൮

പ്രാദുർഭാവമിയന്നു തന്നിതുകവേ!
　　യങ്ങയ്ക്കു ശൈവാണിയി
വൈദുഷ്യ പ്രഭ ഭാരതാവനിയിലും
　　പാശ്ചാത്യ ലോകത്തിലും
സ്വാദുറേറാത്തവിടുന്നു സംസ്കൃതകലാ-
　　ശാലോന്നതി വ്യഗ്രനായ്
ഹാ! ദുർയ്യോഗം,—മിതാ പ്രയത്നതരു പൂ-
　　ക്കാറായി; പോയിഭവാൻ!. ൱൰൯

Digitized By Kerala Sahitya Akademi

ഹന്ത! ദ്യോവിലുയർന്നിതങ്ങൊരു മഹാ,
നിന്നീ'യനന്താലയ'
ത്തന്തർദ്ധാനമിയന്നിത'ക്കവി''ബുധൻ'
പോയ്', പോയി 'വാചസ്പതി'
സ്വാന്തക്ഷീണത രാജധാനി! പരിശോ
പിച്ചിന്നു പോററാംനിന-
ക്കന്ത,സ്സീ'ഗ്രഹചാര' ദോഷമധികം
മാഃലോകരാലോചിയാ. ൧൨൦

മദ്രാഭിഖ്യ മഹാപുരത്തിലുയരും
മാർത്താണ്ഡരമ്യാഭയായ്
മുദ്രാതീത മഹത്വമാർന്നു വിലസും
ശ്രീ 'വിശ്വവിദ്യാസഭേ'!
ത്വദ്രാജദ് ബിരുദങ്ങൾനേടിയയി! നിൻ
സേനാഗ്ര ഭൂവാനൊരാ-
ഭദ്രാത്മാ നിജ കൃത്യയാത്രയിലിതാ
മുങ്ങീ മഹാംഭോധിയിൽ! ൧൨൧

ഭ്രാജിക്കും ഭവദീയ രാജ്യപരിധി-
ക്കുള്ളിൽ സ്വതേജസ്സിനാൽ
രാജിക്കും പല ശബ്ദലോകമൊട്ടുതൻ
ഭാഷാപ്രകാണ്ഡത്തെയും
യോജിപ്പിച്ചഭിവൃദ്ധി ചേർക്കുവതിനായ്
വാഗസ്ത്രമേന്തിശ്രമി-
ച്ചീജിഷ്ണുദൃത കൈരളിക്കമരുളീ
ക്ഷേമം നിനക്കും സഭേ! ൧൨൨

Digitized By Kerala Sahitya Akademi

ഈടേറുമൊന്നൊരു നഷ്ടമിങ്ങനെ പിണ-
ഞ്ഞോഹന്ത! ശോകാന്ധമായ്
പാടേയുദ്‌ഗ്രഗവാക്ഷ ദൃഷ്ടികൾമിഴി-
ച്ചിന്നാ സഭാസൌധമേ!
കേടേശാതുര സാന്ത്വവാക്കുകൾ കടൽ-
ക്കാറ്റോതി നിന്നീടിലും
ചൂടേലും നെടുവീർപ്പുകൊണ്ടു നഗരി
ക്കേകുന്നു താപത്തെ നീ! ൧൨൩

ഹാ! കഷ്ടം പ്രതിഭാപ്രകാശഭരമാ
ന്നക്കാളുജ്ജ്വലൻ മർത്ത്യനും
ലോകത്തിന്നതി തുല്യമിന്നുമൊളി
കണ്ടീടാത്ത കീടത്തിനും;
ഈ കർമ്മക്ഷമ വിദ്യയൊന്നുമിനിയും
നൽകില്ല സാഹായ്യമീ-
ശോകത്തിന്നു!—വൃഥാ കപാലഫലകം
കായിച്ചു നീണാൾ നരൻ! ൧൨൪

എന്താണീ ശ്രമ? മെത്രനാളുഴറിനീ
ശാരീരവിജ്ഞാനമേ!
എന്താശിപ്പതു 'രാസ' 'ഭൌതിക' മഹാ-
തന്ത്രങ്ങളേ! നിങ്ങളും?
ചിന്താജ്ജർജ്ജരനായനിങ്ങടെ പിതാവാം
മർത്ത്യനെത്തീട്ടുമീ-
യന്താവസ്ഥയഹോ! ദയാർഹ,മിതഹോ!
നിങ്ങൾക്കു ലജ്ജാവഹം! ൧൨൫

Digitized By Kerala Sahitya Akademi

പാരിൽ സൃഷ്ടിദിനം തുടങ്ങിയന്നും
ചേടിച്ചു ചൂടേറുമുൾ-
ത്താരിൻ ജ്വാലകളല്ലി? നിങ്ങൾ പറവിൻ
തീവ്രാൎത്താപങ്ങളേ!
പൂരിക്കും നെടുവീർപ്പുതൻനിചയ-
മല്ലേ? നിങ്ങൾ വായുക്കളേ!
ഭൂരിപ്രാകൃതന ബാഷ്പമല്ലി? മുകിലിൻ
വൎഷങ്ങളേ! നിങ്ങളും. ൧൨൩

ചത്താൽജ്ജീവിതവാൎത്തപോയിചട്ട-
കാറേറേറാ ഘൃതംവററിയോ
കത്താതായവിളക്കിനൊത്തുകഴി-
ഞ്ഞെന്നാലിരുട്ടാണുപോൽ;
ഉൾത്താപത്തൊട്ടു, ഭോഗവാസനകളാൽ;
നിൎദ്ദഗ്ദ്ധനാം ദേഹി,കൈ-
യെത്താതായ പഴംകൊതിച്ചശശ്രു-
വാന്ന് കേഴുന്നപോലേറെനാൾ. ൧൨൪

കൎമ്മത്തിൻവശരായുമന്നു സുഖമാം
സ്വാരാജ്യമോ കഷ്ടമായ്
നിൎമ്മജ്ജിച്ചതിഘോരമാം നരകമോ,
പൂകുന്നപോൾ ദേഹികൾ;
ശൎമ്മം പോയൊരശൎമ്മവും മറുതടം
കാണാത്തനിത്യാബ്ധിപോൽ
ധൎമ്മവ്യായത ചക്രചാരിപുരുഷൻ
വീണ്ടും വരുന്നുണ്ടുപോൽ. ൧൨൫

Digitized By Kerala Sahitya Akademi

ഓരോന്നിങ്ങനെയൂഹമോ നിഗമമോ
ലാക്കാക്കിയോതാം ചില,-
ക്കാരോരുന്നിതുതത്വ? മെങ്ങനെയൊരാൾ
കാണുന്നിതങ്ങേപ്പുറം?
നേരോ പ്രേതകഥാപ്രസക്തി? പൊളി-
യോ? മസ്തിഷ്ക വൈകല്യമോ?
വേരോടിങ്ങുകരിഞ്ഞുപോയ തരുവിൻ
ചാരായ്യുനില്ലാവതോ?. ൧൨൯

അല്ലെങ്കിൽ പ്രതിഭയ്ക്കുദൂരഗതമാ-
മക്കാര്യമൂഹത്തിനാ-
ലില്ലെന്നങ്ങനെനിർണ്ണയിക്കു? മിരുളിൽ
തങ്ങുന്നുവല്ലോ പൊരുൾ!
കില്ലെന്തിന്നതുമല്ലനന്തനിയമം വിശ്വം-
വരാ മേതുമേ;
തെല്ലെന്നാകിലുമത്ഭമെന്നിനില-
നില്ക്കില്ലാക്കിൽ വിശ്വാസവും. ൧൩൦

ചൊല്ലാം തീയുടെ തീക്ഷ്ണദന്തമണയാ-
തത്യന്തസൂക്ഷ്മാംഗമായ്
തെല്ലാശാസ്പദ തത്വമങ്ങു'തടി'യിൽ
ശേഷിക്കുമെക്കാലവും;
അല്ലാഞ്ഞാൽ നരവാഴ്ചയല്ലഭവനം
താനും വൃഥാരംഭമാ-
മില്ലാതാംവില കണ്ണുനീരിനുമതി-
നാക്കാനുമോക്കാവതോ?. ൧൩൧

Digitized By Kerala Sahitya Akademi

അപക്ഷം ശരിയെങ്കിലിന്നയി!'മൃതേ!'
        ഹാ! നിൻെറദംഷ്ട്രങ്ങളാ-
മാപല്ലിൻനിരകൾക്കു മൂച്ചയിനിയും
        പോരെന്നു തോന്നാമുടൻ;
ആപത്തിൻപരകാഷ്ഠയായ പുലിയാ-
        യീ ഞങ്ങളഞ്ചുന്നൊരാ-
നീപച്ചത്തൃണരാശി തിന്നരിമ്പപാ-
        ലേകുന്ന ഗോവെന്നുമാം. ൧൩൨

നേരാമായതു ഹാ! ശുഭേ! ഭയദമാം
        വൻതോക്കുതൻ വായിലാ-
വീരാഢ്യൎക്കു കൊതിക്കുമെത്രതരു
        ണക്കാശപാസമേകുന്നനീ!
ആരായുന്നിതു രാഗപുഷ്പസ്മൃതിമേൽ
        മുള്ളേററ നോവാററുവാൻ
താരാർമേനികൾ തന്നെ ശീതതരമാം
        നിന്നാംഗ സംഗംമൃതേ! ൧൩൩

ത്രാണിക്കൊത്തു പകൽ പരിശ്രമമിയ-
        ന്നോക്ഷീണിയന്നന്തിയിൽ
പേണിക്കണ്ണു തലോടിന്നെന്നുമണവോ-
        രാ ഭദ്രയാം നിദ്രപോൽ
പ്രാണിക്കിന്നൊട്ട ജീവിതപ്പെരുവഴി-
        ക്ലേശംകഴിച്ചെത്രയും
ക്ഷീണിക്കും ഹൃദയത്തെ കൂടിയൊട്ടുവിൽ
        ചേക്കുന്ന സൌഖ്യം മൃതി. ൧൩൪

Digitized By Kerala Sahitya Akademi

ജ്ഞാനം താൻ ക്ഷണവൃത്തി; ബുദ്ധിയിമ-
വെട്ടമ്പോലിടയ്ക്കാത്തമ-
സ്ഥാനം കാണുവതില്ലലാതവലയ-
ത്തോടൊത്ത വേഗത്തിനാൽ
നൂനം ഹാ! ക്ഷണമൃത്യുവിങ്ങനുദിനം
നിദ്രാഖ്യമായ് ദീർഘമാ-
മൂനംവിട്ടതു ന[illegible]ദനാന്തരമിതാം
വിശ്രാന്തി ജന്തുക്കളിൽ. ൧൩൮

ഈവണ്ണം ശരി! സൃഷ്ടിയും പ്രളയവും
കല്പിച്ചോട്ടുകാം മഹാ-
കൈവല്യം വരുമെന്നു കാത്തിടുകയാ-
മോരോ പുരാവിത്തുകൾ;
ജീവന്നിങ്ങു ബഹുക്രിയാജടിലമാ-
മീ ദീർഘയാത്രാകഥ-
യ്ക്കാവശ്യം യതിയാം ‘വിരാമ’തിലകം
സ്വാത്മപ്രതീതിക്കുമേ. ൧൩൯

കില്ലില്ലിമ്മൃതിജീവിതത്തിനുമഹോ
സൌഭാഗ്യമേറുന്നതാ-
ണല്ലില്ലെങ്കിലതീവഘോരതരമാ-
മോക്ഷമൊഴാക്കും പകൽ;
അല്ലിത്താർമണമാർന്നഹസ്സു നടമാ-
ടീടട്ടെ, രമ്യാഭമായ്
മല്ലിശ്രീചെട്ടുമാമ്പൽനീണ്ടുമുടിയിൽ
ചൂടിസ്സുഖിക്കും നിശ. ൧൪൦

Digitized By Kerala Sahitya Akademi

പാരം പ്രാകൃതപക്ഷിവൎഗ്ഗമഖിലം
വാഴ്ത്താം ദിനത്തിൻഗുണം
സൈ്വരം രാത്രി! ഭവൽപ്രശസ്തിമധുരം
പാടുന്നു 'രാപ്പാടികൾ'
ദൂരത്തുള്ള വികല്പമോക്കകിലടുത്തോ
ക്കില്ലാരന്നും സ്വയം
സാരജ്ഞൻ പടുകോകിലോത്തമനവൾ-
ശ്ലോകിപ്പൂ നിർഭേദമായ്. ൱൩൪

മങ്ങാതോക്കിൽ മൃതേ! പ്രവൃത്തിപരമാ-
ണിജ്ജീവിതം, മാററിനാൽ
പൊങ്ങാനുംമതി വിശ്രമപ്രവണമാം
പൌരസ്ത്യചിത്തത്തിൽനി
ന്നങ്ങാമൊന്നയി! നിന്നിൽമെച്ചമിനിയും:
നിൻക്രൂരിരുട്ടഞ്ചിയാ-
മിങ്ങാദ്ധ്യാത്മികദീപമാദിമുനിമാ-
രാവിഷ്കരിച്ചുള്ളതും. ൱൩൫

പോരും ഹാ ധിഷണേ! മഹാപുരുഷനെ-
ത്തേടിബ്ഭ്രമോന്മത്തയായ്-
ത്തീരുന്നെന്തിനു? 'ശല്യ' വേദിനി, ശവം
ശോധിപ്പതെന്തിന്നുനീ?
തീരും നിൻവ്യഥ കണ്ണുനീർപൊഴികു;യി-
ങ്ങിശ്രാന്തപാന്ഥൻ സുഖം-
ചേരുമ്മട്ടിലുറങ്ങിടട്ടെ; സഭയം
കുമ്പിട്ടുമാറട്ടെ ഞാൻ. ൱൩൬



Digitized By Kerala Sahitya Akademi

മന്നോതാം തിരുമേനിയിങ്ങു മൃതിയെ
        ത്താൻതന്നെ കണ്ണാന്തികം
വന്നോതാതറികില്ലൊരാൾ; അകലെ നി-
        ന്നച്ഛത്തിലോതില്ലവൾ,
ഇന്നോ, ഞങ്ങളെ നോക്കിയമ്പിൽ വിവരം
        ചൊല്ലാമുറക്കേ ബ്ഭവാ-
നെന്നോർത്തിങ്ങതിരുട്ടിൽ മൂകകഥയായ
        പോമെന്നു വെമ്പുന്നു ഞാൻ. ൬൰൭

എല്ലാം പോകുക, കീഴടങ്ങുക വിധി,-
        യ്ക്കിന്നിച്ചിതയ്ക്കപ്പുറ-
ത്തില്ലാതാകുക ജീവിതം;—മതിവിഭോ-
        തന്നാമ പുണ്യാക്ഷരം,
ചൊല്ലാമായതു ഞങ്ങൾ നട്ട മിഴിനീർ
        തൂവിപ്പുലർത്തും, പട-
ന്നെല്ലാവർക്കുമതേകിടും മലർമണം;
        കാലാഗ്നി ചെല്ലില്ലതിൽ. ൬൰൮

ഹാ! കഷ്ടം! ഗതിമുട്ടി നിന്നിവിടെയെ-
        ന്തെല്ലാം പുലമ്പുന്നു ഞാൻ,
ശോകവ്യാകുലമായ ബുദ്ധി പതറി-
        ച്ചെല്ലാമമാർഗ്ഗങ്ങളിൽ;
നീ കണ്ണഞ്ചിടുമാറു സൂര്യ! വിലസു
        ന്നുണ്ടാകുമെങ്ങാനു, മീ-
ലോകത്തിന്നിരുളാണു ദേവ, വിരയാം
        മിന്നാമിനുങ്ങിങ്ങതിൽ. ൬൰൯

Digitized By Kerala Sahitya Akademi

നക്ഷത്രങ്ങളെ നോക്കിയിപ്പുഴപറ-
        ന്നീടുന്നു മേല്പോട്ടതിൻ-
പക്ഷം ദുർബ്ബലമാണതോർത്തു ഭയവും
        തോന്നുന്നു മെന്മേൽവിഭോ!
രക്ഷയ്ക്കായതിനിന്നു നിൻകരുണയല്ലാതില്ല-
        രാപ്പക്ഷിതൻ-
ഭിക്ഷയ്ക്കാക്കൊല, നിൻപ്രകാശകണിക-
        യ്ക്കാപത്തു ചേർത്തിടൊലാ. ൧൨൭

വാനത്തിൽത്തടവില്ല, ധർമ്മരഥമി-
        ങ്ങോടിച്ചുദാരാഭനായ്
ഹൃന്നം ഭാസ്കരനെത്തു മന്ധതമസം
        നില്ക്കില്ലയെക്കാലവും
ഉന്നംവിട്ടഭയങ്ങൾതൻറെ നിഴലുംപോം
        ഹന്ത! മിന്നാമിനു-
ങ്ങാനന്ദാലയമാം മഹസ്സിൽമറയും
        നക്ഷത്രജാലത്തൊടും. ൧൨൮

ദേഹാംശങ്ങളിലിയിരുട്ടുമൊളിവും
        നാനാപ്രഭേദത്തൊടാ-
ന്നാഹാ! ശാശ്വതധർമ്മശക്തി! ഭുവന-
        പ്പന്താട്ടമാടുന്നുനീ;
സ്നേഹാരാധകനെത്തലോടിയമൃതം
        നൽകുന്നു നീ; പിന്നെനി-
ന്മോഹാസംഗമഖണ്ഡവിശ്രമസുഖം
        തേടുന്നു താനേയവൻ. ൧൨൯

Digitized By Kerala Sahitya Akademi

ആകാശങ്ങളെയണ്ഡരാശികളൊടും
ക്ഷേപിക്കുമാകാശമാ,-
യിക്കാണുന്ന സഹസ്രരശ്മിയെയിരു
ട്ടാക്കും പ്രഭാസാരമായ്,
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാ-
മേകാന്താദ്വയ ശാന്തിഭൂവിനാ
നമസ്കാരം, നമസ്കാരമേ!! ൧൨൭

ശുഭം.

---

"വിദ്യാഭിവർദ്ധിനി" അച്ചുകൂടം—കൊല്ലം.

Digitized By Kerala Sahitya Akademi

# ടിപ്പണം.

(൧) അകാലതിമിരം=നിയതകാലത്തിൽ അല്ലാത്ത ഇരുട്ട്. പ്രഥമ സർ ഏ ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമേനി തീപ്പെട്ടതു് ൧൦൯൩-മിഥുനം ൪-ാംനു- ആണു്. അതിനു് സ്വല്പം മുൻപുതുടങ്ങി ആരംഭിച്ചിരുന്ന അതിവൃഷ്ടിയെ ഈ മഹാവിപത്തിൽ കേരളഭൂമി ദുഃഖിച്ചു ബാഷ്പവർഷം ചെയ്യുന്നതായി ഈ പദ്യത്തിൽ ഉൽപ്രേക്ഷിക്കുന്നു. വൃത്തം ശാർദ്ദൂലവിക്രീഡിതം "പന്ത്രണ്ടാൽ മസജം സതം തഗുരുവും ശാർദ്ദൂലവിക്രീഡിതം" എന്നു ലക്ഷണം.

൨) ഘനവേണി=മേഘമാകുന്ന തലമുടി. ഉരസിജകുന്നു്=കുന്നുപോലെ ഇരിക്കുന്ന സ്തനം. (കുന്നുകളാകുന്ന ഉരസിജങ്ങൾ എന്നു താല്പര്യം.) ധാരാപാതം=ധാരാവർഷം. നാഭിസരസീകൂലം=പൊക്കിളാകുന്ന കായലിന്റെ കര. കേരോദഞ്ചിതപാണി=തെങ്ങുകളാകുന്ന ഉയർത്തിപ്പിടിച്ച കൈകളോടുകൂടിയതു് ധര=ഭൂമി (കേരളഭൂമി എന്നു താല്പര്യം) ദ്രവിക്ക=അലിയുക. ചരമാർണ്ണവാനിലരവം=പടിഞ്ഞാറെക്കടലിലെ കാറ്റിന്റെ ഇരച്ചൽ. ഈ വിലാപകാവ്യത്തിൽ വിലപിക്കുന്നവരുടെ കൂട്ടത്തിൽ പ്രാധാന്യം കേരളഭൂമിക്കാണു് നൽകിയിരിക്കുന്നതു്. കേരളഭൂമിയെ വിലാപോചിതമായ ആകാരചേഷ്ടകളോടുകൂടി വർണ്ണിച്ചിരിക്കുന്നു.

൩) ഇജ്ജനനിയാൾക്കു്=വക്ഷ്യമാണയായ കൈരളിയുടെ അമ്മയായി കല്പിച്ചിരിക്കുന്ന ഈ കേരളഭൂമിക്കു്. ക്ലിഷ്ടശ്രീ=മുൻസൂചിപ്പിച്ച ദുഃഖലക്ഷണങ്ങളോടുകൂടിയ. കൈരളി=മലയാളഭാഷ. തന്റെ ഉദ്ധാരകനും പ്രിയപുത്രനുമായ പ്രസ്തുതമഹാപുരുഷന്റെ അപ്രതീക്ഷിതവുമനിവാര്യവുമായ നഷ്ടത്തെക്കുറിച്ചുള്ള ദുസ്സഹശോകത്താൽ കൈരളി മൂർച്ഛിച്ചുകിടക്കുന്നു എന്നു ഉത്തരാർദ്ധത്തിന്റെ താല്പര്യം.

൪) പുത്രിയെ=മകളായ കൈരളിയെ. ഭൂമൌ=കേരളരാജ്യമെ. തിരുമേനി തീപ്പെട്ടതു് മാവേലിക്കരെവെച്ചാണു്. അദ്ദേഹത്തിന്റെ ചരമസംസ്കാരങ്ങൾ നടക്കുന്ന ആ സ്ഥലത്തേക്കു് ഈ അവസരത്തിൽ കേരളഭൂമിയുടെ മുഴുവൻ ശ്രദ്ധയും കൈരളിയോടുള്ള അനുകമ്പയെ മുൻനിറുത്തി ആകൃഷ്ടമായിരിക്കുന്നു എന്നു സാരം.

Digitized By Kerala Sahitya Akademi

൫) വ്യോമത്തിൻമലിനത്വം=(സ്വഭാവമായും മേഘാവരണംനിമിത്തമായും ഉള്ള) ആകാശത്തിൻെറ കറുത്തനിറത്തെ. ഏററി=വദ്ധിപ്പിച്ച്. ആവിടെ=മാവേലിക്കരെ. കാലഫണി=കാലമാകുന്ന സപ്പം (അഥവാ കൃഷ്ണസപ്പം.) ജിഹ്വാഞ്ചലം=നാക്കിൻെറ അഗ്രഭാഗം ശാരദാലയമഹാദീപം= ശാരദാമന്ദിരം എന്ന പേരിൽ മാവേലിക്കരെയുള്ള തൻെറ കൊട്ടാരത്തിലെ പ്രകാശമേറിയ വിളക്കുപോലെ ശോഭിച്ചിരുന്ന ഏ ആർ. രാ രാ വ-കോയിത്തമ്പുരാൻ എന്നു താല്പയ്യം. തിരുമേനിയെ ദഹിപ്പിക്കുന്ന ചിതയിൽനിന്ന് ആകാശത്തിലേക്ക് ധൂമം പൊങ്ങുന്നതായി സങ്കല്പിക്കുകയും അത് ആ ശാരദാമന്ദിരത്തിലെ വിളക്കു കെട്ടിട്ടുണ്ടായതാണെന്ന് ഉൽപ്രേക്ഷിക്കുകയും ചെയ്തിട്ട് കവി കഠിനമായ നിവേദത്തോടുകൂടി കേരളം മുഴുവൻ ഈ മഹാനഷ്ടത്തിൽ കരയേണ്ടതാണെന്ന് വിളിച്ചുപറയുന്നു.

൬) പ്രിയപുത്രയാത്ര=പ്രിയപുത്രനായ കഥാപുരുഷൻെറ നിയ്യാണം. ദേഹധ്വംസം=ദേഹനാശം. ഹൃദയസംവേഗം=മനസ്സിലെ ശോകാവേഗം ഗരിമാവ്=ഭാരം. മോഹം=മൂർഛ. അഗാധം=ആഴമുള്ളത് തലം=അടിത്തട്ട്. തച്ചനനി=ആ കൈരളിയുടെ അമ്മാവ്. താൻ അമർത്ത്യയാകയാൽ ഏററവും പ്രിയമുള്ള ഈ പുത്രൻെറ മരണത്തിൽ സ്വയം മരിച്ച് ദുഃഖനിവൃത്തിഉണ്ടാക്കാൻ അശക്യമെന്നുള്ളതിനാൽ അത്യന്തം വർദ്ധിച്ച ശോകാവേഗംകൊണ്ട് കൈരളി മൂർഛയിൽ മുഴുകുകയും അവളുടെ അമ്മാവ് പുത്രനോടുള്ള സ്നേഹത്തിൻെറ ഭാരംകൊണ്ട് ഏററവും വദ്ധിച്ചിരിക്കുന്ന തൻെറ ദുഃഖഭാരം താഴോട്ട് അമത്തുകയാൽ മോഹനദിയുടെ അഗാധതലംവരെ ആണ്ടുപോകയും ചെയ്തിരിക്കുന്നു എന്ന് കൈരളിയുടെ തല്ക്കാലാവസ്ഥയെ ഈ പദ്യത്തിൽ കവി കുറേക്കൂടി വിവരിക്കുന്നു. കൈരളിയുടെ ശോകാവസ്ഥ വിലാപദശയെ അതിക്രമിച്ചിരിക്കുന്നു എന്നു താല്പയ്യം.

൭) ഞങ്ങളെ=കൈരളിയേയും എന്നെയും. സത്സാഹിത്യവിധിജ്ഞ= ഉത്തമസാഹിത്യങ്ങളെ അഥവാ ശാസ്ത്രവിധികളെ അറിയുന്നവൾ. പ്രിയസുതേ!അല്ലയോ പ്രിയപുത്രിയായ കൈരളി.കത്സാർഘമരഭാവ=(തല്ക്കാലസ്ഥിതിക്കു) നിന്ദിക്കത്തക്കതായ മരണമില്ലായ്മയോടുകൂടിയവൾ. മൂർഛേ!മോഹാലസ്യമേ. രണ്ടാമത്തെ പദ്യത്തിൽ സൂചിപ്പിച്ച കേരളഭൂമിയുടെ പുലമ്പലിനെഈ പദ്യത്തിൽ വിവരിക്കുന്നു. കഥാപുരുഷൻെറ മാതാമഹിആയ ഭൂമിയും അമർത്ത്യ (മരണമില്ലാത്തവൾ) ആകയാൽ മരിക്കാനൊ മൂർഛിതയായ കൈരളിയെ സാന്ത്വനപ്പെടുത്താനൊ സാധിക്കാതെ തീവ്രമായ ദുഃഖത്തോടെ തനിക്കും മോഹാലസ്യം വന്നാൽ കൊള്ളാമെന്നു പ്രാത്ഥിക്കുന്നു.

Digitized By Kerala Sahitya Akademi

വ്യ) ആധിശിഖി=വിഷാദാഗ്നി. ഗളവ്യാവർഗതസരംകല്ലോലത്തിൽ ഇടറുന്ന ശബ്ദങ്ങളോടുകൂടിയവൾ. ദേവപ്രജ്ഞ=ദേവതകളുടെ ബുദ്ധി. അണുക്ഷയം=അണുപ്രായമായ വസ്തുവിന്റെ നാശം. വൈകല്യം=ഹാനി. കമ്പം=ഞാറിയും. മഹാഭാവങ്ങൾ=മഹാവസ്തുക്കൾ. വിപത്തുകൾ=നാശങ്ങൾ. പ്രക്ഷോഭഹേതുക്കൾ=മഹാക്ഷോഭത്തെ ഉണ്ടാക്കുന്നവ.

ഭൂമി ദേവതാരൂപിണിയാണ്. ദേവന്മാരുടെ ബുദ്ധിയിൽ ബ്രഹ്മാണ്ഡത്തിനുള്ളിലുള്ള ഒരണുവിന്റെ നാശംപോലും വിഷയമാകും. ആ നാശത്താൽ ബ്രഹ്മാണ്ഡത്തിന്റെ ഘടനയിൽ ഉണ്ടാകാവുന്ന സൂക്ഷ്മമായ വൈകല്യംപോലും ദേവതകൾക്ക് കാണാമായിരിക്കും. അപ്പോൾ ഒരു മഹാഭാവത്തിന്റെ നാശത്തിൽ അവരുടെ ഇടയിൽ വലിയ ക്ഷോഭം ഉണ്ടാകാമെന്നുള്ളത് സ്വാഭാവ്യമാണ്. പിന്നെ കഥാപുരുഷനെപ്പോലെ തനിക്ക് ഏറ്റവും സ്നേഹമുള്ള ഒരു പുത്രന്റെ നാശത്തിൽ ദേവിയായ കേരളഭൂമിക്ക് എങ്ങനെ സഹനമുണ്ടാവും?

ൻ) സത്യം=മേൽ കാണിച്ച ഊഹം ശരിതന്നെയാണ്. സ്യന്ദനചക്രം=തേരുരുള്. ഘനപഥം=മേഘമാർഗ്ഗം. മർദ്ദിച്ചു=ഉരസി; സ്തനിതക്ഷണപ്രദകൾ=ഇടിമുഴക്കവും മിന്നലും. ഭഗിനീസൌഹാർദ്ദം=സഹോദരസ്നേഹം. ശരി, ദേവതകളുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടായിരിക്കുന്നു. അവർ അതിവേഗത്തിൽ വിമാനങ്ങളിൽ ഏറി ഓടിച്ച് ഈ ശ്മശാനസ്ഥലത്തെക്കെത്തുന്നു. ഇപ്പോൾ മേഘമാർഗ്ഗത്തിൽ പ്രത്യക്ഷമായിരിക്കുന്ന ഇടിമുഴക്കം അവരുടെ തേരൊലിയും മിന്നൽ മേഘമാർഗ്ഗത്തിൽ വേഗത്താൽ തേരുരുൾ ഉരഞ്ഞുണ്ടാകുന്ന അഗ്നിജ്വാലയുമാണ്. ഈ സംഗതികൾ പ്രമാണിച്ച് ദേവതകൾ മുഴുവനും ഇങ്ങോട്ട് യാത്രതിരിച്ചിരിക്കുന്നതുകൊണ്ടു ഭൂമിക്കും ദ്യോവിനും തമ്മിലുള്ള സഹോദരസ്നേഹവും ഈ സന്ദർഭത്തിൽ അധികം വെളിവായിരിക്കുന്നു.

ഫ൦) പങ്കിലം=മലിനം. ചെളിപിടിച്ചതെന്നും ജഡം=അചേതനം തണുത്തതെന്നും. ദിഗന്തങ്ങൾ=ചക്രവാളത്തിന്റെ സീമകൾ. സാരംഗധ്വനി=വേഴാമ്പൽപക്ഷിയുടെ കരച്ചിൽ. വർഷകാലത്തെ ഭൂമിയുടെയും ആകാശത്തിന്റെയും സ്ഥിതികളെ വർണ്ണിച്ചിട്ട് ദ്യോവ് (ആകാശം) സമദുഃഖത്തോടുകൂടി സഹോദരിയായ ഭൂമിയെ ആലിംഗനംചെയ്തു കരയുന്നുവെന്ന് ഈ ശ്ലോകത്തിൽ ഉൽപ്രേക്ഷിക്കുന്നു.

Digitized By Kerala Sahitya Akademi

൧൧) നക്തം=രാത്രിയിൽ ഖദ്യോതജാലങ്ങൾ=മിന്നാമിനുങ്ങിൻകൂട്ടങ്ങൾ. വ്യക്തസ്ഫൂർത്തി=തെളിഞ്ഞ കാന്തി സ്ഫുലിംഗങ്ങൾ=തീപ്പൊരികൾ. ഉക്തവ്യഗ്രത=മുൻപെ പറഞ്ഞിട്ടുള്ള വിധത്തിലുള്ള ധൃതഗതി. ഊർദ്ധ്വമുഖർ=മേല്പോട്ടു തിരിഞ്ഞ മുഖത്തോടുകൂടിയവർ. രിക്തത്വം=ശൂന്യത്വം. ശ്മശാനാഭം=ശ്മശാനദേശത്തെ ആകാശം. ക്രൂരിരുട്ടത്ത് മിന്നാമിനുങ്ങിൻകൂട്ടം പറക്കുംപോലെ ആറാമത്തെ പദ്യത്തിൽ സൂചിപ്പിച്ച പുകയിൽ തീപ്പൊരികൾ പൊങ്ങുന്നതായി കവി സങ്കല്പിക്കുകയും ദേവതകൾ തേജോമയരും ഊർദ്ധ്വമുഖരും ആണെന്നു പ്രസിദ്ധമാകയാൽ ആ തീപ്പൊരികൾ അവിടെ ഒൻപതാമത്തെ പദ്യത്തിൽ വിഭാവനചെയ്തപ്രകാരം വന്നുകൂടുന്ന ദേവവ്യക്തികളാണെന്ന് ഈ പദ്യത്തിൽ ഉൽപ്രേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

൧൨) നാഗഫണാധമ്മില്ലങ്ങൾ=പാമ്പിൻപത്തിയുടെ ആകൃതിയിൽ കെട്ടിവെച്ച തലമുടികൾ. നവതാളപത്രധരിതച്ഛത്രങ്ങൾ=പച്ചനിറത്തിലുള്ള പുതിയ ഓലക്കുടകൾ പുതിയ താളിപ്പനയോലയുടെ മാതിരി പച്ചനിറത്തിലുള്ള കുടകൾ എന്നും,

കേരളത്തെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നുള്ള ഏതല്ക്കാലീനവിഭാഗമനുസരിച്ച് ഭാഗിച്ച് ഓരോ ഖണ്ഡത്തിന്റെയും അഭിമാനദേവതകളെ സഹോദരികളായി കല്പിച്ച് കേരളസ്ത്രീസാധാരണവും സ്വസ്ഥാനരൂപവുമായ വേഷത്തിൽ അവർ മൂന്നുപേരും ശ്മശാനത്തിലേക്കു വരുന്നതായി നാമാന്യേന ഈ പദ്യത്തിൽ വർണ്ണിച്ചിരിക്കുന്നു.

൧൩) വൈനതേയഹയമാം=ഗരുഡനാകുന്ന കുതിരയോടുകൂടിയത് ഗരുഡൻ വലിച്ചുകൊണ്ടുപോകുന്നതെന്നർത്ഥം. ആ പാണ്ഡുരപുണ്ഡരീകമുകുളശ്രീ ഹസ്തശംഖത്തിനാൽ=ആ പാണ്ഡുര (വെളുത്ത) താമരപ്പൂവിന്റെ വിടരാറായ മൊട്ടുപോലെ ശോഭയോടുകൂടി കയ്യിൽ ധരിച്ചിരിക്കുന്ന ശംഖുകൊണ്ട്. ആനതാസ്യകമലാ=കുറഞ്ഞൊന്നു കുനിച്ച മുഖാംബുജം ഛാദിക്കുമാറ്=മറച്ചു.

മേൽപറഞ്ഞ മൂന്നു സഹോദരികളിൽ തിരുവിതാംകൂറിന്റെ അഭിമാനദേവതയെ ഒന്നാമതായി വർണ്ണിക്കുന്നു. ആ വഞ്ചിരാജ്യം ശ്രീപത്മനാഭസ്വാമിക്കധീനമാകയാൽ ആ ദേവതയെ സാക്ഷാൽ ലക്ഷ്മീദേവിയോട് അഭിന്നയായി കല്പിക്കുകയും തിരുവിതാംകൂറിലെ രാജമുദ്രയായ ശംഖുകൊണ്ട് ആ ദേവി മുഖം മറച്ചുനിന്ന് കരയുന്നതായി പറകയും ചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

൧൪) ശിഷ്ടന്മാർ=പ്രാമാണികന്മാർ. വിദ്വൽപ്രിയ=വിദ്വാന്മാരിൽ പക്ഷപാതമുള്ളവൾ, പുഷ്ടശ്രീ=സമൃദ്ധമായ ഐശ്വൎയ്യമുള്ള. ഇണങ്ങുമി=ഇണങ്ങൾക്കു വിളനിലമായ. മൂലനൃവരൻ=മൂലംതിരുനാൾ തിരുമേനി വാഴുന്നു=രാജ്യഭാരം ചെയ്യുന്നു, ജീവിച്ചിരിക്കുന്നു എന്നു താല്പൎയ്യം. ബന്ധുരത്നം=പ്രധാനബന്ധു. ബന്ധുവായ അമൂല്യരത്നം എന്നും. സൂരീന്ദ്രർ=പണ്ഡിതശ്രേഷ്ഠന്മാർ. വഞ്ചിലക്ഷ്മി വഞ്ചിരാജ്യാഭിമാനദേവതയായ അല്ലയോ ലക്ഷ്മി,

൧൫. മനോജ്ഞമംഗളവിളക്ക്=മനോഹരമായും മംഗളദ്യോതകമായും ഉള്ള വിളക്ക്. അന്യ=മേൽപറഞ്ഞ സഹോദരികളിൽ രണ്ടാമത്തേതായ കൊച്ചിയുടെ അഭിമാനദേവത. ഫുല്ലശ്രീഹരികേതു=സ്പഷ്ടമായ ശോഭയോടുകൂടിയ സിംഹാങ്കിതമായ കൊടിക്കൂറ. മൂന്നാമവൾ=ബ്രിട്ടീഷ് മലബാറിന്റെ അഭിമാനദേവത. പല്ലക്കും വിളക്കും കൊച്ചിയിലെ പ്രത്യേക രാജചിഹ്നങ്ങളാണ്. സിംഹക്കൊടി=മലബാറിന്റെ ബ്രിട്ടീഷ്ഭരണത്തെ ദ്യോതിപ്പിക്കുന്നു.

൧൬) അത്യാതങ്കവിപത്ത്=ഏററവും വലുതായ ആപത്ത്. ഇവൎക്ക്=ഈ മുൻപറഞ്ഞ മൂന്നു സഹോദരികൾക്ക്. പണ്ടേപിരിഞ്ഞെങ്കിലും രാജ്യഭരണസംബന്ധമായി പൃഥക്കുലംകൃതൽ വിഭക്തകളായിരിക്കയാണെങ്കിലും. നിത്യാപത്യം=നിത്യസന്താനം. തദീയാത്മജൻ=അത്താത്ത് രാജരാജവർമ്മ. പ്രത്യാശാസ്പദതന്തു=ഭാഗ്യാശംസകൾക്കു നിദാനഭൂതമായ നൂല്. ബന്ധനം=കെട്ടുപാട് (ഉടമ്പം.)

കൈരളിയെ മരുമക്കത്തായസമ്പ്രദായമനുസരിച്ച് മേൽപറഞ്ഞ മൂന്നു ശാഖാതറവാട്ടുകളിലെ ഏകസന്താനമായ സ്ത്രീയായും ഭാഷയ്ക്കു മഹോപകാരകനായ കവിപുംഗവനെ കൈരളീപുത്രനെന്ന ആ അട്ടപ്പത്തെ നിലനിറുത്തിക്കൊണ്ടുപോകുന്ന ഏകപുരുഷനായും വൎണ്ണിച്ചിട്ട് അദ്ദേഹത്തിന്റെ നാശത്തിൽ അവൎക്ക് സംഭവിച്ചിരിക്കുന്ന നഷ്ടം എത്ര ഭാരമേറിയതാണെന്ന് ഈ പദ്യംകൊണ്ടു കാണിക്കുന്നു.

൧൭. ദൃഗംബു=കണ്ണുനീര്. മേൽപ്പറഞ്ഞ മൂന്നഭിമാനദേവതകളും കേരളഭൂമിയെ ആശ്ലേഷിച്ചുകൊണ്ട് അനുരോദനംചെയ്തു ദുഃഖത്തിൽ ലയിച്ച് നിൽക്കുന്ന അവസ്ഥ ഈ ശ്ലോകത്തിൽ വൎണ്ണിച്ചിരിക്കുന്നു.

൧൮) ഉത്താളദ്രുമരാജി=ഉന്നതവൃക്ഷനിരകളെ. ഘനപാളി=മേഘപടലം. നഭോവീഥി=ആകാശമാൎഗ്ഗം. ബുധവാസരം=ബുധനാഴ്ച. ആപ

Digitized By Kerala Sahitya Akademi

ന്ധം=വിളറിയത്. കഥാപുരുഷൻ തീപ്പെട്ടത് ൯൩-മിഥുനം ൫-ാം തിയതി ബുധനാഴ്ചയാണ്. രാത്രി ഏഴുമണികഴിഞ്ഞായിരുന്നു തീപ്പെട്ടത്, മങ്ങിയ നിലാവെളിച്ചത്ത് ഭൂമിയിൽ വൃക്ഷഛായകൾകൊണ്ടും ആകാശത്തിൽ ഖണ്ഡഖണ്ഡമായി സഞ്ചരിക്കുന്ന മേഘങ്ങൾകൊണ്ടും പ്രത്യക്ഷമാകാവുന്ന തമസ്സിന്റെ പിണ്ഡങ്ങളെ ആ രാത്രിയുടെ ഭയങ്കരതയെ വർദ്ധിപ്പിക്കുന്ന ഭൂതങ്ങളായും "രാത്രൗവാരഫലംനാസ്തി" എന്നുള്ളതിനെ അടിസ്ഥാനമാക്കി മങ്ങിയവെളിച്ചമുള്ള രാത്രിയെ ബുധവാസരത്തിന്റെ വിളറിയ ശവശരീരമായും ഈ പദ്യത്തിൽ ഉൽപ്രേക്ഷിക്കുന്നു.

൫൯) ഇത്=(ഭൂതങ്ങളെ ഉല്ലേഖിച്ചപ്രകാരം) ഈ കാണുന്നത്. പപ്പ്വാശ പരദൈവങ്ങൾ=പരപ്പനാട്ടുരാജാക്കന്മാരുടെ കുലദേവതകൾ (കഥാപുരുഷൻ തദ്വംശജനാണ്) പട്ടാളം=ഭൂതപ്പട. ഖദ്യോതവൃന്ദങ്ങളിൽ=മിന്നാമിനുങ്ങുകളുടെ കൂട്ടങ്ങളിൽ. ധാരാവൃഷ്ടി=തോരാത്തമഴ. എഴുന്നള്ളത്ത്=കുലദൈവങ്ങളുടെ ശ്മശാനത്തിലേക്കുള്ള പുറപ്പാട്. ശൈവദേവതകൾക്ക് ഭൂതപരിവാരങ്ങളുടെ പ്രസക്തി സംഭവ്യമാണല്ലോ.

൬൦) ഭേകങ്ങൾ=മാക്രികൾ. തദ്ദേവർ=ആ കുലദൈവങ്ങൾ. നിശ=രാത്രി. ആ രാത്രിയിൽ സംഭാവ്യമായ കരക്കൻ മുതലായ ജന്തുക്കളുടെ ശബ്ദങ്ങളെ കുലദേവതകൾ ആ ജന്തുക്കളിൽ ആവേശിച്ച് കരയുകയാണെന്നും പരിതാപകരമായ പ്രസ്തുതദുഃഖസംഭവത്തെ കാണുന്ന ആ രാത്രിതന്നെ അപ്രകാരം ഉച്ചത്തിൽ കരകയാണെന്നും വിഭാവനം ചെയ്യുന്നു.

൬൧) കുലജാതർ=അംശാവതാരങ്ങൾ. വാഹടകാളിദാസപാണിപുത്രന്മാർ. വാഹടാചാര്യരും, കാളിദാസനും, പാണിനിമഹർഷിയും. ആ ശാഖ=പരപ്പനാട്ടുവംശത്തിന്റെ അനന്തപുരത്തു ശാഖ. നിഷ്ക്രാന്തസദ്ഗന്ധ=സൌരഭ്യം നഷ്ടമായിപ്പോയത്. അനന്തപുരത്തുരാജാക്കന്മാരിൽ തീപ്പെട്ടുപോയ രാജരാജവർമ്മമൂത്തകോയിത്തമ്പുരാൻ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഈ രണ്ടു തിരുമേനികളും ക്രമേണ കേരളവാഹടൻ എന്നും, കേരളകാളിദാസനെന്നും പ്രഖ്യാതി നേടിയവരായിരുന്നു. ആ മഹാന്മാരുടെ ഭാഗിനേയനായ കഥാപുരുഷൻ കേരളപാണിനിയുമാകുന്നു, ഈ വസ്തുതയെ ആസ്പദമാക്കി ഈ മൂന്നുപേരും മേൽപറഞ്ഞ മൂന്നു മഹാന്മാരുടെ അംശജന്മാരായി ലോകോപകാരാർത്ഥം അവതാരം എടുത്തിട്ടുള്ളവരാണെന്നും ഈ മൂന്നുപേരുടേയും തുടർന്നുകൊണ്ടുള്ള നഷ്ടം ആ വംശദേവതകൾക്കുമാത്രമല്ല; ഭൂമിക്കുതന്നെ പരിതാപകരമായിട്ടുള്ളതാണെന്നും ഈ പദ്യംകൊണ്ട് വർണ്ണിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

൨൨) സ്ഫുടിച്ചത്=വികസിച്ചത്. ലോകോത്തരാമോദം=സർവ്വോൽകൃഷ്ടമായ സൌരഭ്യം. തല്ക്കുലശ്രീ=ആ കുലത്തിന്റെ ഐശ്വര്യദേവത. തൽപുണ്യം=ആ പപ്പ്രരാജവംശത്തിന്റെ പുണ്യം. പതനഭീ=സ്ഥാനഭ്രംശഭയം. ഈ പദ്യത്തിൽ കഥാപുരുഷന് മേൽപറഞ്ഞ രണ്ടുമഹാന്മാരേക്കാൾ ശ്രൈഷ്ഠ്യം കല്പിക്കുകയും അദ്ദേഹത്തിന്റെ നാശത്തിൽ കുലത്തിന്റെ ഐശ്വര്യദേവത തന്റെ തന്നെ അധഃപതനത്തെ ശങ്കിക്കുന്നതായി വർണ്ണിക്കയും ചെയ്തിരിക്കുന്നു.

൨൩) രാജ്ഞിമാർ=കഥാപുരുഷന്റെ പത്നിയും പുത്രിമാരും മററുമായ മാവേലിക്കരത്തമ്പുരാട്ടിമാർ. സൌധസ്ഥർ=മാളികയിൽ സ്ഥിതിചെയ്യുന്നവർ. ആവേഗം=ശോകാവേഗം. തൽക്രന്ദനം=ആ കരച്ചിൽ. ജീവത്പ്രേത=മൃതപ്രായ. മഹാബലിക്ഷ്മ=മാവേലിക്കര. വിഡംബിക്കുന്നു. അനുകരിക്കുന്നു. ദിഗ്ദേവിമാർ=അഷ്ടദിക്കുകളുടെ അഭിമാനദേവതകൾ. ആ രാത്രി ശവസംസ്കാരാദികൃത്യം സംബന്ധിച്ച് തമ്പുരാട്ടിമാർ മാളികപ്പുറത്തുനിന്ന് ദുസ്സഹമനോവേദനയോടുകൂടി നിലവിളിക്കുന്നത് ആ ദേശംതന്നെ നിലവിളിക്കുമാറു തോന്നുന്നതായും ദിക്കുകളെല്ലാം മാറെറാലികൊള്ളുന്നതായും ഈ പദ്യത്തിൽ വിഭാവനം ചെയ്തിരിക്കുന്നു.

(൨൪) സ്നേഹാർദ്രാശയ=സ്നേഹംകൊണ്ട് അലിഞ്ഞ ഹൃദയമുള്ള തിരുമേനി! വൈദുഷീജിതജഗത്=പാണ്ഡിത്യംകൊണ്ട് സർവ്വരേയും ജയിച്ച. മാഹാത്മ്യങ്ങൾ=ഗുണവിശേഷങ്ങൾ. വിസ്മയിച്ച്=അൽഭുതപ്പെട്ട്. മാദൃക്കുകൾ=എന്നെപ്പോലെയുള്ളവർ. ദേഹാലംബനം=അവിടത്തെ ശരീരമാകുന്ന ഏകാശ്രയത്തോടുകൂടിയ. ഭവൽപ്രണയിലോകം=അവിടത്തെ മഹിഷി മുതലായ ഇഷ്ടജനം. തടിത്=ഇടിത്തീയ്. മഹാദ്രുമം=വന്മരം. ലത=വള്ളി. പ്രരോഹാകുല=പ്രരോഹങ്ങളെ (മുളകളെ)ക്കൊണ്ട് വ്യാകുലമായത്. തടിത്തിനെ അവിചാരിതമായ ദുർവിധിയായും മഹാദ്രുമത്തെ കഥാപുരുഷനായും ലതയെ പത്നിയായും പ്രരോഹങ്ങളെ സന്താനങ്ങളായും അദ്ധ്യവസായിച്ചിരിക്കുന്നു.

൨൫) പുഷ്യച്ഛ്രീ=അതിതേജസ്വി. പക്ഷം=കറുത്തപക്ഷം. കാലമഹാഗ്രഹം=കാലനാകുന്ന മഹാഗ്രഹം, അതിഭീഷണഗ്രഹം എന്നു താല്പര്യം. രാജരാജേന്ദു=രാജരാജവർമ്മയാകുന്ന ചന്ദ്രൻ. രോഹിണി=രോഹിണീനക്ഷത്രം, മനോവികാരങ്ങളാൽ ചുവന്ന ശരീരമുള്ള തന്റെ മഹിഷി എന്നും. കലേശൻ=ചന്ദ്രൻ, കലകളിൽ പ്രാവീണ്യംസിദ്ധിച്ച ആൾ. (എം. എ.) എന്നും. ഗ്രഹണംകൊണ്ടു ചന്ദ്രൻമറഞ്ഞാൽ സ്വല്പസമയംകഴിയുമ്പോൾ വീ

Digitized By Kerala Sahitya Akademi

ണ്ടും പ്രകാശിക്കും. കറുത്തപക്ഷത്തിൽ തീരെ ക്ഷയിച്ച് കാണാതായിപ്പോക ന്ന ചന്ദ്രനും വെളുത്തപക്ഷത്തിൽ തെളിയും. കാലനാകുന്ന ദുഷ്ടഗ്രഹത്താൽ ഗ്രസ്തനായ രാജരാജചന്ദ്രനാകട്ടെ പ്രിയയായ രോഹിണിയുടെ ദൃഷ്ടിയിൽ നിന്ന് എന്നേക്കും മറഞ്ഞുപോയിരിക്കുന്നു. എത്രതന്നെ കരഞ്ഞാലും തിരിച്ചു വരുന്നതുമല്ല.

൮൬) ജിവഛേദനം=ജീവനെ ഉടനെ നശിപ്പിക്കുന്നത്. ആധി=ശോകം. മനസ്വിപ്രജം=ധീരജനങ്ങൾ. വൈവശ്യം=അവശത. കൃത്യമതി=കർത്തവ്യങ്ങളിലുള്ള ചിന്ത. തീക്ഷ്ണാഘാതം=മൂർച്ചയേറിയ ആയുധംകൊണ്ടുള്ള മുറിവ്. ഓരം=ഉടനെ വേദനയുണ്ടാക്കുന്നില്ല. ഭാവം=സത്പദാർത്ഥം. പരകോടി=പരമാവസ്ഥ. അഭാവം=അസത്പദാർത്ഥം. സ്വഭാവം=സാധർമ്മ്യം. പരകോടി=ആത്യന്തികാവസ്ഥ. ഭാര്യാപുത്രാദികൾക്ക് ഈ വിരഹം ദുസ്സഹമായിരുന്നു എങ്കിലും അവർ അതിനെ സഹിച്ചു എന്നും അവക്ക് സഹനശക്തിയെ നൽകിയ ബാഹ്യാഭ്യന്തരാവസ്ഥകൾ ഇന്നവയെന്നും തത്വപരാമർശരീത്യാ ഇതിൽ വ്യഞ്ജിപ്പിച്ചിരിക്കുന്നു.

൮൭) ജിവിതരസം=ജീവിതത്തിന്റെ സുഖാംശം ജീവിതമാകുന്ന പേയദ്രവ്യമെന്നും. രസന=നാവ്. അയസ്കാരാഗ്ര്യൻ=പെരുങ്കൊല്ലൻ. പടുപദൃഢതാഘാതൻ=ദൃഷ്ടിക്കുനേരെനിന്നു മോഷണംനടത്തുന്ന വിരുതനായ കള്ളൻ. അവാര്യക്രൗര്യൻ=നീക്കപ്പോക്കില്ലാത്ത ക്രൂരതകാണിക്കുന്നവൻ. ബന്ധുക്കളുടെ ദുഃഖാവസ്ഥ എത്ര ദുഃസഹമാണെങ്കിലും ലോകസാധാരണമാകയാൽ സഹിച്ചു വിധിക്കു കീഴടങ്ങുകയല്ലാതെ നിവൃത്തി ഇല്ലെന്ന് സാരം.

൮൮) അന്തശ്ചന്ദ്രശരദ്ഘനാഭ=ഉള്ളിൽ ചന്ദ്രൻവിളങ്ങുന്ന ശരൽകാലത്ത വെൺമേഘത്തിന്റെ ശോഭപോലെ ഉള്ള ശോഭ. പ്രദീപാഭ=(ഉള്ളിൽഎരിയുന്ന) വിളക്കിന്റെപ്രഭ. പ്രാന്തസ്ഫൂർത്തി=സമീപപ്രദേശങ്ങളുടെ വ്യക്തത. രജതപാത്രം=വെള്ളിപ്പാത്രം. ഭാനുവിൻമണ്ഡലം=സൂര്യബിംബം (പ്രകാശം മുഴുവൻപോയി തണുത്തുവെളുത്തസൂര്യന്റെ വെറു ബിംബത്തോടു അഭേദവിവക്ഷചെയ്തിരിക്കുന്ന തിരുമേനിയുടെ മൃതശരീരം) തിരുമേനിയുടെ ചാമരശുശ്രൂഷയിൽ പ്രിയയുടെ മുകളിലത്തെ നിലയിലായിരുന്നു.

൮൯) ആയുർജ്യോതിഷതത്വവിദ്യകൾ=ആയുർവേദം, ജ്യോതിശ്ശാസ്ത്രം, തത്വശാസ്ത്രം ഇതുകൾ. ഭീ=ഭയം. ദീനത=പരവശത. മഹാവിരതി=കഠിനവൈരാഗ്യം. ശ്രീയുക്താവയവങ്ങൾ=ശ്രീമാന്റെ അവയവങ്ങൾ, മനോഹരമായ മുഖാദ്യവയവങ്ങളെന്നും. ബന്ധുക്കളുടെ രോദനത്തെ ശണ്ഠമാ

Digitized By Kerala Sahitya Akademi

ക്കാതെയും വൈദ്യന്മാർ ജ്യോത്സ്യന്മാർ മുതലായവരുടെ നിഷ്പ്രയോജനതയെ വെളിപ്പെടുത്തിയും ഭയങ്കരമായ മരണം തിരുമേനിയുടെ മനോഹരമായ് എല്ലാ അവയവങ്ങളേയും വികൃതമാക്കിക്കൊണ്ടു് ആ ശവശരീരത്തിൽ പ്രത്യക്ഷമായിരുന്നു എന്നു താല്പര്യം.

൩൦) ജഡം=ചൈതന്യമില്ലാത്തതു്. നിശീഥം=പാതിരാത്രി. സന്താനം=സന്തതി (അർദ്ധരാത്രിയിൽ ഉണ്ടാകുന്നതു്) മൂകത്വം=നിശ്ശബ്ദത. മഹത്വം=വലിപ്പം. ഉഗ്രശംഖമുരജധ്വാനങ്ങൾ=ഉഗ്രങ്ങളായ ശംഖ്, മുരജം ഇവയുടെ ശബ്ദങ്ങൾ. നിശ്ശബ്ദത=മൌനം. ശവസംസ്കാരസമയത്തു് സന്നിഹിതജനങ്ങളുടെ ഹൃദയം മരവിച്ചുപോയതിനെ ഒരു മഹാ നിശ്ശബ്ദതയുടെ ആവേശമായി വർണ്ണിച്ചിരിക്കുന്നു.

൩൧) അതിശൂന്യം=ദൃഷ്ടിപ്രിയകരമായ യാതൊന്നും ഇല്ലാത്തതു്. ഉൽക്രാന്തൻ=പരേതൻ. സുധാമുഖാഹിപരി=വായിൽ അമൃതുള്ള സർപ്പശ്രേഷ്ഠൻ, കവിയെന്നും വൈയാകരണനെന്നും. താല്പര്യം നിർമ്മോചിക്ക=ഒഴിക്കുക. മയൂരദൂതകവി=മയൂരസന്ദേശകാവ്യകർത്താവായ തീപ്പെട്ടുപോയ കേരളവർമ്മ വലിയകോയിത്തമ്പുരാൻ. കുശലങ്ങൾ=സ്വാഗതങ്ങൾ. നിപുണശ്രോത്രങ്ങൾ=സഹൃദയന്മാരുടെ ചെവികൾ, സഹൃദയഹൃദയങ്ങളെ. ന്നു താല്പര്യം. ഈ ശ്ലോകത്തിൽ ശവശരീരത്തെ ശ്മശാനത്തിലേയ്ക്കു കൊണ്ടുചെല്ലുന്നതായി സൂചിപ്പിച്ചിരിക്കുന്നു. തിരുമേനിയെ ദഹിപ്പിച്ചതു് മാവേലിക്കര കൊട്ടാരത്തിന്നു കുറെ ദൂരെയുള്ള ഒരു പറമ്പിലാണു്. ഈ പറമ്പിലും പക്ഷെ, ഈ സ്ഥാനത്തും തന്നെയായിരുന്നു കേരളവർമ്മ കോയിത്തമ്പുരാൻതിരുമനസ്സിലേയും ദാഹക്രിയ നടത്താൻ ഇടയായിട്ടുള്ളതു് അതുകൊണ്ടു തിരുമേനിയുടെ അറിവിടെ ശേഷിച്ചു കിടപ്പുള്ള ഭസ്മങ്ങളെപ്പററി ഈ അവസരത്തിൽ സഹൃദയന്മാൎക്കു ഓർമ്മതോന്നാവുന്നതും പരിതാപകരമായ പല ചിന്തകളും ഉണ്ടാകാവുന്നതും ആണല്ലോ. ആ ഭസ്മങ്ങൾ കഥാപുരുഷന്റെ പ്രേതത്തിന്നു സ്വാഗതം പറയുന്നതായി ഇതിൽ വിഭാവനം ചെയ്തിരിക്കുന്നു.

൩൨) ത്വരിതം=അതിവേഗത്തിൽ നയിക്കപ്പെട്ടതു് പ്രിയാകാരമെ=സ്നേഹമുള്ള(പ്രേമ) സ്വരൂപമെ. അനലഭൂതം=പഞ്ചഭൂതങ്ങളിൽ ഒന്നായ അഗ്നി, ഭയങ്കരമായ ഭൂതമെന്നും. കരം=രശ്മി, കൈ എന്നും. പരിണാമഭിന്നത=നാനാവിധമായ രൂപാന്തരപ്രാപ്തി. ആ ഭസ്മങ്ങളുടെ സ്വാഗത

Digitized By Kerala Sahitya Akademi

വാക്യമെന്താണെന്നു ഈ പദ്യംമുതൽ വിസ്തരിച്ചുപറയുന്നു. പ്രിയപ്പെട്ട ആ പ്രേതം ഉഗ്രമായ അഗ്നിയുടെ വായിൽകൂടികടന്നു ദഹിച്ചു രൂപാന്തരപ്പെടുന്നതിന്റെ ഭയങ്കരതയെ സാമാന്യമായി ഇതിൽ സൂചിപ്പിച്ചിരിക്കുന്നു.

൩൩) ഞങ്ങൾ=കേരളവർമ്മദേവന്റെ ശരീരാണുക്കൾ. ഉൽക്കാചഞ്ചലം=കൊള്ളിമീൻപോലെ വേഗത്തിൽ പാഞ്ഞുപോകുന്നതു്. മുൻസൂചിപ്പിച്ച രൂപാന്തരപ്രാപ്തിയെ വിസ്തരിച്ചുപറകയും മനുഷ്യജീവിതത്തിന്റെ നിസ്സാരതയെ നിർവേദജനകമാംവണ്ണം സൂചിപ്പിക്കയും ചെയ്യുന്നു.

൩൪) വഞ്ചീശിത്രി=വഞ്ചിരാജ്ഞി. പരേതലക്ഷ്മി=നാടുനീങ്ങിപ്പോയ ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു്. പ്രേമയ്ക്കേ........തിരുമേനി=അവിടത്തെ പ്രിയതമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ. അവയവക്ഷോദങ്ങൾ=ശരീരാണുക്കൾ. മിഞ്ചി=ഉച്ഛിഷ്ടമാക്കി. ഭാഗ്യത്തിന്റെ അസ്ഥിരതയേയും ജീവിതത്തിന്റെ അനിഷ്ടപര്യവസായിത്വത്തെയും കുറെക്കൂടി വിസ്തരിച്ചു ഇതിൽ കാണിച്ചിരിക്കുന്നു.

൩൫) സജ്ജാതി=ഉൽകൃഷ്ടജാതി. ദൃഷ്ടശ്രീതനുധാടി=പ്രത്യക്ഷമായ സൌന്ദര്യത്തോടുകൂടിയ ശരീരസൌഷ്ഠവം. മാനുഷഗർവ്വം=മനുഷ്യന്റെ ദുരഭിമാനം. ഇഷ്ടന്മാർ=ഭാര്യാപുത്രബന്ധുമിത്രാദികൾ. അദ്ധ്യാത്മവിദ്യാലയം=തത്വജ്ഞാനപാഠശാല. ശരീരസംബന്ധമായ ദുരഭിമാനം ഒന്നും യാതൊരർത്ഥവുമുള്ളതല്ലെന്നും മരിച്ചുപോകുന്നവനു് ബന്ധുക്കളിൽ ആരും തുണയാകയില്ലെന്നും ഈ ശ്മശാനത്തിൽവച്ചു സ്പഷ്ടമായി മനസ്സിലാകുന്നു. അതുകൊണ്ടു കാണികൾക്കു വൈരാഗ്യമുദിക്കയും തദ്വാരാ തത്വബോധമുണ്ടാകയും ചെയ്യുമെന്നു താല്പര്യം.

൩൬) സാരജ്ഞന്മാർ=സൂക്ഷ്മം അറിയുന്നവർ. നരേതിഹാസചരമസ്കന്ധം=മനുഷ്യചരിത്രത്തിന്റെ ഒടുവിലത്തെ അദ്ധ്യായം. പ്രസംഗിക്ക=വ്യാഖ്യാനിക്ക. ശ്മശാനഭൂമിയിൽ സംഭാവ്യമായ പുരുകു്, കള്ളി, എരുക്കു്, ഇവയുടെ പുഷ്പങ്ങളെ യഥാക്രമം, ചൊള്ളി, തീ, ചാമ്പൽ ഇവയായി സങ്കല്പിച്ചു് ഐഹിക ജീവിതത്തിന്റെ അവസാനഘട്ടം ഇങ്ങിനെയാണെന്നു കുറെക്കൂടി മനസ്സിൽ ഉറയ്ക്കത്തക്കവണ്ണം അദ്ധ്യാത്മവിദ്യാലയം എന്നവസാനിപ്പിച്ച മുമ്പിലത്തെ പദ്യത്തിലെ അഭിപ്രായത്തെ ഈ പദ്യത്തിൽ വിസ്തരിക്കുകയും ചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

൩൭) ഭൂതപിണ്ഡം=പഞ്ചഭൂതാത്മകമായ ശരീരം. അമ്മഹിതർ=ആ രണ്ടു പുണ്യാത്മാക്കൾ. (കേരളവർമ്മ, രാജരാജവർമ്മ ഇവർ) ആകല്പം=ലോകാവസാനംവരെ. ഭസ്മങ്ങൾ സ്വാഗതത്തെ ഉപസംഹരിക്കുന്നു. പരേതന്മാരായ രണ്ടു മഹാത്മാക്കളും പരലോകത്തിലും ഈലോകത്തിൽ ജനങ്ങളുടെ ഓർമ്മയിലും ശോഭിക്കുന്നു. അതുകൊണ്ടു ഈ രണ്ടു മഹാന്മാരുടേയും അവശിഷ്ടങ്ങൾ കിടക്കുന്ന സ്ഥലംപോലും എന്നേയ്ക്കും സ്മരിക്കപ്പെടാമെന്ന് ആ ഭസ്മങ്ങൾ ആശംസിച്ചു ആശ്വസിക്കുന്നു

൩൮) അപ്പൊടികൾ=മേൽപറഞ്ഞ ഭസ്മങ്ങൾ. തർജ്ജിച്ചു=തള്ളിമാററി. കട്ട=പട്ടട. തജ്ജ്ഞാതികൾ=കഥാപുരുഷൻെറ ബന്ധുക്കൾ. സാരോദഗ്രനവപ്രസാദസരം='പ്രസാദമാല'യെന്ന, കഥാപുരുഷൻെറ അപൂർവ്വഗ്രന്ഥത്തിലെ അർത്ഥഗാംഭീര്യമുള്ള ഒരു ഖണ്ഡം. സ്തുതൻ=സ്തോത്രം ചെയ്യപ്പെട്ടവൻ. സ്ഥൂലോല്ലാസം=വലിയ ചീററൽ ആശ്രയാശൻ=(സേവിച്ചവരെ ഭക്ഷിക്കുന്ന) അഗ്നി ബുഭുക്ഷാകലൻ=കഠിനമായ വിശപ്പുപിടിപെട്ടവൻ ഈ പദ്യത്തിൽ ശവദാഹത്തെ സങ്കല്പിച്ചു വർണ്ണിക്കുന്നു. മൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ൬൧-ാമാണ്ടു കൊണ്ടാടിയ ഷഷ്ടിപൂർത്തി അടിയന്തിരംസംബന്ധിച്ച് കഥാപുരുഷൻ തിരുമനസ്സിലേയ്ക്കു സമർപ്പിച്ച മംഗളാശംസാരൂപമായ ഒരു വിശിഷ്ട മലയാളഗ്രന്ഥമാണ് "പ്രസാദമാല" അതിലെ "വൈദികസ്തബക" ഒന്നാം "സരം" അഗ്നിപ്രാർത്ഥനയാണ്. തന്നാൽ അപ്രകാരം സ്തോത്രം ചെയ്യപ്പെട്ട അഗ്നിതന്നെ ഭസ്മീകരിപ്പാൻ തുടങ്ങുന്നസംരംഭം അതിൻെറ "ആശ്രയാശ"ത്വത്തെ തന്നെ വെളിപ്പെടുത്തുന്നു എന്നു സാരം.

൩൯) ദിവ്യസ്തോത്രഗണം=(പ്രസാദമാലയിലെ) ഉൽകൃഷ്ടങ്ങളായ വിവിധസ്തോത്രങ്ങൾ. ദിവിഷച്ഛ്രോത്രോത്സവം=ദേവന്മാരുടെ കർണ്ണാനന്ദം. വ്യശ്രീകലരം=പരിശുദ്ധമഹാത്മ്യമുള്ള. നവീനമുനി=ഇക്കാലത്തെ മന്ത്രദ്രഷ്ടാവ്, നവീനതപജ്ഞാനിയെന്നും. ക്ഷത്രിയശ്രോത്രിയൻ=ജാത്യാ ക്ഷത്രിയനെങ്കിലും വൈദികൻ വേദത്തിൻെറ അഭ്യന്തരതത്വങ്ങളെ അറിഞ്ഞനുഷ്ഠിക്കുന്നവനെന്നുതാല്പര്യം. സുവ്യക്തം=സ്പഷ്ടമായി. ബലി=ഹോമദ്രവ്യം. ഹവ്യം=ഹവിസ്സ്. ഹുതമഹസ്വാമിന്=ഹോമത്തെ സ്വീകരിച്ചു തൃപ്തിപ്പെടുന്ന അഗ്നിഭഗവാനെ.

൪൦) വൃത്രദ്വേഷി=വൈദികദേവന്മാരിൽ മുഖ്യനായ ഇന്ദ്രൻ. വജ്രാകരൻ=വജ്രമെന്ന ആയുധം കയ്യിലേന്തിയവൻ. വിയത്തിൽ=ആകാശത്തി

Digitized By Kerala Sahitya Akademi

ൽ. മിത്രസ്നേഹമൊട്=പ്രസാദമാലയിലെ സ്തുതികളാൽ സമ്പാദിച്ച സവിശേഷസ്നേഹംകൊണ്ട്. വരുണൻ=ജലത്തിന്റെ അധിദേവത. മരുത്തുക്കൾ=വായുവിന്റെ ഏഴ് അധിദേവതകൾ. അത്രത്യാഗ്നിശിഖാളി=ഇവിടെ (ശ്മശാനത്തിൽ) എരിയുന്ന വഹ്നിജ്വാലാവലി. രുദ്രാളി=ഏകാദശരുദ്രന്മാർ. ദേവാജ്ഞയാൽ=മേല്പറഞ്ഞ ഇന്ദ്രാദിദേവന്മാരുടെ കല്പനയാൽ. തിരുമേനിയുടെ ദഹനകാലത്ത് മഴ താനേ നിന്നിരുന്നു എന്നുള്ള വസ്തുതയെ മഴ കാററു മുതലായവയുടെമേൽ അധികാരമുള്ളവരായി ഇതിൽ പറഞ്ഞിരിക്കുന്ന ഇന്ദ്രാദി വൈദികദേവന്മാർ പ്രസാദമാലാമുഖേന കഥാപുരുഷനിൽ പ്രസന്നരായി ശ്മശാനത്തിൽ സാന്നിദ്ധ്യംചെയ്തു ദഹനകാലത്തിൽ മഴയെ നിർത്തിയതാണെന്നു ഉൽപ്രേക്ഷിച്ചിരിക്കുന്നു.

൪൮) കൃതജ്ഞൻ=കൃതത്തെ അറിയുന്നവൻ. സ്വഭാഷോദ്ധാരണം ഒരുവന്റെ അവശ്യകൃത്യമാകയാൽ പ്രസ്തുതപദംകൊണ്ട് വിശേഷിപ്പിക്കുന്നു. സംപൂർണ്ണമായ വ്യാകരണവും സാഹിത്യശാസ്ത്രവും ജീവൽക്കൂടാതെ ഒരു ഭാഷയുടെ സ്പൃഹണീയമായ വളർച്ച് ,അശാസ്യമല്ലാത്തതിനാൽ കൈരളിയെ ഹത=മൃതപ്രായ) എന്ന പദംകൊണ്ടു വിശേഷിപ്പിക്കുന്നു. സുകൃതി=പുണ്യവാൻ. ദിവ്യാംഗസംഗം=ലോകോത്തരമാഹാത്മ്യമുള്ള ശരീരത്തിന്റെ സ്പർശം. പരിശുഷ്കം=(അങ്കുരാനുകൂലമായ രസം വററി)തീരെ ഉണങ്ങിയത്. ചിത=പട്ടട. ഗന്ധേന്ധനങ്ങൾ=ചന്ദനം മുതലായ വിറകുകൊള്ളികൾ. പ്രത്യഗ്രാരുണം=പുതിയ ചുവപ്പോടുകൂടിയത്. കേരളപാണിനീയം, മുതലായ വിശിഷ്ട ഗ്രന്ഥങ്ങൾ നിർമ്മിച്ചു കേരളഭാഷക്കു പുതിയജീവിതം നൽകിയ കഥാപുരുഷന്റെ അംഗസ്പർശത്താൽ വിറകുകളിൽ ചുവന്ന തളിരുകൾ പൊങ്ങുംപോലെ അഗ്നിജ്വാല ക്രമേണ പൊങ്ങിത്തുടങ്ങുന്ന അവസ്ഥയെ ഇതിൽ വർണ്ണിച്ചിരിക്കുന്നു.

൪൯. ഗന്ത്രാപരി=പാത്തിയുടെ മേൽ. സംസ്കാരപൂതഃ=ചരമകർമ്മങ്ങൾ കഴിഞ്ഞതിനാൽ ശുദ്ധം. മഹാഭാഗൻ=മഹാത്മാവായ തിരുമേനി. ഗുണാധാരണീമധുരം=അനവധി ഉൽകൃഷ്ടഗുണങ്ങളുടെ പൂർവ്വസാന്നിദ്ധ്യം ഹേതുവായിട്ട് മാധുര്യമുള്ളതായി സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. സ്വാദിക=രുചിനോക്കുക. ഭൂഗർഭസ്ഥിതം=ഭൂമിയുടെ അടിയിൽ (പാതാളത്തിൽ) ഉള്ളത്. ഭൂതനിവഹം=ഭൂതങ്ങളുടെ കൂട്ടം. നാഗശ്രേണി=സർപ്പങ്ങളുടെ സമൂഹം. അനലജ്വാലാവലേഹം=തീജ്വാലയുടെ നക്കുന്നപോലെയുള്ള വ്യാപാരങ്ങൾ. അഗ്നികൂടെക്കൂടി കാളിക്കത്തുന്നതായ അവസ്ഥ ഈ പദ്യത്തി

Digitized By Kerala Sahitya Akademi

ൽ വൎണ്ണിക്കുന്നു. ചിതയ്ക്കുമായി തീൎത്ത പാത്തിയുടെ അടിയിൽ നിന്നു മേല്പോട്ടു കത്തി നീണ്ടു് വളഞ്ഞു തിരിഞ്ഞു് പൊങ്ങിവരുന്ന അഗ്നിജ്വാലകളെ പരതാളത്തുള്ള ഭൂതങ്ങൾ ശവം രുചിനോക്കാൻ നീട്ടുന്ന നാക്കുകളായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

൪൬. രോചിസ്സ്=പ്രകാശം. വപുസ്സ്=ശരീരം. പ്രധൂമാംശുകം=പുകയാകുന്ന വസ്ത്രം. മോചിച്ചു്=ത്യജിച്ചു്. ദാഹവിധി=ദഹനകൎമ്മം. വീചിക്ഷോഭം=തിരമാലകളുടെ കലശലായ ഇളക്കം. വ്യക്തസ്ഫുലിംഗാകലൻ=സ്ഫുടമാകുംവണ്ണം തീപ്പൊരിപാറുന്നതു്. ശോചിഷ്കേശൻ=ജ്വാലകളാകുന്ന തലമുടിയോടുകൂടിയ അഗ്നി. രുദ്രാകൃതി=സംഹാരരുദ്രമൂൎത്തിയുടെ ആകൃതിപോലെയുള്ള ആകൃതിയോടുകൂടിയതു്. ഈ ശ്ലോകത്തിൽ, അഗ്നി അത്യന്തം കാളിക്കത്തുന്ന അവസ്ഥയെ വിവരിച്ചിരിക്കുന്നു. അഗ്നിയുടെ രുദ്രസാദൃശ്യം ശാസ്ത്രപ്രസിദ്ധമാണു്.

൪൭. കാപാഭിഭവം=കാലത്താൽ ഉണ്ടാകുന്ന മറവം. അനുപദം=ഓടിക്കൂടി. പാകാൎദ്രാവിരതാശ്രിതപ്രണയം=പരിപക്വതകൊണ്ടു് ആൎദ്രതകൂടിയതായി ശാശ്വതമായുള്ള ആശ്രിതവാത്സല്യം. നിര്‍ഗ്ഗേഹർ=ഭവനമില്ലാത്തവർ, ആശ്രയമില്ലാത്തവരെന്നു താല്പൎയ്യം. തിരുമേനിയുടെ അനന്യാദൃശമായ ദാക്ഷിണ്യം, ഔദാൎയ്യം, ആശ്രിതവാത്സല്യം ഈ ഗുണങ്ങൾ ഈ ലോകത്തു ഇനി ആരിലും കാണാൻ പ്രയാസമാണെന്നു താല്പൎയ്യം.

൪൮) ഊഹാഭ്യാസേ നിശാതേ ചാരുധിഷണേ!=യുക്തിവാദങ്ങളുടെ പരിശീലനത്താൽ തീക്ഷ്ണമായി മനോഹരമായി തീൎന്നിരിക്കുന്ന ബുദ്ധേ!! ഉന്മേഷനമ്രാഷ്ടസംമോഹാന്ധ്യപ്രതിഭേ!=പുതിയ പുതിയ ഉന്മേഷങ്ങളാൽ അജ്ഞാനാന്ധകാരങ്ങളെ നീക്കി തിളങ്ങുന്ന പ്രതിഭാശക്തി. മുഹുരദ്ധ്യൃതകലാപ്രസ്താരയാംധാരണേ!=പിന്നെയുംപിന്നെയും പല കലകളുടെയും വിശേഷജ്ഞാന പരമ്പരകളെ ഉള്ളിലൊതുക്കി വിസ്മൃതികൂടാതെ വച്ചുകൊണ്ടിരിക്കുന്ന ധാരണാശക്തി!. സ്നേഹാൎഹം=സ്നേഹത്തിനു അൎഹമായതു്. സരളദ്രുമം=ദേവദാരുവൃക്ഷം. മുൻ ശ്ലോകത്തിൽ ഹൃദയഗുണങ്ങളെ വൎണ്ണിച്ചതുപോലെ ഇതിൽ ബുദ്ധിഗുണങ്ങളെ വൎണ്ണിക്കുന്നു. ആ ഗുണങ്ങളെ പക്ഷികളായും കഥാപുരുഷനെ വെന്തെരിയുന്ന, അവയുടെ ആശ്രയമായ ദേവദാരുവൃക്ഷമായും അദ്ധ്യവസായിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

൪൬) ദേഹാണുപുഞ്ജങ്ങളെ=കഥാപുരുഷന്റെ ശരീരാരംഭകങ്ങളായ സൂക്ഷ്മാവയവങ്ങളെ. പുകഞ്ഞും എരിഞ്ഞും വായുമണ്ഡലത്തിലേക്ക ചെറിയ ഫൂൽക്കാരത്തോടുകൂടി പൊങ്ങുന്നതായി വിഭാവന ചെയ്യപ്പെടാവുന്ന ശരീരത്തിന്റെ ഘടകാംശങ്ങൾ നിരാശപ്പെട്ട് കരഞ്ഞുകൊണ്ടു മേല്പോട്ടു പൊങ്ങുന്നതായും ഗന്ധദ്രവ്യസമ്പർക്കത്താൽ അതോടുകലർന്നു വായുവിൽ പൊങ്ങുന്ന സൌരഭ്യം ശരീരാണുക്കളിൽ ലയിച്ചിരുന്ന, തിരുമേനിയുടെ വിശിഷ്ടഗുണങ്ങളുടെ വാസനയാൽ ജന്യമായും ഇതിൽ ഉൽപ്രേക്ഷിച്ചിരിക്കുന്നു.

൪൭) അകാലധൂമനിര=അഗ്നികത്തിക്കഴിഞ്ഞശേഷമുള്ള ധൂമനിര. ഭാവങ്ങൾ=ചിന്തകൾ. ആശാഗണം=മനോരഥസമൂഹം. തദാത്മജഗുണം=ആ കൈരളിയുടെ പുത്രനായ തിരുമേനിയുടെ സൽഗുണം. മഴക്കാലത്തു രാത്രി തീകണ്ടാൽ ധാരാളം ഈയലുകൾ വന്നുകൂടുന്നു. ആ സാദൃശ്യത്തെ ആധാരമാക്കി ചിതാസമീപം ഈയൽക്കൂട്ടങ്ങൾ അസംഖ്യമായി പൊങ്ങിപ്പറക്കുകയും കനലിൽവീണു നശിക്കയും ചെയ്യുന്നതായും സങ്കല്പിക്കയും, അവ കൈരളിയുടെ ഹൃദയഗുഹയിൽനിന്നു പൊങ്ങി, ദഹിച്ചുപോയതൽപുത്രന്റെ അവശിഷ്ടഗുണങ്ങളെ ആ തീയിൽ തപ്പിനോക്കുന്ന ആശാഗണങ്ങളായിരിക്കാമെന്നു ഉൽപ്രേക്ഷിക്കയും ചെയ്യുന്നു.

൪൮) നാനാവ്യക്തി=പലശരീരം. നൃനാകാരം=പുരുഷന്മാരുടെ ആകൃതിയോടുകൂടി. മേൽപറഞ്ഞ ഈയാംപാറ്റകൾ കൈരളിയുടെ ശരീരികളായ വിവിധമനോരാജ്യങ്ങൾ തന്നെയാണെങ്കിൽ അവയുടെ ഇപ്രകാരമുള്ള കഷ്ടാവസ്ഥയും നാശവും സ്വഭാഷാപ്രതിപത്തിയുള്ള ഹൃദയത്തിന്നു വിചാരിച്ചാൽ സഹിക്കത്തക്കതല്ലെന്നു താല്പര്യം.

൪൯) നിങ്ങൾ=ശലഭങ്ങൾ. ഇമ്മേനി=നിങ്ങളുടെ ശരീരം. ദാഹവ്യാപൃതൻ=ഭസ്മീകരണത്തിൽ ഉദ്യുക്തൻ.

൫൦) ഭാവവ്യക്തികൾ=പ്രത്യക്ഷമായ സ്നേഹചേഷ്ടകൾ. അനുമരിച്ചു=കൂടെ മരിച്ചു. രാത്രി തീയിൽ വണ്ടുകൾ ചെന്നു വീഴാറുണ്ട് പ്രസ്തുത ചിതാഗ്നിയിൽ വളരെ വണ്ടുകൾ ചെന്നുവീണു മരിക്കുന്നതുകണ്ടാൽ തിരുമേനിയോടു സൌഹാർദ്ദമുള്ള ദേവന്മാർ അവയിൽ ആവേശിച്ചു അനുമരിക്കയാണൊ എന്നു തോന്നുമെന്നു സാരം.

Digitized By Kerala Sahitya Akademi

൧൧) സത്വം=സുരന്മാരുടെ അനുമരണപ്രസ്താവം നേരാണ്.) നിത്യസ്പർദ്ധി=അന്യോന്യം അസൂയപ്പെടുന്നത്. ഗുണദ്വേഷി=അന്യോൽകർഷം സഹിക്കാത്തത്. മനുഷ്യർപ്രകൃത്യാ അസൂയാലുക്കളായി പരഗുണാസഹിഷ്ണുക്കളായിച്ചമഞ്ഞ് അവരുടെ മനസ്സിൽ ഗുണദോഷവിവേചനാശക്തി അസ്തമിച്ചു അവരുടെ ആത്മാവ് അധഃപതിച്ചുപോകയെന്നും വിശേഷവിധിയായി വല്ലവരും അങ്ങിനെ അല്ലാതുണ്ടെങ്കിൽ അതു ദേവതകളുടെ അനുഗ്രഹംകൊണ്ടാണെന്നും ദേവതകൾ അങ്ങനെ എല്ലാവരേയും അനുഗ്രഹിക്കമാറാകണമെന്നും സാരം.

൧൨. പ്രാമാണ്യം-സൎവ്വസമ്മതി. പാണ്ഡിതി=പാണ്ഡിത്യം. പരിഷ്കാരം=നവീകരണം. ശക്തി=വാസന. (പ്രതിഭാശക്തിയെന്നും) ശ്രീമാഹാത്മ്യം=വിഭവഗൌരവം വിബുധജ്യോതിഷ്പതേ!=വിദ്വാന്മാരാകുന്ന ജ്യോതിസ്സുകൾക്ക് അധിപതേ-സൂര്യ!-യശോഭ്രമാവ്. കീൎത്തിപ്രകാശബാഹുല്യം. കൌശികവ്രജം=മൂങ്ങക്കൂട്ടം. നിഷ്കാരുണ്യശരണന്മാരായ പണ്ഡിതമ്മന്യന്മാരെന്നാം മനുഷ്യരുടെ മേൽപ്പറഞ്ഞ മനോദോഷത്തിന്റെ ഫലമാണ് അങ്ങയുടെ കൃതികളിലും ചിലർ ദോഷാരോപം ചെയ്യാൻ ഇടയായത് എന്നു സാരം.

൧൩) ഗുണപുരോഭാഗിതം=ഗുണങ്ങൾ കണ്ടിട്ടുള്ള അസൂയ. അസൂയയുള്ളവർ തന്നത്താനെ കെട്ടെങ്കിലും അന്യരെ നശിപ്പിക്കുന്നതിൽ തല്പരന്മാരാകുന്നു ഈ ദുസ്സ്വഭാവത്തെപ്പററി സദ്ബുദ്ധികൾക്ക് ആശ്ചര്യം തോന്നുമെന്നു താല്പര്യം.

൧൪) ശങ്കാപേതം=സ്പഷ്ടമായി. ഉദിക്കും=പ്രകാശിക്കും. അൎത്ഥരുചി=അൎത്ഥത്തിന്റെ സാരസ്യം അങ്കോലക്കുരു......കൌതുഹലം. നിരൎത്ഥകശബ്ദഃധോരണികൊണ്ടുള്ള ആർഭാടം. (ശബ്ദംകൊണ്ടുള്ള ജാലവിദ്യ) അങ്കോലവൃക്ഷത്തിന്റെ കുരുവിൽനിന്നും എണ്ണ എടുത്ത് പലവിധ ജാലവിദ്യകൾ കാട്ടാവുന്നതെന്ന് ജാലശാസ്ത്രത്തിൽ പ്രസിദ്ധമാണ്. ഹുങ്കാരം=വെറുംവാക്കുകൊണ്ടുള്ള തർജ്ജനം തെണ്ടുമോ=അടങ്ങുമോ. ശബ്ദാലങ്കാരഭ്രാന്തരായ ചിലർ തിരുമേനിയുമായി ഇടഞ്ഞ് വഴക്കുണ്ടാകുകയും തിരുമേനിയുടെ കവിതയിൽ ദോഷാരോപം ചെയ്കയും മററും ചെയ്യതിന്റെ അനൌചിത്യങ്ങളെ സവിശേഷം ഈ പദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

൧൫) കലാനിലയ=വിദ്വൻ. (ചന്ദ്ര! എന്നും) ഭവജ്യോൽസ്ന=അവിടത്തെ കീൎത്തിചന്ദ്രിക. ഭൌമതമസ്സ്=ഭൂമിയിലുള്ള ഇരുട്ട്. (ഭൂഛായ

രൂപമായ ഗ്രഹണമെന്നും) അസിതമാം പക്ഷാന്തരം=അശോഭനമായ സന്ദേഹം. (കറുത്തപക്ഷമെന്നും) പരിഭൂതിഭീതി=പരാജയഭയം. (ദുഷ്കീർത്തിഭയമെന്നും) സുകൃതശ്ലോകർ=പുണ്യശ്ലോകർ. മാനധനന്മാരുടെ ദേഹശിഷ്ടാസ്ഥികൾപോലും അവമാനചിന്തയാൽ പുനർദ്ദഹിക്കാവുന്നതാണ്. എന്നാൽ കഥാപുരുഷന്നു് അങ്ങിനെയുള്ള ചിന്തയ്ക്കു് അവകാശമില്ലെന്നു് സാരം.

൩൭) വികൃതിഭേദാകൃഷ്ടാ=(വിലക്ഷണമായ മഹാരോഗം പിടിപെട്ടതു്. (നാനാവിധദുഷ്കവിതകളാൽ ആകർഷിക്കപ്പെട്ടതെന്നും) സാഹിതീലോകം=സാഹിത്യലോകം. (കാവ്യകല എന്നർത്ഥം) രുചി=രസജ്ഞാനം. പ്രത്യാനയിക്ക=വീണ്ടും ശരിപ്പെടുത്തുക. കവിരാജരാജ=കവിയായ രാജരാജവർമ്മതിരുമേനി കവിരാജ (വൈദ്യ) ശ്രേഷ്ഠൻ എന്നും. ഭീസ്തോകം=ഭയലേശം

൩൮) ഉഴിഞ്ഞു്=ഹോമിച്ചു. സിദ്ധികൾ=ദിവ്യശക്തികൾ. വിധിദൃഷ്ടാന്തങ്ങൾ=വിധികളും ദൃഷ്ടാന്തങ്ങളും. വിധികൾ=ലക്ഷണഗ്രന്ഥങ്ങൾ ദൃഷ്ടാന്തങ്ങൾ ലക്ഷ്യഗ്രന്ഥങ്ങൾ. മോക്ഷം=സ്വാതന്ത്ര്യസുഖം. കൈരളിയുടെ ഉദ്ധരണവിഷയത്തിൽ തിരുമേനി ജീവിതം മുഴുവൻ ഫലപ്രദമാകുംവണ്ണം ഉപയോഗിച്ചു എന്നു് സാരം.

൩൯) ഇവക്കു്=മാതൃകകൾക്കു്. വിനോദിക്കുന്നു=ക്രീഡിക്കുന്നു. തിരുമേനി ഭാഷയുടെ പരിഷ്കരണവിഷയത്തിൽ വേണ്ടതെല്ലാം ചെയ്തുകഴിച്ചിരിക്കുന്നു എങ്കിലും ആ ചെയ്തികൾക്കു് കാലത്താൽ സിദ്ധിക്കേണ്ട പ്രതിഷ്ഠ വന്നുകഴിഞ്ഞോ എന്നു് അവിടത്തേക്കു് മരണകാലത്തിൽതന്നെ സംശയം തോന്നിയിരിക്കാമെന്നും ആ കാലത്തിലുള്ള അവിടത്തെ നിര്യാണം മലയാളരാജ്യത്തെ സവിശേഷം ദുഃഖസമുദ്രത്തിൽ മുക്കിയിരിക്കുന്നു എന്നും സാരം.

൪൦) പ്രാണാലംബനം=ജീവിതത്തിന്നു് ഊന്നായിട്ടുള്ളതു്. തത്താദൃശൻ=മേൽപറഞ്ഞ അസാധാരണഗുണവിശിഷ്ടൻ. ആർദ്രമുഖിയീദൃഗ്ദേവി=അശ്രുവർഷംകൊണ്ടു് നനഞ്ഞ മുഖത്തോടുകൂടിയ കേരളഭൂമയുടെ അധിദേവത. വാഗ്ദേവി=സരസ്വതി. വീണാമുക്തകരാർപ്പിതാസ്യകമലം=വീണയെ വെടിഞ്ഞുള്ള കൈകൊണ്ടു് താങ്ങിയ മുഖപത്മം. തിരുമേനിയുടെ വിയോഗം കൈരളിക്കും കേരളഭൂമിക്കും മാത്രമല്ല പൊതുവിൽ വിദ്യാധിദേവതയ്ക്കുകൂടി വ്യസനകരമായിത്തീർന്നിട്ടുണ്ടെന്നും നമുക്കു് ഇനി അതിനേപ്പററി ദുഃഖിക്കയല്ലാതെ ഗത്യന്തരമില്ലെന്നും സാരം.

Digitized By Kerala Sahitya Akademi

൩൦) താരചക്രോൽക്കരം=നക്ഷത്രങ്ങളാകുന്ന ഉരുളകളുടെ സമൂഹം. ഖണ്ഡങ്ങൾ=ഭാഗങ്ങൾ. സ്ഥിരപദം=ശാശ്വതമായ സ്ഥാനം. വൈമാനികർ=ദേവന്മാർ. പൂർവ്വശ്ലോകത്തിൽ ഒടുവിൽ സൂചിപ്പിച്ച വിശ്വാധിദേവതയുടെ അനുതാപത്തെ ഈ പദ്യംമുതൽ ൩൪-ാം പദ്യംവരെ ക്രമേണവിവരിക്കുന്നു.

൩൧) ഇക്കഴിഞ്ഞവ്യസനം=ഈ ഭൂമിയിലുള്ള കഥാപുരുഷൻെറ ദേഹവിയോഗവൃത്താന്തം. അവർക്ക്=ആ ദേവന്മാർക്ക്. തമസ്സ്=ആവരണം. ദേശകാലകൃതം=ദേശത്താലും കാലത്താലും ഉണ്ടാക്കപ്പെടുന്നത്. ഭൂമിയിലെ സംഗതിയെപ്പററി ദേവത്വം പ്രാപിച്ച മഹാത്മാക്കൾക്ക് അനുതാപം ഉണ്ടാകാമെന്നും അത് എങ്ങിനെ സംഭാവ്യമാണെന്നും ഈ പദ്യംകൊണ്ട് സൂചിപ്പിക്കുന്നു.

൩൨) ഇവരൊത്ത്=മേൽപറഞ്ഞ ദിവ്യശരീരികളോട് തുല്യമായി.

൩൩) ഓജസ്സാന്ന=കാന്തിയുള്ള. ഉരുകും.........തേജസ്സിൻപരിവേഷം=ഉരുകുന്ന വെള്ളിപോലെ വെളുത്ത തേജസ്സിൻെറ വലയം. വ്യക്തികൾ=ശരീരികൾ. രാജചന്ദ്രികയൊത്ത=ശോഭിക്കുന്ന വെണ്ണിലാവുപോലെയുള്ള. രമ്യവസനം=മനോഹരവസ്ത്രം. സ്ഫാടികഭാജനമൂർത്തികൾ=പളുങ്കുപോലെ വെളുത്ത ശരീരശോഭയുള്ളവർ. പരിഷൽസാമാജികന്മാർ=സഭയിലെ അംഗങ്ങൾ. ഈ പദ്യത്തിൽ മുകളിൽ സാമാന്യേന സൂചിപ്പിച്ച വൈമാനികന്മാരുടെ വ്യക്തികളെ വർണ്ണിച്ചിരിക്കുന്നു.

൩൪) ത്വിട്ടാളും=പ്രകാശമേറിയ. ശബ്ദരാശി=വിവിധശബ്ദസമൂഹം. തിരവാൻ=പ്രകൃതിപ്രത്യയാദിഭേദേന തരംതിരിച്ചറിവാൻ. ആദിനൂൽ=ആദ്യത്തെസൂത്രം. (അണാദിസംജ്ഞകളായ മാഹേശ്വരസൂത്രങ്ങൾ) കടുന്തുടി. ധ്വനികളിൽ=പരമേശ്വരൻെറ നൃത്താവസാനത്തിലെ ഢക്കാനാദങ്ങളിൽ (പാണിനീയത്തിലെ അണാദി പ്രത്യാഹാരസൂത്രങ്ങൾ പരമേശ്വരൻെറ ഢക്കാനാദത്തിൽനിന്ന് മഹർഷിമാർ ആദ്യം ഗ്രഹിച്ചതാണെന്ന് ഐതിഹ്യം) സരങ്ങൾ=മാലാസ്ഥാനീയങ്ങളായ അദ്ധ്യായങ്ങളും ഇഴസ്ഥാനീയങ്ങളായ പാദാധികാരങ്ങളുമെന്നു താല്പര്യം. സൂത്രഹാരം=അഷ്ടാദ്ധ്യായീരൂപമായ രത്നമാല: എന്നു താല്പര്യം. ഇതിൽ=മേൽപറഞ്ഞ ദിവ്യവ്യക്തികളുടെ കൂട്ടത്തിൽ. ഈ ശ്ലോകത്തിൽ വൈയാകരണനായ പാണിനിമഹർഷിയു

Digitized By Kerala Sahitya Akademi

ടെ സ്വരൂപത്തെ പ്രത്യേകം വർണ്ണിച്ച് മററുള്ള ദിവ്യന്മാരിൽനിന്നും വ്യാവ ർത്തിച്ചു കാണിക്കുന്നു.

൩൫) ഭാഷാവ്യാകരണം=മലയാളവ്യാകരണം. നിജാഭിധയിൽ=തന്റെ (പാണിനിയുടെ) പേരിൽ. കേരളപാണിനീയമെന്ന പേരിൽ എന്നു താല്പര്യം. നിദാനംപഞ്ജം=താൻ ആദ്യം നിർമ്മിച്ചത്. ഭാഷാശാസ്ത്രം=വ്യാകരണം. അഷ്ടാധ്യായി എന്ന സംസ്കൃതവ്യാകരണമെന്ന് താല്പര്യം. ലഘൂകരണാ=സുഗമമാക്കൽ. (ലഘുപാണിനീയമെന്ന് താല്പര്യം.) ശേഷാരാധിതപാദൻ=ശേഷന്റെ അവതാരമെന്ന് പ്രസിദ്ധനായ ഭാഷ്യകാരൻ പതഞ്ജലിയാൽ പൂജിതൻ.

൩൬) നിക്ഷേപം=വിത്തനിധി. കൃതി=കൃതാർത്ഥൻ. തൽപരിപോഷണ......ഫലം=ആ വിളകളുടെ അഭിവൃദ്ധിവിഷയമായ സൽഫലം. കഥാപുരുഷന്റെ വിഷയത്തിൽ പാണിനിക്കുള്ള അന്തസ്സന്തോഷം തീരെ അസ്ഥാനത്തിലായിട്ടില്ലെന്നു താല്പര്യം.

൩൭ അമ്മഹനീയർ=പൂജ്യരായ ആ ദേവന്മാർ. കവീന്ദ്രപട്ടബദ്ധം=കവി സാമ്രാജ്യത്തിന്റെ സ്ഥാനമുദ്ര. ഉജ്ജ്വലന്മൌലി=തിളങ്ങുന്ന ശിരോഭൂഷണത്തോടുകൂടിയവൻ. ഗൈവാണിതൻ പ്രാണാധായകൻ=സംസ്കൃതസാഹിത്യത്തിന്ന് ജീവചൈതന്യം നൽകുന്ന ആൾ. മഹാദ്യുതി=വലിയ തേജോരൂപി. (കാളിദാസമഹാകവിയെന്നു താല്പര്യം)

൩൮) അംഗാരത്തിൽ=കനലിൽ. സതാഗ്നിയിൽ. സതപ്പുണമാകുന്ന അഗ്നിയിൽ. മിത്രമണി=ബന്ധുരത്നം (കഥാപുരുഷൻ) ഭാസ്വരനായ സൂര്യനെന്നും കരാങ്കുരം=കരപല്ലവം. കിരണകന്ദളമെന്നും. ശുക്രൻ=ശുക്രഗ്രഹം. (വെള്ളിനക്ഷത്രം)

൩൯) നിർമ്മലമുഖാദർശത്തിൽ=മുഖമാകുന്ന വിശുദ്ധിയേറിയ കണ്ണാടിയിൽ. മൂർഛിച്ചെഴും=പ്രതിഫലിച്ചുകാണുന്ന. ചിരാരൂഢ.........ആനന്ദോദങ്ങളാൽ=ഹൃദയത്തിലുദിക്കുന്ന കൃതജ്ഞതാദി......വൃത്തികളാൽ. ഉക്കാദലാകതി=താഴെ പറയാൻപോകുന്ന സ്വാഗതവചനം. അന്തർഗതം=അഭിപ്രായഗതി. കാളിദാസമഹാകവിയുടെ വക്ഷ്യമാണമായ സ്വാഗതവചനത്തിൽ ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിക്കുന്നു.

൪൦) ആമന്ത്രിച്ച്=യാത്രപറഞ്ഞ് സുരഭാവം=ദേവത്വം. ദ്രുസ്നേ

Digitized By Kerala Sahitya Akademi

ഷി=ഭൂവിനോട് സ്നേഹമുള്ളവൻ. നിർഹേതുകപ്രേമം=അകാരണമായ സ്നേഹം. ജയിഷ്ണു=എല്ലാററിലും ഉപരിയായി വർത്തിക്കുന്നു. അതു താൻ=ആ അകാരണമായ സ്നേഹംതന്നെ. ആനന്ദദുഃഖാത്മകം=സുഖദുഃഖഭേദേന പരിണമിച്ചതു്. ഭൂമിയേക്കാൾ സുഖതരമായ സ്വർഗ്ഗത്തിൽ വസിക്കുമ്പോഴും ഭൂമിയോടുള്ള സ്നേഹമുണ്ടാകുന്നതു് സുഖാതിശയത്തെ ഉദ്ദേശിച്ചല്ലാത്തതിനാൽ അങ്ങിനെയുള്ള സ്നേഹം സ്വതസ്സിദ്ധമായിരിപ്പാനേ തരമുള്ളൂ. ഇങ്ങിനെ വിഷയങ്ങളോടുള്ള ഗൂഢമായ രാഗത്തെ ആസ്പദമാക്കിയാണു് സുഖദുഃഖരൂപമായ പ്രപഞ്ചം നിലനില്ക്കുന്നതെന്നു് ഉത്തരാർദ്ധത്തിന്റെ താല്പര്യം.

൧൭) ഏകാന്തം=അത്യന്തം. ഇങ്ങു്=ഈ ഉപരിലോകത്തു് തമോഭൂമിയിൽ=അന്ധകാരമയമായി പറയപ്പെടുന്ന അധോലോകത്തിൽ. (പാതാളത്തിൽ) പോകം=ചിട്ടമാറുകയില്ല. സക്തി=വിഷയാസക്തി. തമഃപ്രകാശ............ശ്രീ=ഇരുട്ടും പ്രകാശവും ഇടകലർന്നിട്ടുള്ള ശ്രീ. മദ്ധ്യേവീയിൽ=മേൽപറഞ്ഞ രണ്ടു ലോകത്തിന്റെയും മദ്ധ്യേയുള്ള ഭൂലോകത്തു് മേകാത്മാ=സഹൃദയൻ. ചലഭോഗഭൂവിൽ=സുഖദുഃഖാനുഭവം മാറിമാറി വരുന്ന ആ ഭൂമിയിൽ. രസോന്മേഷി=നവരസങ്ങളുടെ ഉല്പുഷ്ടമായ സ്ഫുരണത്തോടുകൂടിയവൻ. രസകാമധേനു=നവരസങ്ങളെ ഒഴിയാതെ വർഷിക്കുന്ന ദേവസുരഭി. രസ=ഭൂമി. കവി=കാവ്യകാരൻ. ഒരു കവിയെസംബന്ധിച്ചു് ഭൂലോകത്തിനു് മററുള്ള ലോകങ്ങളെ അപേക്ഷിച്ചുള്ള ഉൽക്കർഷത്തെ ഈ പദ്യംകൊണ്ടു് വർണ്ണിച്ചിരിക്കുന്നു.

൧൮) ഹേമക്ഷ്മാധര......മലക്കാവ്=മഹാമേരുവിന്റെ ശിഖരത്തിലുള്ള കല്പകവൃക്ഷക്കാവ് നന്ദനോദ്യാനമെന്നു് അർത്ഥം. സുരയൌവതങ്ങൾ=ദേവയുവതികളും യുവാക്കന്മാരും. മദവാണികൾ=എന്റെ കുമാരസംഭവാദികളായ സംസ്കൃതകാവ്യങ്ങൾ എന്നു സാരം. സാമഞ്ജസ്യമെഴും=രസാനുഗുണമായ. ഭവൽഫണിതിയിൽ=അങ്ങയുടെ ഭാഷയിൽ (തർജ്ജമയിൽ) സഹ്യാദ്രിസാനുക്കളിൽ=സഹ്യപർവ്വതത്തിന്റെ താഴ്വരയിലുള്ള മലയാളരാജ്യത്തിൽ. ഭൌമകുമാരർ=ഭൂമിയിലുള്ള ബാലികമാരും ബാലന്മാരും രോമോദ്ഗമം=(സന്തോഷംകൊണ്ടുള്ള) രോമാഞ്ചം. ഈ പദ്യത്തിലെ കുമാരശബ്ദം കുമാരസംഭവതർജ്ജമയെക്കൂടി വിശേഷിച്ചു് സൂചിപ്പിക്കുന്നു.

൧൯) രസപ്രവാഹം=നവരസങ്ങളുടെ ഒഴുക്കു്. അപ്സരോരം

Digitized By Kerala Sahitya Akademi

ഗം=ദേവദാസികളുടെ അരങ്ങ്. അരുളും=നല്കുന്ന. മദ്രൂപകങ്ങൾ= എന്റെ നാടകത്രയം. അംഗ!=പൂജ്യ!. സ്വാന്തകലാവിലാസവശം=കാവ്യനാട്യശാസ്ത്രവിജ്ഞാനത്തിന് വശംവദ ('കലാവിലാസനാടകസമാജ'ക്കാർക്ക് അധീനയെന്നും) വാഗ്ദേവീ=സരസ്വതി(ഭാഷയെന്നും) അംഗക്ഷേപകള്ളഫലങ്ങൾ=നാട്യഭേദങ്ങൾ.(രചനാരീതിവിശേഷങ്ങളെന്നും)കലാവിലാസനാടകസമാജക്കാർക്കുവേണ്ടി കഥാപുരുഷൻ തർജ്ജമചെയ്തിട്ടുള്ള ശാകുന്തളാദിനാടകങ്ങളുടെ രചനാഗുണവിശേഷത്തെ ഇതിൽ വർണ്ണിച്ചിരിക്കുന്നു.

൧൪) രാജ്യശ്രീഗതിയാൽ=രാജ്യലക്ഷ്മിയുടെ ധാടിയാൽ. ജൈത്രയാത്രാസിദ്ധമായ വിജയത്താൽ എന്ന് താല്പര്യം. സ്വയം=സാക്ഷാൽ. രഘു=രഘുചക്രവർത്തി. പ്രാജ്യത്വം ഐശ്വര്യം. വാഗ്ലഹരി=ശബ്ദപ്രവാഹം. സുധാസദൃശി=അമൃതതുല്യം. ആജ്യം=പഴയനെയ്യ് എന്നു താല്പര്യം. ദ്രവിച്ചു=അലിഞ്ഞു. സംസ്കൃതരഘുവംശകാവ്യത്തിനുശേഷം അത്ര ആസ്വാദ്യമായ രീതിയിൽ ശുഷ്കമായ സാമ്രാജ്യചരിത്രത്തെ വിഷയമാക്കി ഒരു കാവ്യം ഉണ്ടായിട്ടുള്ളത് ആംഗ്ലസാമ്രാജ്യമാണെന്നും മൃതഭാഷയായസംസ്കൃതത്തിന് ഒരു ജീവദ്ഭാഷയുടെ സാരള്യവും ചൈതന്യവും വന്നിട്ടുള്ളതായി അനുഭവപ്പെട്ടിരിക്കുന്നു എന്നു സാരം. ഈ പദ്യത്തിലെ രഘുപദം രഘുവംശത്തെ ആദർശമാക്കി പ്രകൃതകവി തന്റെ കാവ്യത്തെ നിർമ്മിച്ചിട്ടുള്ളതിനെക്കൂടി സൂചിപ്പിക്കുന്നു.

൧൫) ഭവദ്ഗുണങ്ങൾ=അങ്ങയോട് കൈരളിക്കും കേരളഭൂമിക്കും അന്യാദൃശമായ സ്നേഹത്തിന് കാരണഭൂതമായ മുഖ്യഗുണഗണങ്ങൾ. വിശ്വഭാരം=സംസാരത്തിന്റെ ഭാരം. രസത്തിൽ നിലനിർത്തീടുന്നു=സാഹിത്യരസാസ്വാദനത്താൽ നിലനിർത്തീടുന്നു. സഹ്യമാക്കിച്ചെയ്യുന്നു എന്നു താല്പര്യം. വാഗ്ഗേഹികൾ = ഭാഷാമർമ്മജ്ഞന്മാരായ കവികൾ. ഒരു ഭാഷാശാസ്ത്രവിദഗ്ദ്ധന്റെയും ഒരു മഹാകവിയുടെയും നിലയിൽ കഥാപുരുഷനുള്ള പരമോൽകർഷം ഈ ശ്ലോകത്താൽ വർണ്ണിക്കുന്നു.

൧൬) താരിൻസൗരഭധോടി=പുഷ്പത്തിന്റെ സൗരഭ്യധോരണിയെ. തെന്നൽ=മന്ദമാരുതൻ. സ്വച്ഛന്ദവാഗ്വിചി=അനർഗ്ഗളമായവാക്പ്രവാഹം. പാരിൽ=ഭൂമിയുടെ. പ്രാജ്യഗുണം=ഉൽകൃഷ്ടഗുണാതിശയത്തെ. പരത്തി=വ്യാപിച്ചെന്നുതാല്പര്യം. ഭോഗാർഹം=അനുഭവഗോചരം. മഹാൻ=

Digitized By Kerala Sahitya Akademi

കവിയെന്നർത്ഥം. നേരിൽ=പരമാർത്ഥത്തിൽ. പ്രാണൻ=പ്രാണസദൃശൻ. (വായുവെന്നും) ഇളയ്ക്ക്=ഭൂമണ്ഡലത്തിന്ന്. മറ=വേദസൂക്തങ്ങൾ ബാല്യം മുതൽ=നാഗരികതയുടെ ആരംഭകാലംമുതൽ. ദൂരിസ്സാന്ദ്രസർ=മന്ത്രസൂക്തങ്ങളുടെ ദ്രഷ്ടാക്കളും ആദികവികളുമായ ഋഷിമാർ. വസുധാ=ഭാരതഭൂമിയെന്നർത്ഥം. കവികൾ പൊതുവിൽ ഭൂമിയുടെ പ്രാണവായുക്കളാണെന്നും വിശേഷിച്ച് ഭാരതഭൂമിക്ക് കവികൾ പ്രാണതുല്യതന്നെ എന്നും താല്പര്യം.

൧൭) അംഗച്ഛേദനതുല്യം=സ്വാന്തശരീരാവയവങ്ങൾ അറുത്തുമാററുന്നതുപോലെ ദുസ്സഹം. ഏതാദൃശന്മാർ=കഥാപുരുഷനെപ്പോലുള്ള കവിശ്രേഷ്ഠന്മാർ. നിജോത്സാംഗം വിട്ട്=തൻെറ മടിയിൽനിന്ന്. വിധിക്ക്=കഥാപുരുഷൻെറ വിയോഗഹേതുവായ ദുർവിധിക്ക് തുംഗപ്രാഭവം=ഉൽകൃഷ്ടമായ മാഹാത്മ്യം. ത്രിപഥഗാസംഗത്തിനാൽ=ഗംഗാസംസർഗത്താൽ. വാഗോംഗ്വ്യോവിൽ=ഭംഗാളമാകുന്ന ആകാശത്തിൽ. രവി=സൂര്യൻ. (മഹാകവി രവീന്ദ്രനാഥടാഗൂർ എന്നും) വിശ്വംഭരേ=ഭൂമിദേവി. കാളിദാസൻ അതീതകാര്യാനുശയകാലക്ഷേപ വൈമുഖ്യത്തെ ദ്യോതിപ്പിക്കുമാറ് കവികളുടെ പ്രസ്താവത്തിൽ ഇന്ന് ലോകവിശ്രുതനായ മഹാകവി രവീന്ദ്രനാഥടാഗൂറിൽ ഭൂമിയുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചുകൊണ്ട് സ്വാഗതത്തെ ഉപസംഹരിക്കുന്നു.

൧൮) ശാകുന്തളോത്ഭ........കവീന്ദ്രൻ=ശാകുന്തളനാടകനിർമ്മാണത്താൽ പേരെടുത്ത് വെൺമതേടിയ കവി സാർവഭൗമൻ. (കാളിദാസനെന്നു താല്പര്യം) മുമ്പാകവേ=മുമ്പിൽ സ്ഥലംകൊടുത്തു നിൽക്കുന്ന അവസരത്തിൽ. ഭാവസ്വച്ഛത=അന്തഃകരണത്തിൻെറ നൈർമ്മല്യം അഭിപ്രായശുദ്ധി. ആവർജ്ജിപ്പൊരു=ആകർഷിക്കുന്ന. ധാമം=തേജസ്സ്. തേജോരാശിയായ ഭാസകവി എന്നു താല്പര്യം. നിരാഡംബരം=കൃത്രിമഭംഗിയൊന്നുമില്ലാത്തത്. ചാരുദത്തം, സ്വപ്നവാസവദത്തം, ഈ രണ്ടു നാടകങ്ങളുടെതന്മയെ ആസ്പദമാക്കി തൽകർത്താവായ ഭാസകവിയെ ഈ ശ്ലോകത്തിൽ അവതരിപ്പിക്കുന്നു. ആ കവിയിൽ കാളിദാസനുള്ള ആദരാതിശയത്തെ ഇതിൽ സൂചിപ്പിച്ചിരിക്കുന്നു.

൧൯) ഭൂപരിവർത്തനങ്ങൾ=ലോകഗതിയുടെ വിവിധമായമാററങ്ങൾ. ഭൂഗോളഭ്രമണങ്ങൾ എന്നും. പടുദന്തലേഖനി=സാമർത്ഥ്യമേറിയ ദന്തമാകുന്ന എഴുത്തുകോൽ. നയിച്ച്=പ്രയോഗിച്ച്. ഇപ്പോൾ=ഈയിടെ. ഗണേശോദ്ധൃതം=ഗണേശനിർവിശേഷനായ മഹാമഹോപാദ്ധ്യായൻ ബ്രഹ്മശ്രീ ഗണ

Digitized By Kerala Sahitya Akademi

പതിശാസ്ത്രി അവർകളാൽ കണ്ടുപിടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടതു്. ആമ നാടകചക്രം=ഞങ്ങളിനെയുള്ള എന്റെ നാടകസമൂഹം. നാടകമാകുന്ന വ ണ്ടിയെന്നും. നിജവാക്കുകൾ=സ്വന്തഭാഷയിലേക്ക്. ആമജ്ജിച്ചിതു=മുങ്ങി. കാലസിന്ധുവിൽ=കാലമാകുന്ന മഹാസമുദ്രത്തിൽ. അഹോ=ആശ്ചര്യം. സംസാരപാരിപ്ലവം=സംസാരത്തിന്റെ അസ്ഥിരഗതി. ഇതിൽഭാസകവി മറഞ്ഞുകിടന്നിരുന്ന തന്റെ നാടകങ്ങളുടെ ആവിർഭാവത്തെ അഭിനന്ദിക്കയും അവയുടെ തർജ്ജമകളിൽ ഉദ്യുക്തനായ കഥാപുരുഷന്റെ അകാലനിര്യാ ണത്തിൽ അനുതപിക്കയും സംസാരത്തിന്റെ അവിശ്വസനീയതയെപ്പ ററി നിവേദിക്കയും ചെയ്യുന്നു.

൨൦) പുരാണകവിശ്രേഷ്ഠൻ=പഴെ നാടകകവികളിൽ മുഖ്യനായ ഭാസൻ. സ്വസ്തി=മംഗളാശംസ. സമാനുകമ്പർ=കഥാപുരുഷനിൽ തു ല്യമായ അനുകമ്പയുള്ളവർ. ജ്യോതിർവിത്തുകൾ=ജ്യോതിശ്ശാസ്ത്രപണ്ഡിത ന്മാർ. ഉപചിതജ്യോതി......ജ്വലർ=തങ്ങളാൽ സേവിക്കപ്പെട്ട ഗ്രഹദേ വതകളുടെ അനുഗ്രഹത്താൽ സിദ്ധിച്ച തേജോവിശേഷത്തോടുകൂടിയ വർ.

൨൧) അച്ച്യപദർ=പൂജ്യപാദന്മാർ. വേദാന്തിമാർ=അദ്വൈതം, വിശിഷ്ടാ ദ്വൈതം മുതലായ സിദ്ധാന്തങ്ങളുടെ പ്രവർത്തകന്മാരായ ആചാര്യന്മാർ. ആലങ്കാരികർ=സാഹിത്യശാസ്ത്രജ്ഞന്മാർ. ആഗമജ്ഞർ=ശൈവാദ്യാഗ മങ്ങളിൽ പാണ്ഡിത്യമുള്ളവർ. നൈരുക്തികന്മാർ=നിരുക്തിശാസ്ത്രവിദഗ് ദ്ധന്മാർ. നീലശ്രീല ...... നഭസ്സിൽ=നീലവർണ്ണമായ ശരൽക്കാലത്തിലെ ആകാശത്തിൽ. ബുദ്ബുദപ്രഭ=നീർപോളകളുടെ ശോഭ. ഈ പദ്യത്തി ലെ ഗംഗാതരംഗശബ്ദം ആകാശഗംഗയെന്നു പറയാവുന്ന സൂക്ഷ്മനക്ഷ ത്രസമൂഹങ്ങളെക്കുറിക്കുന്നു. അനുതാപം പ്രദർശിപ്പിക്കുന്ന വ്യക്തിവിശേഷ ങ്ങളുടെ പ്രത്യേകവർണ്ണനയാൽ തത്തച്ഛാസ്ത്രസംബന്ധമായി തിരുമേനിക്കുണ്ടാ യിരുന്ന പാണ്ഡിത്യവിശേഷം ഈ രണ്ടുപദ്യത്തിലും സൂചിപ്പിക്കപ്പെട്ടിരി ക്കുന്നു.

൨൨) താണാദിക്കിനു തെല്ലുട്ടേറെ=മേൽപറഞ്ഞ നക്ഷത്രങ്ങൾ പ്രത്യ ക്ഷപ്പെട്ടസ്ഥലത്തുനിന്നും കുറേ അകലെയായിത്താഴത്തു. അപൂർണബിംബം= തികയാത്തമണ്ഡലം. തിരുമേനി തീപ്പെട്ടതു് (ദശമിദിവസമാണു്)ഹംസം=വാ ഹനമായ അരയന്നം. ഇവിടെ പടിഞ്ഞാറെ കാർമേഘത്തിന്റെ ഇടയിൽ ക്കൂടി അപ്പോൾ വെളിപ്പെട്ടാൻ കിരണങ്ങൾ പരത്തിത്തുടങ്ങുന്ന അപൂർണ്ണച ന്ദ്രനെ ആവഴി പറന്നുവരാൻ പോകുന്ന സരസ്വതിയുടെ വാഹനമായഹം സമാണെന്നു് സന്ദർഭാനുകൂലമായി സന്ദേഹിക്കുന്നു.

Digitized By Kerala Sahitya Akademi

൮൩) അല്ലിൽ=രാത്രിയിൽ. മഹാണ്ഡകോടികൾ=അസംഖ്യം അണ്ഡഗോളങ്ങൾ. രവം=ആ ഗോളങ്ങളുടെ ചലനത്തിൽനിന്നു പുറപ്പെടുന്ന നാദവിശേഷം. അനുരണിച്ച്=പ്രതിദ്ധ്വനിച്ച്. കേണിടവേ=ദുഃഖദ്യോതകമായ നാദം പുറപ്പെടുവിക്കമാറ്. സുരർഷിനിവഹവ്യാഗീത=ദേവന്മാരുടെയും ഋഷിമാരുടെയും സമൂഹത്താൽ സ്തുതിക്കപ്പെട്ടവൾ. സുരർഷിനിവഹത്തിന് സപൂർഷികളെന്ന് ക്രൂടി അർത്ഥം. മുൻ പദ്യത്തിൽ സന്ദേഹിച്ച സരസ്വതിയുടെ ആഗമനത്തെ സമുചിതമായ ആഡംബരത്തോടുക്രൂടി വർണ്ണിച്ചു ഈ പദ്യത്താൽ സ്ഥാപിക്കുന്നു.

൮൪) ഹംസപതി=വാഹനമായ അരയന്നം. ചിൽക്കാമ്പാം=ജ്ഞാനസ്വരൂപയായ. തൽക്കായത്തിൽ=കോമളഭൂമിയുടെ ശരീരത്തിൽ. ഈ പദ്യത്തിൽ പൂർവോൽപ്രേക്ഷയെ തുടർന്നുകൊണ്ട് ചന്ദ്രനെ സരസ്വതീവാഹനമായ ഹംസപതിയായും ചന്ദ്രികയെ സരസ്വതിയുടെ ഭൂമിയിലേക്കുള്ള കടാക്ഷത്തിന്റെ പ്രകാശമായും അദ്ധ്യവസായിച്ചിരിക്കുന്നു.

൮൫) മഞ്ജരി=പൂങ്കുലത്ത്. (‘പുത്തമഞ്ജരി’യെന്നും) സാഹ്യം=സാഹായ്യം. (‘സാഹിത്യസാഹ്യ’മെന്നും) അമ്മകളെ=തന്റെ പുത്രികളിൽ ഏകയായ കൈരളിയെ. നിർവർണ്ണിച്ചു=സൂക്ഷിച്ചുനോക്കി. വർണ്ണാത്മിക=സരസ്വതി. മൂന്നാമത്തെ പദ്യത്തിൽ ഉല്ലേഖിച്ചിരുന്ന കൈരളിയുടെ കിടപ്പിനെ അടുത്തപദ്യത്തിൽ പ്രത്യേകം വർണ്ണിക്കുന്നു. മഞ്ജരിപദപ്രയോഗംകൊണ്ട് ഭാഷയുടെ പൂർവാംഗമായ പദ്യസാഹിത്യപരിഷ്കാരത്തെ പുരസ്കരിച്ച് കഥാപുരുഷൻ നിർമ്മിച്ചിട്ടുള്ള പുത്തമഞ്ജരിയെന്ന വിശിഷ്ടഗ്രന്ഥത്തെയും സാഹ്യ പദംകൊണ്ട് ഭാഷയുടെ അപരാംഗമായ ഗദ്യസാഹിത്യത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് അദ്ദേഹം രചിച്ചിട്ടുള്ള സാഹിത്യസാഹ്യമെന്ന ഉൽകൃഷ്ടഗ്രന്ഥത്തെയും സൂചിപ്പിച്ചിരിക്കുന്നു.

൮൬) സ്ഥൂലലാംവിഡമട്ട്=ശുദ്ധതമിഴ്സമ്പ്രദായം. നിയമസ്വച്ഛാംഗി=സ്നാനാദിനിയമവിധികളെക്കൊണ്ട് നിർമ്മലമായ ശരീരത്തോടുക്രൂടിയവൾ. (വ്യാകരണവിധികൾകൊണ്ട് ശബ്ദസൗഷ്ഠവം സിദ്ധിച്ചതെന്നും) കോലം=ശരീരം. സംസ്കൃതമോടി=അതിമാത്രമായ പ്രസാധനം. സംസ്കൃതസമസ്തപദപ്രാചുര്യം. വികൃതം=വിരൂപം. തിലകം=പൊട്ട്. ‘ലീലാതിലക’മെന്ന മണിപ്രവാളശാസ്ത്രഗ്രന്ഥമെന്നും. സൽഭൂഷണം=നല്ല ആഭരണം. ‘ഭാഷാഭൂഷണ’മെന്ന മലയാളഅലങ്കാരശാസ്ത്രമെന്നും. ഭാഷയുടെ ഇന്നത്തെ പരിഷ്കൃതസ്ഥിതിക്ക് പ്രധാനകാരണഭൂതൻ ഈ കഥാപുരുഷൻ എന്നു സാരം.

Digitized By Kerala Sahitya Akademi

൩൭) മുദ്രസംവിധാനഗതി=വികാരങ്ങളുടെ മുദ്രകളായി മാംസപേശികളിൽ സ്ഫുരിക്കുന്ന വിലക്ഷണവലികൾ. ഈപദ്യത്തിന്റെ ഉത്തരാർദ്ധം കൊണ്ടു് മൂർച്ഛിതയായ കൈരളിയുടെ ഹൃദയഗതി എന്തായിരിക്കുമെന്നു ഊഹിച്ചു് വർണ്ണിച്ചിരിക്കുന്നു.

൩൮) പ്രത്തരുജ=അധികതരമായ ദുഃഖം. ആകാരപ്രഭ=ശരീരതേജസ്സ്. ഹംസപക്ഷരുചി=അരയന്നത്തിന്റെ വെളുത്ത ചിറകുകളുടെ കാന്തി. തദാകാരമായ ചന്ദ്രികയെന്നു താല്പര്യം. മേക്കട്ടി=വിതാനം. ഈ പദ്യത്തിൽ അടുത്ത രണ്ടുപദ്യങ്ങളിലായി പറവാൻ പോകുന്ന പ്രസിദ്ധന്മാരായ പ്രാചീനമലയാളകവികൾ സരസ്വതീവാഹനമായ ഹംസത്തിന്റെ ചിറകുകളുടെ അടിയിലുള്ള ദിക്കിൽ പ്രത്യക്ഷപ്പെടുന്നതായി സൂചിപ്പിക്കുന്നു.

൩൯) ഗാഥ=കൃഷ്ണഗാഥ. ഒരു മഹാൻ=ചെറുശ്ശേരി നമ്പൂരി എന്നർത്ഥം. മുക്കി=മുഴുകിച്ചു. മറെറാരുമഹാധന്യൻ=മഹാത്മാവായ രാമാനുജൻ എഴുത്തച്ഛൻ എന്നർത്ഥം. കിളിക്കൊഞ്ചലാൽ=രാമായണം ഭാരതം ഭാഗവതം മുതലായ കിളിപ്പാട്ടുകളാൽ. അന്യസരസൻ=മറെറാരുരസികൻ (കുഞ്ചൻനമ്പ്യാർ.) തുള്ളിച്ചു=ചാടിക്കളിപ്പിച്ചു. തൻപാട്ടിനാൽ=തന്റെ തുള്ളപ്പാട്ടുകളാൽ. ഈ മൂന്നു കവികൾക്കു മുമ്പു് കൈരളിയുടെ സ്ഥിതി കേവലം ദയനീയമായിരുന്നതിനാൽ അവക്കു് അന്നു് ധർമ്മത്താൽ കൈരളി മാതാവായിരുന്നുവെങ്കിലും കാര്യത്തിൽ അവർ അവരുടെ ലാളനപോഷണങ്ങൾക്കു് അർഹയായ ശിശുവായിരുന്നു എന്ന വസ്തുതയെ ഈ പദ്യത്തിൽ വർണ്ണിച്ചിരിക്കുന്നു.

൪൦) അടുത്തുവിലസും=സരസ്വതിയുടെ സമീപത്തായി ശോഭിക്കുന്ന. സാരസ്വതന്മാരിൽ=സരസ്വതീസേവകരായ ദിവ്യന്മാരിൽ. ഈ മുൽക്കാഴ്ചകൾ=മേൽപറഞ്ഞ പഴയ ലാളനപോഷണാദിവസ്തുതകൾ— ഇച്ചൊന്ന മൂന്നാളുകൾ=പദ്യാദ്യുക്തരീത്യാ മേൽ വർണ്ണിച്ച ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ ഇവർ. മററുള്ളപേർ=കഥകളിമുതലായ പ്രബന്ധങ്ങളുടെ കർത്താക്കന്മാരും മററുമായ അർവാചീനപാരതകവികൾ. സമാധി=ചിത്താശ്വാസം. പൂർവമലയാളകവികൾ എല്ലാം പ്രത്യക്ഷരായി ഈ ദുസ്സഹമായ ദുഃഖത്തിൽ തങ്ങൾക്കു് സമാധാനം ഉണ്ടാക്കുന്നതിനായി സരസ്വതിയുടെ അനുഗ്രഹത്തെ പ്രാർത്ഥിക്കുന്നതായി ഈ പദ്യം ഉല്ലേഖിക്കുന്നു.

Digitized By Kerala Sahitya Akademi

൯൧) പ്രവ്യഗ്രാശയർ=പരിഭ്രാന്തചിത്തവൃത്തികൾ. ഭവ്യപ്രവൃത്തി=പരിശുദ്ധമായ തേജോവിലാസം. സുവ്യക്താക്ഷരവാണി=സ്ഫുടമായ വാക്ക്.

൯൨) ഹൃൽസേതുക്കൾ=മനസ്സിലെ ധൈര്യബന്ധനങ്ങൾ മോഹനദി=അഗാധമൂർഛ. സൽസേവ്യേ!=സത്തുക്കളാൽ സേവിക്കപ്പെടുന്നവളെ ചിദ്ബോധകച്യുതമോഹൻ=ജ്ഞാനക്ഷാളനത്താൽ ഉന്മൂലിതമായ അജ്ഞാനത്തോടുകൂടിയവൻ. ഭഗവൽപാദൻ=ഭഗവൽപാദാചാര്യർ എന്നു പ്രസിദ്ധനായ ശങ്കരാചാര്യർ. സരസ്വതീസന്നിധാനത്തിൽനിന്നും പുറപ്പെട്ട ഈ സാന്ത്വനവാക്കിൽ പൂർവാർദ്ധംകൊണ്ട് നീ എന്റെ പുത്രിയാകയാലും ഈ ദുഃഖം വിധിവിഹിതമാകയാലും സഹിക്കേണമെന്ന് കൈരളിയോടും ഉത്തരാർദ്ധംകൊണ്ട് ഈ വിധം മോഹജന്യമായ ദുഃഖാവസ്ഥകളിൽ ധൈര്യം അവലംബിക്കേണ്ടത് മഹാജ്ഞാനിയും അദ്വൈതശാസ്ത്രപ്രവൎത്തകനുമായ ശ്രീമച്ഛങ്കരാചാര്യരുടെ ജന്മഭൂമിയായ തന്റെ മുറയാണെന്ന് കേരളഭൂമിയോടും ഉപദേശിക്കുന്നു.

൯൩. നിത്യചലം=എപ്പോഴും മാറിക്കൊണ്ടിരിക്കുന്നത്. മാററങ്ങൾ=രൂപാന്തരപ്രാപ്തികൾ. പാകത്തിൽ=പരിണാമഹേതുകമായ അവസ്ഥാവിശേഷത്തിൽ. ഏകവ്യാകല...പടലം=ഏകമായും (എന്നാൽ വ്യാകലമായും) നാനാപ്രകാരേണ ഭിന്നമായും ഇരിക്കുന്ന ബ്രഹ്മാണ്ഡചക്രങ്ങളുടെ സമൂഹം. ധർമ്മാക്ഷദണ്ഡത്തിൽ=ധർമ്മമാകുന്ന അച്ചുതടിയിൽ (ധർമ്മം=പുണ്യപാപങ്ങൾക്കും സുഖദുഃഖങ്ങൾക്കും കാര്യകാരണഭാവം കല്പിച്ച് പ്രവൃത്തിക്കുന്ന അനാദ്യന്തമായ മഹാനിയമം) ആകല്പം=പ്രളയംവരെ ചുഴലുന്നു=ചുററിത്തിരിയുന്നു. തൽഗതി=ആ ചുററിത്തിരിയൽ. മരണത്തെക്കുറിച്ച് വാസ്തവത്തിൽ ഭയപ്പെടേണ്ടതില്ലെന്നും കർമ്മഗതി ആരാലും തടുക്കത്തക്കതല്ലെന്നും കഥാപുരുഷന്റെ ദേഹവിയോഗത്തെപ്പററി അനുശോചിച്ചുകൊണ്ടു അവിടെ സന്നിഹിതരായ എല്ലാ അമർത്ത്യരേയും സ്ഫുടതരമായി ഈ പദ്യത്താൽ സാന്ത്വനപ്പെടുത്തുന്നു.

൯൪. ഉൽക്രാന്തൻ=പരേതനായ കഥാപുരുഷന്റെ ആത്മാവ്. ആത്മാഭയാൽ=തന്റെ തന്നെ തൈജസമായ കാന്തിയാൽ ഹംസാരവം=ഹംസങ്ങളുടെ കൂജനം. ശേഷംവൃന്ദികൾ=അനുശോചിച്ചുകൊണ്ടു നിൽക്കുന്ന ദിവ്യസ്ത്രീപുരുഷന്മാർ. ദശമീഹിമാംശു=ദശമിനാളിലെ ചന്ദ്രൻ. സാന്ത്വനവാക്യം പുറപ്പെട്ട ഉടൻ ഉണ്ടായതായി കല്പിക്കുന്ന ചെറിയ മഴയെ ആ ഉപദേശങ്ങളാൽ ഹർഷശോകങ്ങൾ ഇടകലർന്ന് ദേവന്മാർ പൊഴി

Digitized By Kerala Sahitya Akademi

ച്ച ശേഷിപ്പുഷ്ടിയായി ഇതിൽ ഉൽപ്രേക്ഷിക്കുന്നു. സരസ്വതിയുടെ ഉപാസകനായ കഥാപുരുഷന്റെ ആത്മാവ്, ഹംസങ്ങൾ വലിച്ചുകൊണ്ടുപോകുന്ന തേരിൽ ആകാശത്തേക്കുയർന്നുപോകുന്നതായി സങ്കല്പിച്ചിരിക്കുന്നു. അനുശോചിച്ചുകൊണ്ടു നിന്നിരുന്ന ദേവതകളെല്ലാവരും സരസ്വതിദേവിതന്നേയും ചന്ദ്രന്റെ അസ്തമയത്തോടുകൂടി അതാതു സ്ഥാനങ്ങളിൽ തിരോധാനം ചെയ്യുന്നതായും ഇതിൽ ഉല്ലേഖിച്ചിരിക്കുന്നു.

൯൬. കാകശ്രേണികൾ=കാകക്കൂട്ടങ്ങൾ. തമസ്സ്കാണ്ഡങ്ങൾ=ഇരുട്ടിന്റെ പടലങ്ങൾ. ലോകവ്യക്തചരിത്രകൃത്ത്=ലോകത്തിന്റെ പ്രത്യക്ഷചരിത്രമെഴുതുന്നവൻ. ഇന്നാൾ=കഥാപുരുഷന്റെ മരണദിനം. താൾ=കടലാസ് ശോകവ്യഞ്ജകമായി=ദുഃഖസൂചകമായി. അടച്ചു മഷിതേച്ചിടുന്നു=കറുപ്പടിക്കുന്നു. ഈ പദ്യംകൊണ്ട് തിരുമേനിയുടെ ദഹനം കഴിഞ്ഞ ശേഷമുള്ള രാത്രിയുടെ അവസ്ഥയെ വർണ്ണിച്ചിരിക്കുന്നു.

൯൭) വാണീസംഗമം=സരസ്വതിയുടെ പുറപ്പാട് സ്വർഗ്ഗഗമനവും=മററു ദേവതകളുടെ ആവിർഭാവവും. മററും=അവരുടെ സംഭാഷണങ്ങൾ ചേഷ്ടകൾ മുതലായവ. വാസനാശ്രേണീനിർമ്മിതം=കവിയുടെ ആ വിഷയത്തിലുള്ള പഴയ വിശ്വാസങ്ങളെ അടിസ്ഥാനമാക്കിയുള്ള മനോഗതിയാൽ കല്പിതം. ദിവാസ്വപ്നങ്ങൾ=പകലത്തെ കിനാവുകൾ. (മനോരാജ്യരചനകൾ) വിയോഗവേദന=കഥാപുരുഷന്റെ വിയോഗത്തെപ്പററിയുള്ള മനോദുഃഖം. അന്തരാത്മാ=അന്തഃകരണം. സരസ്വതീസാന്നിദ്ധ്യവും മററും സത്യമായിരുന്നുവെങ്കിൽ ഹൃദയത്തിന്നു വളരെ ആശ്വാസമുണ്ടാകുമായിരുന്നു എന്നും അതു ഉണ്ടാകാതെ വിരഹവേദന വർദ്ധിച്ചുവരുന്നതിനാൽ അതെല്ലാം വെറും മിഥ്യാസങ്കല്പമാണെന്നും ഈ പദ്യത്തിൽ ഉപപാദിക്കുന്നു.

൯൮) മയീഭൂതം=ജാലമായിത്തീർന്നതു്. ജഗൽസ്ഥിതി=ലോകത്തിന്റെ സത്ത്. മാദൃക്കരിൽ=എന്നെപ്പോലെ ഉള്ളവരിൽ. സ്ഥായീഭാവം=സ്ഥിരപ്രതിഷ്ഠ. (ശോകത്തിന്റെ പരിപുഷ്ടാവസ്ഥയെന്നും) നിർഝരം=അരുവി.

൯൯) നിഷ്ഠുരരാത്രി=തിരുമേനിതീപ്പെട്ട ക്രൂരരാത്രി. ഘോരയാമം=ശരീരവൃദ്ധി. സ്നേഹാർത്തക്ക്=വിരഹപീഡിതക്ക്, മോഹാന്ധത=തീവ്രോൽക്കണ്ഠ. (ബുദ്ധിക്കുണ്ടാകുന്ന വിവേകശൂന്യത എന്നർത്ഥം.)

ൻ൯) പാററി=ഉചിതമായി. കാലയുക്ത്യഭിധം=കാലയുക്തിയെന്നു പേരുള്ളതു്. ൧൦൯൫-ാമാണ്ടു് കാലയുക്തിനാമസംവത്സരമാണ്. പ്രകൃതത്തിൽ

Digitized By Kerala Sahitya Akademi

കാലന്റെ യുക്തി=യോഗം (മരണമെന്നൎത്ഥം) അനൎത്ഥങ്ങൾ=അശുഭസന്തതികൾ. പെററിടാൻ=ജനിപ്പിക്കാൻ. ഇടചേൎന്ന=സംയോഗിച്ച മിഥുനമേ!=മിഥുനമാസമേ! (ദമ്പതിമാരെ! എന്നും) യോഗം=സമ്മേളനം. പഞ്ചത=അഞ്ചാകുക എന്നുള്ളതു് (മരണമെന്നും) അന്നാളേ!=അഞ്ചാംതിയ്യതി! ൯൯-ാമാണ്ടു് മിഥുനം ൫-ംനു-യാണു് തിരുമേനി തീപ്പെട്ടതെന്നും തിരുമേനിയോടുള്ള സ്നേഹത്താൽ സ്വന്തം മരണത്തെക്കുറിച്ചു് ചിന്തിക്കുമ്പോൾ ഉണ്ടാകുന്നതിനേക്കാൾ ആ ഘോരദിവസത്തെപ്പററി സ്മരിക്കുമ്പോൾ പേടിതോന്നുന്നു എന്നും താല്പൎയ്യം.

൧൦൦) ഐരോപ്യമഹാവഹ്നി=യൂറോപ്പിൽ നടന്നുകൊണ്ടിരുന്ന മഹായുദ്ധമാകുന്ന കാട്ടുതീ. ധനരക്തനാഡി=ഭൂമിയുടെ (സാമുദായികജീവിതത്തെ നിലനിൎത്തുന്ന ധനം (പണം) ആകുന്ന രക്തത്തിന്റെ സഞ്ചാരമാൎഗ്ഗം എന്നു താല്പൎയ്യം നിലവായ്=അടഞ്ഞു. തെററി=പിഴച്ചു. ഗ്രഹാനുഗ്രഹം=ഗ്രഹങ്ങളുടെ സ്വാഭാവികഗതിയാലുണ്ടാകുന്ന കാലവർഷം മുതലായ അനുഗ്രഹങ്ങൾ. വ്യാധികൾ=ഇൻഫ്ളുവൻസാ, മസൂരി, മുതലായസാംക്രമികരോഗങ്ങൾ. ഘോരാന്തർജ്വരപീഡ=ഭയങ്കരമായ ശോകമാകുന്ന ഹൃദയജ്വരത്തിന്റെ ബാധ.

൧൦൧) സ്പഷ്ടം.

൧൦൨) ചാരുതാന്തികയും=ഭംഗിയും സൌരഭ്യവുംകൊണ്ടുള്ള മനോഹരത്വം പൂൎത്തിയാകുന്ന. പാരും=ഭൂമിയും. പൂരുഷര=മനുഷ്യരായ തന്റെ പുത്രന്മാരെ. പാകാപ്തിയിൽ=ഗുണങ്ങൾ പൂൎത്തിയാകുമ്പോൾ എന്നു താല്പൎയ്യം ഇവററ=മേൽപ്പറഞ്ഞ പൂവല്ലിമുതലായവ. കഠിനത്യാഗം=ക്രൂരമായ സ്വാൎത്ഥപരിത്യാഗശീലം.

൧൦൩) സമസ്തസ്വം=സർവസ്വം. ധന്യത്വം=ചാരിതാൎത്ഥ്യം. പ്രാണീഭൂതമഹാൻ=പ്രാണതുല്യനായ തിരുമേനി. പ്രതിനിവൎത്തിക്കില്ല=മടങ്ങിവരില്ല. ശോകാപഗാവേണീവാസ്സിൽ=ദുഃഖനദിയുടെ ശക്തിയേറിയ ഒഴുക്കിൽ. വിവേകവഞ്ചി=വിവേകമാകുന്ന വള്ളം. ഹൃദയത്തിൽ ദുഃഖാതിശയത്താൽ വിവേകജന്യമായ ആശ്വാസങ്ങൾക്കു ഇപ്പോൾ തരമില്ലെന്നും കണ്ണുനീരൊഴുക്കയല്ലാതെ ഗത്യന്തരമില്ലെന്നും സാരം.

൧൦൪) സ്യാനന്ദൂരപുരത്തു്=തിരുവനന്തപുരത്തു്. ആഡംബരന്യൂനശ്രീ=ബാഹ്യമോടികൾ ഇല്ലാത്തതുകൊണ്ടുള്ള ഒരു ഭംഗി. കലാനിഷ്ണാതർ=കലാവിദ്യകളിൽ കുശലന്മാർ. ശവഗോപുരം=ശവകുടീരം.

Digitized By Kerala Sahitya Akademi

തിരുമേനിയുടെ തിരുവനന്തപുരത്തുള്ള മന്ദിരത്തിന്റെ തൽക്കാലശ്രൂന്യാവസ്ഥയെ ഈ പദ്യത്താൽ വർണ്ണിച്ചിരിക്കുന്നു.

൧൦൫) ആ മന്ദിരത്തിന്റെ പടിഞ്ഞാറെ പൂമുഖത്തിലാണ് തിരുമേനി കാര്യാലയമായി ഉപയോഗിച്ചിരുന്ന സ്ഥലം. അതിനടുത്തായി രണ്ടു മുല്ലക്കുടിലുകൾ നില്പുണ്ട്.

൧൦൬) ജാലം=ഇന്ദ്രജാലദർശനം. ലീലകൾ=ഓരോ മനോഹരവ്യാപാരങ്ങൾ. പോയി=അസ്തമിച്ചു. നിജാലയം=തങ്ങളുടെ വാസസ്ഥലം. ബലിപുരം=മാവേലിക്കര—പാതാളം=നരലോകം. സർവ്വഥാ=എല്ലാപ്രകാരത്തിലും. ആലംബിച്ചു=അനുകരിച്ചു. അവയെ=മേൽപറഞ്ഞ ലീലകളെ. കുമാരർ=രാജകുമാരന്മാർ. കുട്ടികളെന്നും. തച്ചിത്രവൈദഗ്ദ്ധ്യം=അവരുടെ ചിത്രമെഴുത്തിലുള്ള പാണ്ഡിത്യം. കാലധ്വാംസനജാഡ്യം=കഴിഞ്ഞുപോയതിനെ വർത്തമാനമാക്കി ചിത്രത്തിൽ എഴുതികാണിക്കുന്ന (മോടി)വിദ്യ എന്നു താൽപര്യം. ഉൽക്കണ്ഠാ=വ്യാമോഹം. ക്രുട്ടം=വർദ്ധിപ്പിക്കാം കഥാപുരുഷന്റെ പത്നീഗൃഹമായ മാവേലിക്കരക്കൊട്ടാരം അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്താൽ അനുഭവിക്കുന്ന ശോച്യാവസ്ഥയെ ഇതിൽ സൂചിപ്പിക്കുന്നു. ചിത്രമെഴുത്തിൽ വിദഗ്ദ്ധന്മാരായ രാജകുമാരന്മാർ അവിടെ ഉണ്ടെന്നുള്ളതു പ്രസിദ്ധമാണ്.

൧൦൭) ആ അരമനപ്പൂവാപിയിൽ=ആ കൊട്ടാരത്തിലെ കുളത്തിൽ രോഹിതരൂപൻ=ചുവന്നശരീരമുള്ള ആൾ. രോഹിതമത്സ്യരൂപനെന്നും. മത്തൻ=ലഹരിപിടിച്ചു ബുദ്ധിഭ്രമം നേരിട്ടവൻ. യമധീവരൻ=കാലനാകുന്ന മുക്കുവൻ സ്വല്പം ജലദോഷത്തോടുകൂടിയിരിക്കുമ്പോൾ അതിനെവകവയ്ക്കാതെ കുളത്തിൽ വെള്ളം പൊങ്ങിയതുകണ്ട് ഉത്സാഹമായി തിരുമേനി നീന്തിക്കളിക്കയും അങ്ങനെ ജ്വരം ഉണ്ടായി മരണത്തിൽ പര്യവസാനിക്കയുമാണു ചെയ്തതെന്നു പറയുന്നു

൧൦൮) രാഹു=രാഹുഗ്രഹം. കല്പാന്തകാലാഹി=പ്രളയകാലമാകുന്ന സർപ്പം. നിസ്സാരമായ ഹേതു. മഹാഭയങ്കരമായി കലാശിച്ചു എന്നു താൽപര്യം.

൧൦൯) കവീന്ദ്രോക്തി=കാളിദാസവചനം (മരണം പ്രകൃതിഃ ശരീരിണാമിത്യാദി) ആഗന്തുകവൈകൃതം=താൽകാലികവികാരം. സ്ഥിതി=ജീവിതം.

Digitized By Kerala Sahitya Akademi

൧൧൦) ഒരംശുകമുടുത്തു=ഒററപ്പരിവട്ടം മാത്രം ധരിച്ച്.

൧൧൧) ചിത്രാംഗവസ്ത്രാഢ്യനായ്=വിളിമ്പിൽ ചിത്രവേലകൾ ചെയ്തിട്ടുള്ള ഉത്തരീയവസ്ത്രമണിഞ്ഞവൻ. രഥം=മോട്ടാർകാർ (എന്നു താൽപര്യം.)

൧൧൨) ശ്രീതാ......കലാശാല=തിരുവനന്തപുരത്തെ വലിയ കാളേജ്. നേതാവ്=അദ്ധ്യക്ഷൻ (പ്രിൻസിപ്പാൾ) തിരുമേനി കേടവിൽ കണോൾ അക്കാലത്ത് പ്രിൻസിപ്പാളായിരുന്നു. വീരസൂ=കേമനായ പുത്രന്റെ അമ്മ. അവിടത്തെ വിയോഗത്തിൽ ടി കലാശാല മിക്കവാറും കൈരളിയെപ്പോലെതന്നെ ഖേദിക്കുന്നു.

൧൧൩) ഏതൽ കലാശാലാപണ്ഡിതലോകം=ഈ കാളേജിലെ പ്രഫസർമാർ.

൧൧൪) മൃത്തിക=ചോക്ക് (ശീമച്ചുണ്ണാമ്പ്)

൧൧൫) (സ്പഷ്ടം.

൧൧൬) സ്വാപഭ്രാന്തി=കിനാവ്. രംഗം=മേൽ കാണിച്ച സ്വപ്നനാടകം നടന്ന അരങ്ങ്. പീഠം=തിരുമേനിയിരുന്ന കസാല.

൧൧൭) തൻകക്ഷ്യകൾ=ആ കാളേജിന്റെ പ്രസ്തുതമുറികൾ.

൧൧൮) ബാലാരാധകം=വിദ്യാർത്ഥികളെ രസിപ്പിക്കുന്നതു്. സ്ഥൂലം ഉദ്ധിപ=വലിയ മാചേ!

൧൧൯) പ്രാദുർഭാവം=സേവാഫലമായ പ്രത്യക്ഷീഭാവം. സ്വാദു=നം സ്കൃതവിദ്യയുടെ അസ്വാദ്യരസം. സംസ്കൃ...വ്യഗ്രൻ=സംസ്കൃതകാളേജിനെ അഭിവൃദ്ധിപ്പെടുത്തുന്ന വിഷയത്തിൽ തൽപരൻ.

൧൨൦) അനന്താലയത്തു്=തിരുവനന്തപുരത്തു. കവി=മഹാകവി. ശുക്രൻ എന്നും. ബുധൻ=മഹാപണ്ഡിതൻ ബുധഗ്രഹമെന്നും. വാചസ്പതി=സ്വതന്ത്രസ്വതന്ത്രൻ വ്യാഴം എന്നും. ഗ്രഹചാരദോഷം=ദുർദശ, ഗ്രഹങ്ങളുടെ ഗതി വൈഷമ്യം എന്നും. മാലോകർ=സാധാരണജനങ്ങൾ. (വിദ്വാന്മാർ മാത്രമേ കഥാപുരുഷന്റെ അഭാവത്താൽ രാജധാനിക്കുണ്ടായിരിക്കുന്ന നഷ്ടത്തെ അറിയൂ എന്നു താൽപര്യം.)

൧൨൧) മദ്രാ...പുരത്തിൽ=മദ്രാസ്മഹാനഗരിയിൽ; മാത്താണ്ഡരശ്മിഭ=സൂര്യനേപ്പോലെ അന്ധകാരം നീക്കി പ്രബോധമുണ്ടാക്കുന്നതു്. വിശ്വവിദ്യാസഭ=സർവ്വകലാശാലാസംഘം. സേനാഗ്രഗ=പരീക്ഷകകോടിയി

Digitized By Kerala Sahitya Akademi

ൽ മുഖ്യസ്ഥാനം; കൃത്യയാത്രയിൽ=അധികാരം വഹിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ (എന്നു താൽപര്യം.) മഹാംഭോധിയിൽ=കാലമഹാസമുദ്രത്തിൽ എന്നു സാരം.

൱൨൨) രാജ്യപരിധി=അധികാരാതിർത്തി. സ്വതേജ...രാജികം=സ്വതന്ത്രമായി ശോഭിക്കുന്ന; ശബ്ദലോകം=ഭാഷകൾ, തമിഴ്, തെലുങ്ക്, കർണ്ണാടകം ഇത്യാദികൾ. ഭാഷാപ്രകാണ്ഡം=ശ്രേഷ്ഠമായ (മലയാള) ഭാഷ. വാഗസ്ത്രം=തീക്ഷ്ണയുക്തിവാദം. ജിഷ്ണുദ്യുതി=ഇന്ദ്രതേജസ്വി.

൱൨൩) ഇവടേ......നഷ്ടം=മേൽ പറഞ്ഞ കാരണങ്ങളാൽ ഇത്ര ഉപയുക്തനായ ഒരു പുരുഷന്റെ മരണം. ഉർദ്ധ്വഗവാക്ഷദൃക്കുകൾ=മുകളിലത്തെ കിളിവാതിലുകളാകുന്ന കണ്ണുകൾ; സഭാസൌധമേ=സെനററ് ഹൌസ് എന്നു പറയുന്ന സർവ്വകലാശാലാമന്ദിരമേ! നഗരിക്ക് മദ്രാസ് പട്ടണത്തിന് മിഥുനമാസത്തിൽ അവിടെ കഠിനവേനലാകയാൽ ഇപ്രകാരം വർണ്ണിച്ചിട്ടുള്ളതാണ്.

൱൨൪. അർക്കോജ്ജ്വലൻ=സൂര്യനേപ്പോലെ (ബുദ്ധികിരണങ്ങൾ പരത്തി) പ്രകാശിക്കുന്നവൻ. കർമ്മക്ഷമവിദ്യ=പ്രായോഗികശാസ്ത്രം, സയൻസ്. ഈ ശോകത്തിന്നു=പ്രസ്തുതമരണദുഃഖത്തിന്ന്. കപാലഫലകം=തലയോട്ട്.

൱൨൫. ശാരീരവിജ്ഞാനം=ശരീരശാസ്ത്രം. രസഭൌതികമഹാതന്ത്രങ്ങൾ=രസതന്ത്രവും ഭൌതികവിജ്ഞാനവും. പിതാവ്=ആവിർഭാവകൻ.

൱൨൬. തീവ്രാർക്കതാപങ്ങൾ=കഠിനവെയിൽ. പ്രാക്തന=പണ്ടേയുള്ള.

൱൨൭. ഭോഗവാസനകൾ=അനുഭവിച്ച ഭോഗങ്ങളുടെ ഓർമ്മകൾ. പൂർവ്വാർദ്ധത്തിൽ ആത്മാവില്ലെന്നുള്ള ലോകായതസിദ്ധാന്തത്തേയും ഉത്തരാർദ്ധത്തിൽ, മരണാനന്തരം ശരീരശേഷങ്ങളിൽ തങ്ങി കുറേക്കാലംവരെ ജീവൻ ശേഷിച്ചിരിക്കുമെന്നുള്ള ചില വർഗ്ഗക്കാരുടെ വിശ്വാസത്തേയും പ്രധാനമായി സൂചിപ്പിക്കുന്നു.

൱൨൮) കർമ്മം=സുകൃതദുഷ്കൃതങ്ങൾ. സ്വാരാജ്യം=സ്വർഗ്ഗം. നിർമ്മജ്ജിച്ചു=താണു്. ധർമ്മ......ചാരി=ധർമ്മമാകുന്ന വലിയ ചക്രത്തിലേറി സഞ്ചരിക്കുന്നവൻ. കർമ്മനിയമം അനുസരിച്ചുപോകുന്നവൻ. പുരുഷൻ=ആത്മാവ്. വീണ്ടും വരുന്നുണ്ട്=കർമ്മപരിപാകത്തിൽ തിരിയെ ജ

Digitized By Kerala Sahitya Akademi

നിക്കുന്നു. പൂൎവാൎദ്ധത്തിൽ മരണാനന്തരം പുണ്യപാപങ്ങൾ അനുസരിച്ചുള്ള ഗതിയിൽ വിശ്വസിക്കുന്ന എല്ലാ മതക്കാരുടേയും അഭിപ്രായത്തെ സാമാന്യമായി കുറിക്കുന്നു. ഉത്തരാൎദ്ധത്തിൽ ആദ്യം നിത്യനരകനിത്യസ്വൎഗ്ഗവിശ്വാസികളായ ക്രിസ്തു മുഹമ്മദമതക്കാരുടെ ഗതികളേയും കൂടവിൽ പുനൎജ്ജന്മവിശ്വാസികളായ ഹിന്തുക്കളുടെ മതത്തേയും പ്രത്യേകം സൂചിപ്പിക്കുന്നു.

൧൨൯. നിഗമം=മതഗ്രന്ഥം. പ്രേതകഥാപ്രസക്തി=പ്രേതങ്ങളുമായി അഭിമുഖസംഭാഷണം ചെയ്ക മുതലായ സംഗതികളെ സംബന്ധിച്ച ചില നവീനന്മാരുടെ പ്രസംഗം.

൧൩൦. അക്കാൎയ്യം=പ്രേതവിശ്വാസസംഗതി. പൊരുൾ=വസ്തു. അനന്തനിയമം=ഭിന്നനാനാനിയമങ്ങളോടുകൂടിയതു് (കാൎയ്യകാരണനിയമങ്ങൾക്കു് ഐകരൂപ്യമില്ലാത്തതു്) വരാം=സംഭവിക്കാം. വിശ്വാസം=മരിച്ചുപോയവരെപ്പററിയുള്ള സാധാരണ ജനവിശ്വാസം.

൧൩൧. അത്യന്തസൂക്ഷ്മാംഗം=പരമാണുപ്രായമായ ശരീരത്തോടുകൂടിയതു്. അശാശ്വതതത്വം=അശാശ്വതമായ പരഗതിയെ അൎഹിക്കുന്ന ജീവവസ്തു. തടിയിൽ=മരിച്ചുപോയ ശരീരത്തിൽ. നരവാഴ്ച=മനുഷ്യജീവിതം (മനുഷ്യൻ ഏററവും വിലമതിക്കുന്നതും അത്യൽഭുതകരവുമായ ഈ ജീവിതം ) ഭുവനം=അതിവിചിത്രകാൎയ്യകാരണഘടനയോടുകൂടിയ ഈ പ്രപഞ്ചം. വൃഥാരംഭം=വെറുതേയുള്ള സൃഷ്ടിസന്നാഹം നിഷ്പ്രയോജനം എന്നു സാരം. കണ്ണുനീരിനു=ദുഃഖഹേതുവായ അന്യോന്യസ്നേഹത്തിനു എന്നു താൽപൎയ്യം. മരണശേഷം ആത്മാവില്ലെങ്കിൽ ഇങ്ങനേയുള്ള ജീവിതത്തേയും ലോകത്തേയും പററി ചിന്തിക്കാൻതന്നെ പ്രയാസം എന്നൎത്ഥം.

൧൩൨) ആപക്ഷം=മേൽപറഞ്ഞ അനുമാനങ്ങളാൽ. മരണാനന്തരം സൂക്ഷ്മാംഗനായി ജീവൻ ശേഷിക്കുന്നു എന്നുള്ള അഭിപ്രായം. പരകാഷ്ഠ=പരമാവധി. അങ്ങനെ ജീവൻ ശേഷിക്കുന്നു എങ്കിൽ മരണം ആത്യന്തികധ്വംസമാകുന്നില്ല. എന്നുമാത്രമല്ല ജീവന്റെ ഊൎദ്ധ്വഗതിക്കനുകൂലിക്കയും ചെയ്യണം. അതുകൊണ്ടു അതു് ഒരു അനുഗ്രഹംകൂടിയല്ലേ?

൧൩൩) ആയതു്=മൃതി അനുഗ്രഹമാണെന്നുള്ളതു്. വീരാഖ്യ=വീരൻ എന്നുള്ള പ്രശസ്തി. രാഗപുഷ്പസ്രുതി=അനുരാഗമാകുന്ന പൂവിരിച്ച പെരുവഴി. ഠരാൎമേനികൾ=പൂമേനികൾ. സുകുമാരാംഗികളായ സ്ത്രീകൾ.

Digitized By Kerala Sahitya Akademi

വീരമൃത്യുവിനെ കൊതിക്കുന്ന തരുണന്മാർ പോർക്കളത്തിലും അനുരാഗഭംഗം നേരിട്ട തരുണികൾ ആത്മഹത്യവഴിയായി അന്തഃപുരത്തിലും നിർഭയമായി മൃതിയെ വരിക്കുന്നതുകൊണ്ട് തീർച്ചയായും അതു ഒരു അനുഗ്രഹമായിത്തന്നെ ഇരിക്കണം.

൯൩) മൃതി സുഷുപ്തിപോലെ സുഖാവഹവും കാമ്യവുമായ ഒരവസ്ഥയാണെന്നു വർണ്ണിക്കുന്നു.

൯൪. ജ്ഞാനം=ബോധരൂപമായ ജീവിതം. ക്ഷണവൃത്തി=ഒരു ക്ഷണത്തിൽ ഇരുന്നു മറുക്ഷണത്തിൽ നശിക്കുന്നത്. തമഃസ്ഥാനം=മദ്ധ്യേയുള്ള ശൂന്യാവസ്ഥ. അലാതവലയം=കൊള്ളി അതിവേഗത്തിൽ ചുഴറ്റുമ്പോൾ കാണുന്ന വൃത്താകാരമായ തേജസ്സ്. ക്ഷണമൃത്യു=ക്ഷണികമരണം നിദ്രാഖ്യ=ഉറക്കം എന്നു പേരുള്ളതായി. അതു=അങ്ങനെയുള്ള നിദ്ര. ഇതം=മരണമാകുന്നു. അതിദീർഘവിശ്രമമാം=നമ്മുടെ ക്ഷണികമായ ബോധത്തെയാണു വാസ്തവത്തിൽ നാം ജീവിതമെന്നഭിമാനിക്കുന്നത്. അതു ക്ഷണംതോറും നശിച്ചും വീണ്ടും ഉണ്ടായും അങ്ങനെ നടന്നുകൊണ്ടിരിക്കുന്നു. മദ്ധ്യേമദ്ധ്യേയുള്ള വിശ്രമമാകുന്ന ക്ഷണികമരണം നമുക്കു പ്രത്യക്ഷമാകാത്തത് ക്ഷണികജീവിതധാരയുടെ അതിവേഗം നിമിത്തമാണ്. അതുകൊണ്ടു മരണത്തെ ഭയപ്പെടുന്നുവെങ്കിൽ നിദ്രയെയും ക്ഷണികബോധത്തിന്റെ മദ്ധ്യേമദ്ധ്യേ വരുന്ന വിശ്രാന്തിയെപ്പോലും ഭയപ്പെടണമെന്നു സാരം.

൯൫. മഹാകൈവല്യം=പുനരാവൃത്തിരഹിതമായ മോക്ഷം. കാത്തിട്ടകയാം=൩൨ൽ കാണിച്ച യുക്തിപ്രകാരം പ്രതീക്ഷിക്കുന്നു എന്നാവാം. പുരാവിത്തുകൾ=പ്രാചീനതത്വവിജ്ഞാനികൾ (ആഗമികന്മാർ) ബഹുക്രിയാജടിലം=അനവധി ക്രിയാപദങ്ങളാൽ വ്യാകുലം അനവധി കർമ്മഫലപരിബദ്ധമെന്നും. ദീർഘയാത്രാകഥ=ദീർഘമായ ജീവചരിത്രവാക്യം. വിരാമതിലകം=വിരാമചിഹ്നം. സ്വാർത്ഥപ്രതീതി=ആ ദീർഘവാക്യത്തിന്റെ അർത്ഥജ്ഞാനം, തന്റെ ജീവിതപ്രയോജനം പരമവിശ്രാന്തിയാണെന്നുള്ള ബോധമെന്നും.

൯൬) സൌഭാഗ്യം=ഗുണം. അല്ല്=രാത്രി. അല്ലിത്താർ=താമരപ്പൂവ്. ഇവിടെ രാത്രിയെ മൃതിയായും പകലിനെ ജീവിതമായും അദ്ധ്യവസായിച്ചിരിക്കുന്നു സാധർമ്മ്യം വിശ്രമവും ഉത്സാഹവുമാണെന്നു സ്പഷ്ടം. മരണത്തിനും ജീവിതത്തെപ്പോലെതന്നെ കാമ്യതയുണ്ട്. അതു ജീവിതത്തെ കാന്തമാക്കുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

൫൩൮) പ്രാകൃതപക്ഷിവർഗ്ഗം=സാധാരണപക്ഷിജാതികൾ, സാധാരണ ജനങ്ങൾ എന്നർത്ഥം. രാപ്പാടികൾ=രാത്രി പാടിത്തിരിയുന്ന ഒരു വിശേഷതരം പക്ഷിവർഗ്ഗം Nightengal തത്വജ്ഞാനികൾ എന്നു താല്പര്യം. കോകിലോത്തമൻ=കുയിൽ. ജീവിതമരണങ്ങൾരണ്ടും രണ്ടവസ്ഥാഭേദങ്ങളായി മാത്രം കാണുന്ന അതീതബുദ്ധി എന്നു സാരം. ഉപശ്ലോകിപ്പു=വർണ്ണിക്കുന്നു.

൫൩൯) പ്രവൃത്തിപരം=കർമ്മപ്രധാനം. മാററിനാൽ=ഗുണവിശേഷത്താൽ. വിശ്രമപ്രവണം=നിവൃത്തിയിൽ താൽപര്യമുള്ളതു്. പൌരസ്ത്യചിത്തം=ഭാരതീയതത്വജ്ഞന്മാരുടെ മനസ്സ്. മെച്ചം=ഉൽകർഷം. ആദ്ധ്യാത്മികദീപം=ആത്മജ്ഞാനമാകുന്ന വിളക്ക്. ആവിഷ്ക്കരിച്ചുള്ളതു്=കണ്ടുപിടിച്ചതു്. മരണം വിശ്രമരൂപമാകയാൽ നിവൃത്തിമാർഗ്ഗതൽപരരായ പൌരസ്ത്യതത്വജ്ഞാനികൾക്കു പക്ഷേ ജീവിതത്തേക്കാൾ പ്രിയതരമായ ഒരവസ്ഥയായും തോന്നിയേക്കാം. തമോരൂപമായ മരണത്തിൽനിന്നുള്ള ഭയത്തെ ഉൻമൂലനംചെയ്യാൻ ആത്മാവു് നിത്യനാണെന്നുള്ള ജ്ഞാനം ഋഷിമാർ കണ്ടുപിടിച്ചു. ആ കണ്ടു പിടിത്തത്തിനു പ്രേരകമായി എന്നുള്ള ഒരു മെച്ചം മരണത്തിനു വിശേഷിച്ചുണ്ടു്.

൫൪൦. ധിഷണേ=തത്വചിന്തേ!. മഹാപുരുഷൻ=മഹാത്മാവായ തിരുമേനി. ഉന്മാദോന്മത്തം=ഏററവും ഉന്മാദാവസ്ഥയെ പ്രാപിച്ചതു്. ശല്യവേദിനി=ശസ്ത്രചികിത്സാഭിജ്ഞ. ശവംശോധിപ്പതു=പ്രേതം അറുത്തു പരിശോധിക്കുംപോലെ മരണത്തെപ്പററി ഗാഢമായി ചിന്തിക്കുന്നതു. ശ്രാന്തപാന്ഥൻ=ജീവിതയാത്രാക്ഷീണം അനുഭവിച്ച ആത്മാവു്. സഭയം=ഭയത്തോടു് (ഭയസംമിശ്രമായ വിനയത്തോടു) ക്രിയ.

൫൪൧) താൻതന്നെ=അവർതന്നെ. മരണത്തിൻെറ സ്വഭാവം മററാരാൾ എത്രതന്നെ പറഞ്ഞാലും ചിന്തിച്ചുനോക്കിയാലും മനസ്സിലാകുന്നതല്ലെന്നു താല്പര്യം. വിവരം=മരണസ്വഭാവവിവരണം. ഭവാൻ=ഞങ്ങളുടെ ആപ്തനും ഇംഗിതജ്ഞനുമായ അവിടുന്ന്. അതു്=അവിടത്തെ ആകഥനം. ഇരുട്ടിൽമൂകകഥ=ഇരുട്ടത്തുനിന്നു മൂകൻ ആംഗ്യങ്ങൾ കാട്ടുന്നതുപോലുള്ളതു്. ലോകാന്തരത്തിലെ ഭാഷയിൽ അവിടുന്നു പൂർവസ്നേഹവാസനാവശനായി ഞങ്ങളെനോക്കി സംസാരിക്കുമെങ്കിലും അതു ഞങ്ങളുടെ കർണ്ണേന്ദ്രിയത്തിലെത്താതായി അവിടത്തെ കഷ്ടിതമുണ്ടാക്കുമല്ലോ എന്നു സാരം. വെമ്പുന്നു=പരിഭ്രമിക്കുന്നു.

Digitized By Kerala Sahitya Akademi

൮൰൨) താന്നാമപുണ്യാക്ഷരം=അവിടത്തെ നാമത്തിൽ അടങ്ങിയ ദിവ്യശക്തിയുള്ള അക്ഷരശ്രേണി. അവിടത്തെ ശരീരം നശിച്ചുപോയപോലെ ജീവൻകൂടി നശിച്ചു എന്നു വന്നാൽതന്നെയും കീർത്തിമയമായ സൌരഭ്യമേറിയ നിസ്തുലജീവിതം അവിടത്തേക്കുണ്ടു്. അതിനു കാലത്താൽ നാശം വരാതിരിക്കത്തക്കവണ്ണം വേണ്ടതു് സ്നേഹനരൂപമായി അസ്മാദൃശന്മാർ അനുഷ്ഠിക്കയും ചെയ്യും എന്നു സാരം.

൮൰൩) അമാർഗ്ഗങ്ങൾ=അബദ്ധവഴികൾ. സൂര്യ്യ=ജ്ഞാനസ്വരൂപമേ! അതിൽ ഇരുട്ടിൽ.

൮൰൪) ഇപ്പുഴു=അല്പജ്ഞനായ ഈ കവി (മിന്നാമിനുങ്ങു) എന്നു സാരം.

൮൰൫) ധർമ്മരഥം=നിയതിചക്രം. ഭാസ്കരൻ=ജ്ഞാനസ്വരൂപനായ ധർമ്മപുരുഷൻ. മഹസ്സിൽ=തേജസ്സിൽ.

൮൰൬) ഇരുട്ടുമൊളിവും=അന്ധകാരം പ്രകാശം മരണം ജനനം ദുഃഖം സുഖം പുണ്യം പാപം ഇത്യാദി ദ്വന്ദ്വങ്ങൾ. ധർമ്മശക്തി=ധർമ്മരൂപിണിയായ അഖണ്ഡമഹാശക്തി. സ്നേഹാരാധകനെ=അഹിംസാനിഷ്ഠനായി സ്നേഹത്തിന്റെ പരമകാഷ്ഠയിൽ കൈവല്യത്തെ ദർശിക്കുന്ന പരമധാർമ്മികനെ. അമൃതം=ക്ഷീരരൂപമായ മോക്ഷാനന്ദം. നിർമ്മോഹാസംഗം=അഹന്താ മമതാ ഭേദജനകമായ മൂലാജ്ഞാനത്തിന്റെ കലർപ്പില്ലാത്തതു്. അഖണ്ഡവിശ്രമസുഖം=അവിച്ഛിന്നപരമാനന്ദാനുഭൂതി. അവൻ=സ്നേഹാരാധകൻ.

൮൰൭) ഏകാന്താഭയശാന്തിദ്വീപിനു=കേവലമായി ജ്ഞാതൃജ്ഞേയഭേദ രക്ഷിതമായിരിക്കുന്ന ശാന്തിസ്ഥാനത്തിനു. സർവ്വദുഃഖ നിവൃത്തിരൂപവും വേദാന്തികൾ "സാകാഷ്ഠാ സാപരാഗതിഃ" എന്നു വർണ്ണിക്കുന്നതുമായ ആത്യന്തികശാന്തിയായ ലക്ഷ്യത്തെ വർണ്ണിച്ചു അതിന്റെ സർവ്വാത്മനാ നമസ്കരിച്ചുകൊണ്ടു ഉപസംഹരിക്കുന്നു.

ശുഭം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വില്പാൻ തയ്യാർ.

## എൻ. കുമാരനാശാൻ അവർകളുടെ കൃതികൾ.

| | ക. | ണ. | പ. |
|---|---|---|---|
| നളിനി | 0 | 6 | 0 |
| ലീല | 0 | 10 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 3 | 0 |
| വീണപൂവ് മൂലംമാത്രം | 0 | 0 | 9 |
| ശ്രീബുദ്ധചരിതം കിളിപ്പാട്ട് | | | |
| ൧-ം ൨-ം ഭാഗങ്ങൾ | 0 | 12 | 0 |
| ടി ൩-ം ൪-ം ഭാഗങ്ങൾ | 0 | 12 | 0 |
| ബാലരാമായണം ബാലകാണ്ഡം | 0 | 4 | 0 |
| രാജയോഗം സമ്പൂർണ്ണം (മുഴുക്കാലിക്കൊ) | 2 | 8 | 0 |
| ടി ഉത്തരഭാഗം | 1 | 4 | 0 |
| ടി പൂർവ്വഭാഗം | 1 | 0 | 0 |
| ഗ്രാമവൃക്ഷത്തിലെ കുയിൽ | 0 | 1 | 6 |

ശാരദാ ബുക്കുഡിപ്പോ,
തിരുവനന്തപുരം.

(അല്ലെങ്കിൽ)

എസ്സ്. ആർ. ബുക്കുഡിപ്പോ,
തിരുവനന്തപുരം.